കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചെർപ്പുളശ്ശേരി നഗരസഭ

## 2017 – 18

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പാലക്കാട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail:-dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി.22-641/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
തീയതി -17.05.2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർ പേഴ്സൺ (സെക്രട്ടറി മുഖേന)

ചെർപ്പുളശ്ശേരി നഗരസഭ

സർ,

വിഷയം : ചെർപ്പുളശ്ശേരി നഗരസഭ - 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെർപ്പുളശ്ശേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭാ കൗൺസിൽ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കൗൺസിൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)).

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ്:-**

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം (ഉപരിപത്ര സഹിതം)
4. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ-പികെഡി22/641/2019 തിയ്യതി: 17.05.2019

# പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ചെർപ്പുളശ്ശേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 17-10-2017 മുതൽ 11-12-2018 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-12-2018 മുതൽ 26-12-2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പി.ജി ബിന്ദു (18.12.18-24.12.18) | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | യു പ്രീത | അസി.ഓഡിറ്റ് ഓഫീസർ |
| | പി. രമാദേവി | അസി.ഓഡിറ്റ് ഓഫീസർ |
| | കെ. പി മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |
| | മുഹമ്മദ് ഹിഷാം | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി. ശ്രീലജ വാഴക്കുന്നത്ത് | 1.4.2017 മുതൽ 31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.സനിൽ.എസ് | 1.4.2017 മുതൽ 1.01.2018 വരെ |
| | ശ്രീമതി. വിജയലക്ഷ്മി. വി | 2.01.2018 മുതൽ 31.03.2018 വരെ |

**(സി) മറ്റ് നിർവ്വഹണാധികാരികൾ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഫീൽഡ് ഓഫീസർ | ശ്രീ രാജൻ. പി | 01.4.2017 മുതൽ 1.08.2017 വരെ |
| | ശ്രീമതി സുമി | 2.08.2017 |

| | | |
|---|---|---|
| | | മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജ്ജൻ | ഡോ.സുധീർബാബു | 01.4.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ബീന സി.എൽ | 01.4.2017 മുതൽ 31.3.2018 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി രമാദേവി. വി | 01.4.2017 മുതൽ 1.01.2018 വരെ |
| | ശ്രീ സുജിത് . എസ് | 2.01.2018മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ- കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | ഡോ.മുഹമ്മദ് ഷെറീഫ് | 01.4.2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | ഡോ. അബ്ദുൾ വഹാബ് | 01-4-2017 മുതൽ 31.3.2018 വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | ഡോ. ഷബാന | 01-4-2017 മുതൽ 31.3.2018 വരെ |
| പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | ശ്രീ. അഗസ്റ്റിൻ ജോസ് | 01-4-2017 മുതൽ 29.07.2017 വരെ |
| | ശ്രീമതി ശോഭ. ടി | 30.07.2017 മുതൽ 31.03.2018 വരെ |
| പ്രിൻസിപ്പാൾ, ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ | ശ്രീ ജയകുമാർ ടി.പി | 01.4.2017 മുതൽ 31.3.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക |
|---|---|---|
| | 1-1 | ബജറ്റ് |
| | 1-2 | വാർഷിക ധനകാര്യപത്രിക |
| | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| | 1-4 | സാമ്പത്തിക വിശകലനം |
| | 1-5 | ഫണ്ട് വിനിയോഗം |
| | 1-6 | |

| | | |
|---|---|---|
| | | പദ്ധതി അവലോകനം |
| | 1-7 | തൊഴിലുറപ്പ് പദ്ധതി |
| | 1-8 | ക്ഷേമ പദ്ധതികൾ |
| | 1-9 | കാഷ് പരിശോധന |
| | 1-10 | ആഭ്യന്തര നിയന്ത്രണം |
| | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | 1-12 | ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത മറ്റ് അപാകതകൾ |
| ഭാഗം 2 | | |
| | 2-1 | ബജറ്റ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| | 2-2 | തൊഴിൽ നികുതി – അപാകതകൾ |
| | 2-3 | അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച് |
| | 2-4 | വിവിധ അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കിയിട്ടില്ല |
| | 2-5 | വാടക വരവ് – അപാകതകൾ |
| | 2-6 | വസ്തു നികുതി പരിഷ്ക്കരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ് |
| | 2-7 | മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോം വില ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കേണ്ടതാണ് |
| ഭാഗം 3 | | |
| | 3-1 | മുനിസിപ്പൽ ഓഫീസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ -തദ്ദേശ സ്ഥാപനത്തിലെ എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| | 3-2 | മുനിസിപ്പൽ ഓഫീസ് സോളാർ പ്ലാന്റ് – കേന്ദ്ര സബ് സിഡി ലഭ്യമാക്കിയില്ല |
| | 3-3 | വാഹനങ്ങളുടെ വിനിയോഗം – കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ 2000(വാഹനങ്ങളുടെ വിനിയോഗവും, പരിപാലനവും) പ്രകാരമായിരിക്കേണ്ടതാണ് |
| | 3-4 | അഡ്വാൻസ് തുകകൾ ക്രമീകരിക്കേണ്ടതാണ് |
| | 3-5 | വിനിയോഗിക്കാത്ത അക്കൗണ്ടുകൾ |

| | | |
|---|---|---|
| | | ക്ലോസ് ചെയ്യേണ്ടതാണ് |
| | 3-6 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ, പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ് |
| | 3-7 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് |
| | 3-8 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി – 916377/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| | 3-9 | തെരുവ് വിളക്ക് സ്ഥാപിക്കൽ – 60010/--രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| | 3-10 | തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ്–ചെലവ് നിയന്ത്രണവിധേയമാക്കേണ്ടതാണ് |
| | 3-11 | തെരുവ് വിളക്ക് – രജിസ്റ്ററുകളുടെ സൂക്ഷിപ്പ് |
| | 3-12 | പൊതുടാപ്പുകളുടെ വെള്ളക്കര കുടിശ്ശിക –7009631/-രൂപയുടെ ബാദ്ധ്യത നിലനിൽക്കുന്നു |
| | 3-13 | ഗുണഭോക്തൃസമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നഗരസഭ ഒടുക്കുന്നതിലൂടെ തനത് ഫണ്ടിന് അധിക ബാദ്ധ്യത |
| | 3-14 | ജലസംരക്ഷണ പദ്ധതികൾക്ക് ഊന്നൽ നൽകേണ്ടതാണ് |
| | 3-15 | സമഗ്ര കുടിവെള്ള പദ്ധതി – പാഴ് ചെലവ് |
| | 3-16 | ചെലവ് രേഖകൾ ലഭ്യമായില്ല – 58145/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| | 3-17 | മിൽക്ക് ഇൻസെന്റീവ് - ക്ഷീര കർഷകർക്ക് ലഭ്യമാക്കിയത് ഉറപ്പുവരുത്തേണ്ടതാണ്. |
| | 3-18 | പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-പൊതുഅവലോകനം |
| | 3-19 | ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല |
| | 3-20 | കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല |
| | 3-21 | ടെണ്ടർ വ്യതിയാനം കുറവു |

| | | |
|---|---|---|
| | | ചെയ്തിട്ടില്ല |
| | 3-22 | വള്ളുവനാട് കൺസ്ട്രക്ഷൻസ് -ആദായനികുതിയിനത്തിൽ കുറവായി അടവാക്കിയ തുക ഈടാക്കേണ്ടതാണ്. |
| | 3-23 | കരാറുകാരൻ സേവനനികുതി തുക അടവാക്കിയ ഒറിജിനൽ രശീതി ഹാജരാക്കിയിട്ടില്ല |
| | 3-24 | SC ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| | 3-25 | പൊളിച്ചുമാറ്റിയ ഉപയോഗയോഗ്യമായ സാധനങ്ങളുടെ വിനിയോഗം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല |
| | 3-26 | ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. |
| | 3-27 | ഇൻസിനറേറ്റർ യാർഡ് - ഇൻസിനറേറ്റർ പുകക്കുഴൽ മാറ്റലും അറ്റകുറ്റപണികളും ചെലവ് പാഴ്ചെലവ് |
| | 3-28 | വർക്ക് ഫയലുകൾ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു |
| | 3-29 | പുതിയ മൃഗാശുപത്രി കെട്ടിടം - വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല |
| | 3-30 | ഗവ.ഹൈസ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. |
| | 3-31 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം- 27470 രൂപ നിരാകരിക്കുന്നു-54940 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. |
| | 3-32 | മഴക്കാല പൂർവ്വ ശുചീകരണം - 2,92,974/- രൂപയുടെ ചെലവ് വിനിയോഗം ലഭ്യമല്ല – തുക തടസ്സപ്പെടുത്തുന്നു |
| | 3-33 | ചെർപ്പുളശ്ശേരി നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനം |
| | 3-34 | അംഗൻ വാടി കേന്ദ്ര വിഹിതം -അംഗൻവാടികളുടെ ഭൗതിക |

| | | |
|---|---|---|
| | | സൗകര്യങ്ങൾ വർധിപ്പിക്കാൻ വിനിയോഗിക്കണം |
| | 3-35 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല |
| | 3-36 | ഭിന്നശേഷിയുള്ളവർക്ക് വിവധ ഉപകരണങ്ങൾ വാങ്ങി നൽകൽ(227/18) |
| | 3-37 | എൻ. യു.എൽ.എം പദ്ധതി - അയൽക്കൂട്ടങ്ങൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ടിന്റെ മോണിട്ടറിങ്ങ് നടത്തേണ്ടതാണ് |
| | 3-38 | ആശ്രയ പദ്ധതി - പ്ലാൻ ഫണ്ട് വിനിയോഗം ഫലപ്രദമല്ല. ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന 15,75,600/- രൂപ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ് |
| | 3-39 | വീടിന് സ്ഥലം വാങ്ങൽ (പട്ടികജാതി)/168/18 (New) പദ്ധതി -ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 | | |
| | 4-1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| | 4-5 | സ്ഥിര നിക്ഷേപം |
| | 4-6 | ഓഡിറ്റ് റിക്കവറി |
| | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം |
| | 4-8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ആസ്തി വികസനത്തിനായി നഗരസഭക്ക് 1 കോടി രൂപ അധിക വരവ് ലഭ്യമായതിനനുസരിച്ച് ബജറ്റ്പുതുക്കുവാൻ 10.11.17ലെ കൗൺസിൽ തീരുമാനമനുസരിച്ച് നഗരസഭാ ഓഫീസ് നവീകരണത്തിനായി 74 ലക്ഷം,

പി.എം.എ.വൈ പദ്ധതിക്കായി 21 ലക്ഷം, അടിസ്ഥാന സൗകര്യവികസനത്തിനായി 5 ലക്ഷം എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സപ്ലിമെന്ററി ബജറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അംഗീകരിച്ച വാർഷിക വികസന പദ്ധതിയും, നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ ഘടക സ്ഥാപനങ്ങളു ടെ പങ്കാളിത്തം എത്രത്തോളമുണ്ടെന്ന് ബന്ധപ്പെട്ട ഫയലുകളുടെ അഭാവത്തിൽ നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല. മുൻവർഷ ത്തെ ബജറ്റിൽ നിന്ന് നിശ്ചിത ശതമാനം കൂട്ടിയാണ് നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 18.08.2018 | - | - |

കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് - 1994 വകുപ്പ് 9, ഉപവകുപ്പ് (1) പ്രകാരം ഒരു തദ്ദേശ സ്ഥാപനത്തിന്റെ വാർഷിക കണക്കുകൾ ആ സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. വാർഷിക കണക്ക് സമർപ്പണത്തിൽ മേൽ സമയപരിധി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 16.08.2018 | KSA- PKD-21/2003/2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15588679 |
| വരവ് | 129493201 |
| ആകെ | 145081880 |
| ചെലവ് | 115339580 |
| നീക്കിയിരിപ്പ് | 29742300 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 23680000 | 23680000 | 22874686 | 805314 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 13239000 | 13239000 | 10971302 | 2267698 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 15706000 | 15706000 | 13673957 | 2032043 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3286000 | 3286000 | 2368984 | 917016 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 6866000 | 6866000 | 5488540 | 1377460 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 400000 | 0 | 400000 | 399877 | 123 |

| | | | | | | |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | എൻ.യു.എൽ.എം | 3830100 | 679032 | 4509132 | 3971472 | 537660 |
| | എ.യു.ഇ.ജി.എസ് | 0 | 5000000 | 5000000 | 0 | 5000000 |
| | സ്വച്ഛ് ഭാരത് മിഷൻ | 900298 | 221500 | 1121798 | 38090 | 1083708 |
| പി.എം.എ.വൈ(കേന്ദ്ര ഫണ്ട് + സംസ്ഥാനാവിഷ്കൃത ഫണ്ട് + യു.എൽ.ബി വിഹിതം) | | | 34430000 | 34430000 | 24200000 | 10230000 |
| ബി ഫണ്ട് | | 0 | 57511500 | 57511500 | 57511500 | 0 |
| തനത് ഫണ്ട് - ബാങ്ക് അക്കൗണ്ട്-SBI<br>SBI A/C - 36177344502 | | 2927653 | 14198346 | 17125999 | 17046286 | 79713 |
| തനത് ഫണ്ട് - ബാങ്ക് അക്കൗണ്ട്- PNB<br>PNB A/c - 4264000100085855 | | 0 | 10671523 | 10671523 | 2630049 | 8041474 |
| ജനറൽ പർപ്പസ് ഗ്രാന്റ് - ട്രഷറി അക്കൗണ്ട് | | 1514147 | 12116170 | 13630317 | 10854424 | 2775893 |
| മറ്റിനം | | 6416481 | 1967929 | 8384410 | 6390558 | 1993852 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 334 | 99786951 | 234 | 63963162 | 65 | 100 | 51 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരം നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 3202500 | 2832302 | 88 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 2432000 | 1475722 | 61 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 5 | 5 | 1031700 | 971726 | 94 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 250000 | 249700 | 99 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 3 | 3 | 929413 | 926799 | 99 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 4745600 | 4258130 | 90 |
| പ്രിൻസിപ്പാൾ, ജി.വി.എച്ച്.എസ്.എസ് | 6 | 6 | 2519643 | 2310041 | 92 |
| അസി.എഞ്ചിനീയർ | 245 | 159 | 45839751 | 21728005 | 47 |

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി | 55 | 41 | 38655559 | 29171037 | 75 |
| **ആകെ** | **334** | **234** | **99606166** | **63923462** | **64.00** |

ആകെ വകയിരുത്തിയ തുകയുടെ 64% ആണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. നടപ്പാക്കാത്ത 100 പദ്ധതികളിൽ 50 എണ്ണം സ്പിൽ ഓവറും, 50 എണ്ണം തൻവർഷത്തെ പദ്ധതികളുമാണ്. ഫണ്ട് ലഭ്യത, സ്ഥല ലഭ്യത എന്നിവയുടെ അഭാവവും നിർവ്വഹണ കലണ്ടറിനനുസൃതമായി സമയക്രമം സ്വീകരിക്കാതിരിക്കൽ എന്നിവ മൂലവും പല പദ്ധതികളും ഉപേക്ഷിക്കപ്പെടാനിടയാകുകയും പൂർത്തീകരണം നീണ്ടു പോകാനിടയാവുകയും ചെയ്തിട്ടുണ്ട്.

പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും ആസൂത്രണ സമിതിയുടെയും, സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഇടപെടൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. ആസൂത്രണ സമിതി**

സ.ഉ(എം.എസ്)നം. 10/17/തസ്വഭവ തിയതി 09-01-2017 പ്രകാരം പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കാനായി ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുവാനും ആസൂത്രണത്തിന് ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തുവാൻ ഭരണസമിതിയെ ആസൂത്രണ സമിതി സഹായിക്കേണ്ടതുണ്ട്. പ്രസിഡണ്ട് അധ്യക്ഷനും സെക്രട്ടറി കൺവീനറും ഒരു വിദഗ്ദൻ ഉപാധ്യക്ഷനുമായി 12 ൽ കുറയാത്ത അംഗങ്ങളുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്. നഗരസഭയിൽ ആസൂത്രണ സമിതി രൂപീകരിച്ചതിന്റെ രേഖകളോ, യോഗ നടപടിക്രമങ്ങളുടെ മിനുട്സോ ഓഡിറ്റിന് ലഭ്യമായില്ല.

**2. വർക്കിംഗ് ഗ്രൂപ്പുകൾ**

അനിവാര്യമായി രൂപീകരിക്കേണ്ട 13 വർക്കിംഗ് ഗ്രൂപ്പുകൾ നഗരസഭയിൽ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മിനിറ്റ്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 3 അല്ലെങ്കിൽ 4 യോഗങ്ങൾ വീതം ചേർന്നിട്ടുള്ളതായി കണ്ടു. പല വർക്കിങ്ങ് ഗ്രൂപ്പുകളിലും യോഗതീരുമാനങ്ങൾ രേഖപ്പെടുത്തി മിനുട്സുകൾ ക്ലോസ് ചെയ്യുന്നില്ല.

ആവശ്യമായ പദ്ധതികളുടെ പട്ടിക മാത്രമാണ് മിനുട്സുകളിൽ ചേർത്തിട്ടുള്ളത്. മുൻപ് നടപ്പിലാക്കിയ പദ്ധതികളുടെ വിലയിരുത്തൽ, പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിട്ടറിങ്ങ് എന്നിവ മിനുട്സുകളിൽ ഉൾപ്പെടുത്തുന്നില്ല.അതാത് പദ്ധതി ഫയലുകളിലും മോണിട്ടറിങ്ങ് റിപ്പോർട്ട് ഇല്ല. ഓരോ വർക്കിങ്ങ് ഗ്രൂപ്പും മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്.

വിവിധ മേഖലകളിലെ അടിസ്ഥാന വിവരങ്ങൾ അടങ്ങുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ അതാത് വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കി അംഗീകരിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിന് സഹായകമാകും വിധം ഓരോ മേഖലയിലെയും അടിസ്ഥാന വിവരങ്ങൾ അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾ തയ്യാറാക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം (സ.ഉ (എം.എസ് ) 79/2017/ത.സ്വ.ഭ.വ തീയതി 03.04.2017 പ്രകാരം)

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഓരോ മാസത്തെയും വരവ് - ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബജറ്റ് അംഗീകരിച്ച് കൊണ്ടുള്ള തീരുമാനമെടുക്കുന്നുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ മിനുട്സിൽ ഉൾപ്പെടുത്തുന്നില്ല. വസ്തു നികുതി പരിഷ്കരണം പുതുക്കിയ നിരക്ക് ഏർപ്പെടുത്തുന്നതിനും, ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്നുള്ള പ്രധാന ആവർത്തന ചെലവുകളായ കുടിവെള്ളം, തെരുവ് വിളക്ക് സംബന്ധിച്ച ചെലവുകൾ നിയന്ത്രിക്കുന്നതിനും, പൊതുടാപ്പുകളുടെ ഭീമമായ കുടിശ്ശിക ഒടുക്കുന്നതിനും പ്രത്യേക തീരുമാനങ്ങളൊന്നും തന്നെ എടുത്തിട്ടില്ല.

- വികസന കാര്യം

- വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിട്ടറിങ്ങ് തുടങ്ങിയ വിവിധ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരുമായി ചർച്ചകൾ നടത്തുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായോ ചെയ്തുകാണുന്നില്ല. പദ്ധതികൾ മുടങ്ങിപ്പോകാത്തവിധം ആവശ്യമായ ഭൗതിക സാഹചര്യം,ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചിട്ടില്ല.

- ക്ഷേമകാര്യം

ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്ന ചുമതല മാത്രമാണ് കമ്മറ്റി നിർവ്വഹിച്ചിട്ടുള്ളത്. ആശ്രയ, പാർപ്പിടം, ദാരിദ്ര്യ ലഘൂകരണ പദ്ധതികൾ തുടങ്ങിയ പ്രധാന ക്ഷേമ പദ്ധതികളുടെ മുൻകാലനിർവ്വഹണത്തിന്റെ വിലയിരുത്തൽ, ആയതിന്റെ അടിസ്ഥാനത്തിൽ തൻവർഷത്തെ ആസൂത്രണം, നിർവ്വഹണം, സമയബന്ധിതമായ പൂർത്തീകരണം എന്നിവ സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും മിനുട്സിൽ ഇല്ല.

സമഗ്ര പാർപ്പിട പദ്ധതിയായ പി.എം.എ.വൈ, സംസ്ഥാനാവിഷ്കൃത പദ്ധതിയായ അഗതി രഹിത കേരളം, കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.യു.എൽ.എം പോലുള്ള ദാരിദ്ര്യ ലഘൂകരണ പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം, മോണിട്ടറിങ്ങ് തുടങ്ങിയവയിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

ആരോഗ്യം/ ശുചിത്വം സ്റ്റാന്റിംഗ് കമ്മിറ്റി

ആവശ്യമായ പദ്ധതികളുടെ പട്ടിക മാത്രമാണ് മിനട്സുകളിൽ ചേർത്തിട്ടുള്ളത്. മുൻപ് നടപ്പിലാക്കിയ പദ്ധതികളുടെ വിലയിരുത്തൽ, പദ്ധതി നിർവ്വഹണം സംബന്ധിച്ച മോണിട്ടറിങ്ങ് എന്നിവ മിനട്സുകളിൽ ഉൾപ്പെടുത്തുന്നില്ല. വാർഡ് തല ശുചീകരണം, മാലിന്യപരിപാലനം, പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിയന്ത്രിത ഉപയോഗം, അറവുശാല ശുചീകരണം, അയ്യങ്കാളി പദ്ധതി ഹരിത കേരള മിഷനുമായി ഏകോപിപ്പിച്ച് നടപ്പിലാക്കൽ എന്നീ മേഖലകളിൽ പ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. ആയതിന്റെ ഫലപ്രദമായ ആസൂത്രണവും, നിർവ്വഹണവും കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി

2017-18 പൊതുമരാമത്ത് വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. 2016 കേരള സംസ്ഥാന നഗരാസൂത്രണ നിയമം സെക്ഷൻ 32 പ്രകാരം നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഒരു സ്പെഷ്യൽ കമ്മിറ്റിക്ക് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 22.01.2018 ന് അംഗീകാരം നൽകിയിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾ 31.05.2017 നകം പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക വർഷം ആകെ 245 പ്രവർത്തികളിൽ നടപ്പിലാക്കാത്ത 86 എണ്ണത്തിൽ 57 പ്രവർത്തികളും സ്പിൽ ഓവർ ആണ്. ആസ്തി രജിസ്റ്റർ കാലികമാക്കൽ, ആസ്തി പരിപാലന പട്ടിക, തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പ്രവർത്തന ക്ഷമമായ പൊതുടാപ്പുകളുടെ രജിസ്റ്റർ തയ്യാറാക്കൽ, തെരുവ് വിളക്ക്, പൊതുടാപ്പുകളുടെ സംയുക്ത പരിശോധന തുടങ്ങിയവ കുടിവെള്ള/ ഊർജ്ജ മേഖലയിലെ വർക്കിങ്ങ് ഗ്രൂപ്പുമായി ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് ശ്രമിച്ചിട്ടില്ല.

വിദ്യാഭ്യാസം/കലാകായിക സ്റ്റാന്റിംഗ് കമ്മിറ്റി

ബന്ധപ്പെട്ട മേഖലയിൽ തൻവർഷത്തെ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ചാണ് യോഗതീരുമാനങ്ങൾ എടുത്തിട്ടുള്ളത്. മുൻകാല പ്രൊജക്ടുകളിലെ നേട്ട/കോട്ടങ്ങൾ വിലയിരുത്തപ്പെട്ടിട്ടില്ല. ആയത് വിലയിരുത്തി തുടർ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

# 1-7 തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 0 | 5000000 | 5000000 | 0 | 5000000 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24600 | 71 |
| കർഷകതൊഴിലാളി പെൻഷൻ | 8006200 | 2825 |
| വിധവാപെൻഷൻ | 16160900 | 5315 |
| വാർദ്ധക്യകാലപെൻഷൻ | 26703500 | 7675 |
| വികലാംഗപെൻഷൻ | 4450800 | 1417 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2135500 | 706 |

# 1-9 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള കാഷ് ബാലൻസ് പരിശോധന 15.12.2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 117560/-രൂപ കാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

2015/നവംബറിൽ നഗരസഭ രൂപീകൃതമാകുമ്പോൾ പഞ്ചായത്തിൽ നിന്ന് മുഴുവൻ രേഖകളും കൈമാറിക്കിട്ടിയിട്ടില്ല. ആയത് സംബന്ധിച്ച് നഗരസഭ തുടർനടപടികൾ സ്വീകരിച്ചതിന്റെ ഫയൽ പരിശോധനക്ക് ലഭ്യമായില്ല.

രജിസ്റ്ററുകളുടെയും, രേഖകളുടെയും സൂക്ഷിപ്പ്

1. ഫയലുകളുടെ സൂക്ഷിപ്പ്

തനത് ഫണ്ട് വൗച്ചറുകൾ ബിൽ രജിസ്റ്ററനുസരിച്ച് ക്രമത്തിൽ സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളിൽ കൗൺസിൽ തീരുമാനം, പർച്ചേസ് സംബന്ധിച്ച വൗച്ചറുകളിൽ സ്റ്റോക്ക് വിവരങ്ങൾ തുടങ്ങിയവ ചേർക്കുന്നില്ല. പദ്ധതികളുടെ ഫയലുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. ഉദാ: ലഭ്യമായ ടെണ്ടറുകൾ, ടാബുലേഷൻ സ്റ്റേറ്റ്മെന്റുകൾ, പർച്ചേസ് ബില്ലുകൾ , സാക്ഷ്യപത്രങ്ങൾ തുടങ്ങിയ രേഖകൾ

2. ഇൻകുമ്പൻസി രജിസ്റ്റർ

ഘടകസ്ഥാപനങ്ങളിലെ നിർവ്വഹണോദ്യോഗസ്ഥരുടെ സ്ഥിര/ഔദ്യോഗിക മേൽവിലാസം ഇൻകുമ്പൻസി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3. ആവർത്തന ചെലവുകളുടെ കണ്ടിജന്റ് രജിസ്റ്റർ

പ്രധാനപ്പെട്ട ആവർത്തന ചെലവുകളായ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ്, കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ്, ഘടകസ്ഥാപനങ്ങളുടെ ചെലവുകൾ എന്നിവ ഉൾക്കൊള്ളുന്ന കണ്ടിജന്റ് രജിസ്റ്റർ തയ്യാറാക്കയിട്ടില്ല.

4. ജി.ഒ (എം.എസ്)നം.170/07/ത.സ്വ.ഭ.വ തീ.30.06.07 പ്രകാരം വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്കുകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ഇതര രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

5. ആസ്തിസംരക്ഷണം
ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. നഗരസഭ പഞ്ചായത്തായിരുന്ന കാലയളവിലെ ആസ്തി രജിസ്റ്റർ ഡിജിറ്റലായാണ് സൂക്ഷച്ചിട്ടുള്ളത്. 2015/ഏപ്രിലിനു ശേഷമുള്ള ആസ്തി വിവരങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. നഗരസഭാ രൂപീകരണ വേളയിൽ സമീപ പഞ്ചായത്തായ തൃക്കടീരി ഗ്രാമപഞ്ചായത്തിന്റെ വാർഡ് 14, 15, 16 എന്നിവ നഗരസഭയോട് കൂട്ടിചേർത്തിട്ടുണ്ട്. പ്രസ്തുത വാർഡുകളിലെ ആസ്തി വിവരങ്ങൾ ഇതുവരെ നഗരസഭയുടെ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല. സാംഖ്യാ സോഫ്റ്റ്‌വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് നഗരസഭയുടെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

6. ആസ്തി പരിപാലന പട്ടിക -ജി.ഒ(എം.എസ്)നം.362/2013 ത.സ്വ.ഭ.വ 16.11.2013 (12-ാം പദ്ധതി)ൽ അനുശാസിക്കും പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപന മേധാവികളിൽ നിന്നും, നഗരസഭാ സെക്രട്ടറിയിൽ നിന്നും പ്രൊജക്ട് നിർദ്ദേശങ്ങൾ സ്വരൂപിച്ച് ആസ്തി സംരക്ഷണ പരിപാലന പദ്ധതി രൂപീകരിച്ചിട്ടില്ല. ആസ്തി വിവരങ്ങൾ കാലികമാക്കുന്നതിനോടൊപ്പം മുൻഗണനാ ക്രമമനുസരിച്ച് ആസ്തി ഇൻഡക്സ് നമ്പർ നൽകി ആസ്തി പരിപാലന പട്ടിക തയ്യാറാക്കേണ്ടതാണ്.

7. പൊതുടാപ്പുകളുടെ രജിസ്റ്റർ, തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, തെരുവ് വിളക്ക് സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

8. പൊതുമരാമത്ത് പ്രവർത്തികൾ സംബന്ധിച്ച് താഴെ പറയുന്ന രേഖകൾ തയ്യാറാക്കിയിട്ടില്ല.

കാഷ് ബുക്ക്

റോഡ് രജിസ്റ്റർ

വർക്ക് ബിൽ രജിസ്റ്റർ

എം-ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ

പെർഫോമൻസ് ഗ്യാരണ്ടി രജിസ്റ്റർ

ടെണ്ടർ ഫോം രജിസ്റ്റർ

എഗ്രിമെന്റ് രജിസ്റ്ററിൽ കരാർ തീയതി, കൗൺസിൽ തീരുമാനം തുടങ്ങിയവ രേഖപ്പെടുത്തുന്നില്ല. വർക്ക് ഫയലുകളിൽ സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകൾ ഇല്ല. ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹിച്ച പദ്ധതി ഫയലുകളിൽ ആവശ്യമായ രേഖകൾ ഇല്ല.

9. നഗരസഭാ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ മുഖേന ചുമതലകൾ വിഭജിച്ചു നൽകിയിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് സംവിധാനം - കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഫ്രണ്ട് ഓഫീസ് ഡയറി പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

10. വരവിനങ്ങളുടെ താഴെ പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1. തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ

2. ട്രേഡേഴ്സ് ലിസ്റ്റ്

3. അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്റർ

വസ്തു നികുതി കുടിശ്ശിക – സഞ്ചയ സോഫ്റ്റ്വെയറും, സാംഖ്യയിലെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

11. പ്രൊക്യൂർമെന്റ് കമ്മിറ്റി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010 പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം കമ്മിറ്റി ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. വിവിധ പർച്ചേസുകളിലെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകൾ പ്രസ്തുത യോഗത്തിൽ അംഗീകരിച്ചിട്ടുണ്ട്. സാമഗ്രികളുടെ ഗുണനിലവാരം പ്രൊക്യൂർമെന്റ് ടീം ഉറപ്പാക്കിയതായി മിനുട്സിൽ രേഖപ്പെടുത്തലുകളില്ല. മേൽ ഉത്തരവനുസരിച്ച് സാമഗ്രികളുടെ വാർഷിക ആവശ്യകത കണക്കാക്കി സമഗ്രമായ ഒരു സമാഹരണ പദ്ധതി പ്രൊക്യൂർമെന്റ് ടീം തയ്യാറാക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് ടീം ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | നഗരസഭ രൂപീകരിച്ചതിനു ശേഷം പെർഫോമൻസ് ഓഡിറ്റ് നടത്തിയിട്ടില്ല. | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.11.2018 | 2013-14 മുതൽ 2017-18 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ (ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

1. ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2017-18 സാമ്പത്തിക വർഷത്തെ ഡെപ്പോസിറ്റുകൾ ഇനം തിരിച്ച് രേഖപ്പെടുത്തി വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരമുള്ള ആകെ ഡെപ്പോസിറ്റ് നീക്കിയിരുപ്പായ 2207667/- രൂപയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ-285 മുതൽ 293 വരെയുള്ള വകുപ്പുകൾ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ്-പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനുവരി 15-നു മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.
2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് തയ്യാറാക്കേണ്ടതും കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ കൗൺസിലിന്റെ അംഗീകാരത്തിന് വെയ്ക്കേണ്ടതുമാണ്.
3. മുനിസിപ്പൽ കൗൺസിൽ ആവ്ശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31 നു മുമ്പായി ബജറ്റ് പാസാക്കിയിരിക്കണം.

എന്നാൽ ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റിയിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കപ്പെട്ടിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിറ്റ്സ്, വിവിധ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകൾ എന്നിവ പരിശോധിച്ചപ്പോൾ 24.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിലെ തീരുമാനം.2 ആയി '2017-18 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കി 27.3.2017ന് കൗൺസിൽ യോഗത്തിൽ

അവതരിപ്പിക്കുന്നതിന് തീരുമാനിച്ചു.' എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതൊഴികെ ബജറ്റ് എസ്റ്റിമേറ്റിനെക്കുറിച്ചോ, മറ്റോ യാതൊന്നും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

ഭരണസമിതിയുടെ 25.3.2017 തിയതിയിലെ ബജറ്റ് ചർച്ചക്ക് ശേഷം 27.3.2017 ഭരണസമിതി തീരുമാനം 1(1) പ്രകാരം ബജറ്റ് പാസാക്കിയതായും ഭരണസമിതി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ബജറ്റിന്റെ പ്രിന്റ് ചെയ്ത പകർപ്പൊഴികെ ബജറ്റിന്റെ നടപടിക്രമങ്ങൾ യാഥാവിധി ചെയ്തതായുള്ള യാതൊരു രേഖകളോ ബജറ്റ് ഫയലോ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. 10.11.2017ലെ ഭരണ സമിതി തീരുമാനം 1 പ്രകാരം സപ്ലിമെന്ററി ബജറ്റ് തയ്യാറാക്കിയതിന്റെ പ്രിന്റ് ഹാജരാക്കിയിട്ടുമില്ല. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർത്തിട്ടുള്ളതായോ, സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതായോ നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തതായി കാണുന്നില്ല. അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ചാണോ കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും വ്യക്തമല്ല. തദ്ദേശ സ്ഥാപനത്തിന്റെ ചെലവുകൾക്കുള്ള അടിസ്ഥാന അനുമതിയായ ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ടു മാത്രമേ പാസാക്കപ്പെടുന്നുള്ളൂ എന്ന് ധനകാര്യ സ്ററാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിവ് -അപാകതകൾ

ചെർപ്പുളശ്ശേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ,ഫയലുകൾ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.സ്ഥാപനരജിസ്റ്റർ സൂക്ഷിക്കുന്നത് സംബന്ധിച്ച്

ചെർപ്പുളശ്ശേരി നഗരസഭയുടെ പരിധിയിൽ പ്രർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് സഹായിക്കുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.നഗരസഭയുടെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെ പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ എല്ലാ വാണിജ്യ സ്ഥാപനങ്ങളും/ഇതര സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.നിലവിൽ തൊഴിൽ നികുതി അടവാക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് മാത്രമാണ് സ്ഥാപനരജിസ്റ്റർ എന്ന നിലക്ക് സൂക്ഷിച്ച് വരുന്നത്.

2.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭയുടെ പരിധിയിലെ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| HDFC ബാങ്ക് | ഒന്നാം അർദ്ധവർഷം |
| മാങ്ങോട് സർവീസ് സഹകരണ ബാങ്ക് F.1161 | ഒന്ന്,രണ്ട് അർദ്ധ വർഷങ്ങൾ |
| ബാങ്ക് ഓഫ് ബറോഡ | ഒന്ന്,രണ്ട് അർദ്ധ വർഷങ്ങൾ |
| BRD സെക്യൂരിറ്റീസ് ലിമിറ്റഡ് | ഒന്ന്,രണ്ട് അർദ്ധ വർഷങ്ങൾ |
| ചക്രവർത്തി ധനസുരക്ഷാ ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം |
| KPM ഗ്രാനൈറ്റ് ഇൻഡസ്ട്രീസ് | രണ്ടാം അർദ്ധവർഷം |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | ഒന്നാം അർദ്ധവർഷം |

3. തൊഴിൽനികുതി (ജീവനക്കാർ) കുറവായി ഈടാക്കിയത്

ചെർപ്പുളശ്ശേരി നഗരസഭയിലെ താത്ക്കാലിക ജീവനക്കാരിൽ നിന്നും 2017-18 രണ്ടാം അർദ്ധവർഷത്തിലെ തൊഴിൽ നികുതി ചുവടെ ചേർക്കുന്ന പ്രകാരം കുറവായാണ് ഈടാക്കിയത്.

| ക്രമ നം. | പേര് | അർദ്ധ വാർഷിക വരുമാനം | ബാധകമായ തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|
| 3 | ഉഷാദേവി | 84893 | 750 | 600 | 150 |
| 4 | മുഹമ്മദ് ബഷീർ (ഡ്രൈവർ) | 114420 | 1000 | 600 | 400 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 5 | ഉഷാദേവി കെ. | 64608 | 600 | 450 | 150 |
| 8 | മുഹമ്മദ് റഫീഖ് | 114787 | 1000 | 750 | 250 |

4.തൊഴിൽനികുതി രജിസ്റ്ററിൽ ആകെ ഡിമാന്റ്, ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

5. തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ ഫയൽ സൂക്ഷിച്ചിട്ടില്ല.

6. നഗരസഭ പരിധിയിൽ പ്രവർത്തി എടുക്കുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങിയവരിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

7. നഗരസഭ പരിധിയിൽ പ്രവർത്തി എടുക്കുന്ന അംഗീകൃത കരാറുകാരിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 3(10) പ്രകാരം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് വേളയിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.3/13.12.2018), മേൽ ചൂണ്ടിക്കാണിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കാമെന്നും തൊഴിൽ നികുതി കുറവായി ഈടാക്കിയ സംഗതികളിൽ കുറവ് വന്ന തൊഴിൽ നികുതി ഈടാക്കാമെന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. നഗരസഭയിൽ ബിൽ കളക്ടർമാർ ഇല്ലാത്തതിനാൽ പഞ്ചായത്തിലുണ്ടായിരുന്നത് പോലെ ഡി&ഒ രജിസ്റ്ററിൽ നിന്നും ലഭ്യമായവരുടെ ലിസ്റ്റുണ്ടാക്കി ടിയാളുകളിൽ നിന്നും മുൻകാലങ്ങളിലെ പോലെ തൊഴിൽ നികുതി ഈടാക്കി വരികയാണ്, ഫീൽഡിൽ പോയി അസസ്മെന്റ് ലിസ്റ്റുണ്ടാക്കി ഡിമാന്റ് കൃത്യമായി ലഭ്യമാക്കിയിട്ടില്ല ആയതിനാൽ ബാലൻസും കൃത്യമായിട്ടില്ല കൃത്യമായ ഡിമാന്റ് ലഭ്യമാക്കാനുള്ള നടപടികൾ നിലവിൽ സ്വീകരിച്ച് വരുന്നുണ്ട് എന്ന മറുപടിയാണ് അത് സംബന്ധിച്ച് നൽകിയിട്ടുള്ളത്. ഡോക്ടർമാർ, വൈദ്യന്മാർ, അംഗീകൃത കരാറുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടിയായി ബോധിപ്പിച്ചിട്ടുണ്ട്. അപാകതകൾ എത്രയും വേഗത്തിൽ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 2-3 അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച്

നഗരസഭാ പരിധിയിലെ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച് നഗരസഭയുടെ പക്കൽ യാതൊരുവിധ വിവരങ്ങളും രേഖകളും ലഭ്യമല്ല.വിഷയം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങളുടെ മിനിറ്റ്സ് പരിശോധിച്ചപ്പോൾ കണക്കുകൾ-രേഖകൾ തയ്യാറാക്കൽ ,ജനസേവനം കാര്യക്ഷമമാക്കൽ വർക്കിംഗ് ഗ്രൂപ്പിന്റെ 17.04.2017 തിയതിയിലെ യോഗത്തിലെ നിർദ്ദേശം നമ്പർ 5 ആയി 'നഗരസഭാ പരിധിയിലെ അനധികൃത കെട്ടിടങ്ങൾ മുഴുവൻ സർവേ നടത്തി കണ്ടെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണം' എന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടു.എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 2017-18 വർഷത്തെ മിനിറ്റ്സ് പരിശോധിച്ചപ്പോൾ ഇത് സംബന്ധിച്ച് കൈകൊള്ളേണ്ട യാതൊരു തീരുമാനവും കൈകൊണ്ടിട്ടില്ല എന്ന് കണ്ടെത്തി.

2. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും )ചട്ടങ്ങളിലെ ചട്ടം 20പ്രകാരമുള്ള ഫാറം 10 രജിസ്റ്ററിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി രജിസ്റ്ററിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ് എങ്കിലും ആയത് ചെയ്തിട്ടില്ല .

3. 2017-18 വർഷ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ ക്രമ നമ്പർ 405 പ്രകാരം B4-3313/17 തി.5.4.17 ഫയലായി നാസിയ W/O ഷാജഹാൻ എന്ന വ്യക്തി കൊമേഴ്സ്യൽ കെട്ടിടം ക്രമവത്ക്കരിക്കാൻ അപേക്ഷിച്ചിരുന്നു.റീ സർവേ നമ്പർ 244/2 ഉൾപ്പെട്ട സ്ഥലം നിലമാണെന്നാണ് ചെർപ്പുളശ്ശേരി വില്ലേജിൽ നിന്നും നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് .പ്രസ്തുത കൊമേഴ്സ്യൽ കെട്ടിടം,ഉൾപ്പെട്ട സ്ഥലം നിലമായതിനാൽ ക്രമവത്ക്കരിക്കാൻ കഴിയാത്ത അനധികൃത നിർമ്മാണമാണ്.ആയത് മേൽ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

4. നഗരസഭാ പരിധിയിലെ ഇത്തരത്തിലുള്ള അനധികൃത നിർമ്മാണങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്താനും നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുന്നവയ്ക്ക് 'യു.എ.'നമ്പർ നൽകി അവയിൽ നിന്നും വസ്തു നികുതി ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

5.1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -ചട്ടം18 പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

6.1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 130 പ്രകാരം വാർത്താവിനിമയ ഗോപുരങ്ങൾ നിർമ്മിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ മാറ്റങ്ങൾ വരുത്തുന്നതിനോ മുൻപ് സെക്രട്ടറിയിൽ നിന്ന് ഓരോന്നിനും പ്രത്യേകം പെർമിറ്റ് ലഭ്യമാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999, ചട്ടം 143 പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കുവാൻ കഴിയാത്ത നിർമ്മാണങ്ങളുടെ കാര്യത്തിൽ 15.02.2018 തിയ്യതിയിലെ സ.ഉ(അ)നം. 11/2018/തസ്വഭവ (എസ്.ആർ.ഒ നം 95/2018) പ്രകാരം നിലവിൽ വന്ന കേരള മുനിസിപ്പാലിറ്റി കെട്ടിടങ്ങൾ (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽകരണം) ചട്ടങ്ങൾ, 2018 പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷാ ഫീസ് 7000/- രൂപയും കോമ്പൗണ്ടിങ്ങ് ഫീസ് 150000/-

രൂപയുമാണ്. സ്ഥാപന പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ കണ്ടത്തുന്നതിന് സ്പെഷ്യൽ ഡ്രൈവ് നടത്തി , സ്ഥാപന പരിധിയിലെ മുഴുവൻ മൊബൈൽ ടവറുകളിൽ നിന്നും പെർമിറ്റ്ഫീസും (പെർമിറ്റ് എടുക്കാതെ അനധികൃതമായി പ്രവർത്തിക്കുന്നവയിൽ നിന്നും),കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതിയും ഈടാക്കുന്നതിന് 19.10.2014 ലെ 40395/RC2/2014 LSGD സർക്കുലർ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/22.12.2018) മറുപടി നൽകിയിട്ടില്ല. 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും)ചട്ടങ്ങളിലെ ചട്ടം 20 അനുസരിച്ച് ഫാറം 10 പ്രകാരമുള്ള അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതും ബാധകമായവയിൽ നിന്നും വസ്തുനികുതിയും പെർമിറ്റ് ഫീസും ഈടാക്കേണ്ടതുമാണ്.

# 2-4 അക്കൗണ്ടുകൾ സംബന്ധിച്ച പൊരുത്തപ്പെടുത്തൽ നടത്തി പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2007 -ചട്ടം 53 പ്രകാരം ബാങ്ക്/ട്രഷറി ബുക്കുകൾ അവയുടെ ബാങ്ക്/ട്രഷറി സ്റ്റേറ്റ്മെന്റുകളുമായി മാസാവസാനത്തിൽ പൊരുത്തപ്പെടുത്തി പൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.എന്നാൽ നഗരസഭയിൽ 2018 ഏപ്രിൽ മുതൽ ഇത്തരത്തിലുള്ള പൊരുത്തപ്പെടുത്തൽ നടത്തി പത്രിക തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.16/20.12.2018) അക്കൗണ്ടിംഗ് സംബന്ധിച്ച് ട്രെയിനിംഗ് ലഭിച്ച ജീവനക്കാർ സ്ഥലം മാറിപോയതിനാലും നിലവിൽ അക്കൗണ്ട്സ് സെക്ഷൻ ചുമതല വഹിക്കുന്നവർക്ക് മുൻപരിചയമോ ടി വിഷയത്തിൽ ട്രെയിനിംഗോ ലഭിച്ചവരല്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.എത്രയും വേഗം റീ കൺസിലിയേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തീകരിക്കുന്നതാണ് എന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്.കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള അക്കൗണ്ട്സ് സംബന്ധിച്ച എല്ലാ നടപടികളും കൃത്യമാക്കി രേഖകൾ സൂക്ഷിക്കേണ്ടതാണ്.

# 2-5 വാടക വരവ്-അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ വാടക വരവുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വാടക ഇനത്തിൽ ഭീമമായ കുടിശ്ശിക

2017-18 വാടക വരവ് രജിസ്റ്റർ പ്രകാരം നഗരസഭ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള തൻവർഷത്തെ വാടക ഇനത്തിൽ 481998/- രൂപ കുടിശ്ശിക നിലനിൽക്കുന്നുണ്ട്.വിവരങ്ങൾ താഴെ ചേർക്കുന്നു.

| വാടക മുറി/ കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | 2017-18 വർഷത്തെ കുടിശ്ശിക |
|---|---|---|
| 14/502 | അബൂബക്കർ,ചേരമ്പറ്റ | 46503 |
| 14/503 | ശശികുമാർ,വട്ടോളി | 37125 |
| 13/1084, 13/1087 to 1094 | ശാന്തകുമാരൻ,വെള്ളാലത്ത്, ചളവറ-G-TECH | 3,78,420 |
| 14/537 | നിർമ്മല കോലത്തൊടി | 19950 |

തൻവർഷ വാടക കുടിശ്ശികയായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുക 308668/- രൂപ എന്നാണ്. രജിസ്റ്ററിലും വാർഷിക കണക്കിലും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

2. മുൻ വർഷങ്ങളിലെ വാടക കുടിശ്ശികയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം മുൻ വർഷങ്ങളിലെ കുടിശ്ശിക ഇനത്തിൽ 2017-18 സാമ്പത്തിക വർഷാവസാനത്തിലും 251629/-രൂപ പിരിച്ചെടുക്കാൻ ബാക്കിയായി നിലനിൽക്കുന്നുണ്ട്.

3. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 567-ാം വകുപ്പ് പ്രകാരം നഗരസഭ വാടക സംബന്ധിച്ച ഒരു ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31//24.12.2018) വാടക സംബന്ധിച്ച് രജിസ്റ്ററും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസത്തിന് പരിശോധിച്ച ശേഷം മറുപടി നൽകുന്നതാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

വാടക കുടിശ്ശിക സംബന്ധിച്ച് 14/502 നമ്പർ കെട്ടിട വാടകക്കാരന് പല തവണ നോട്ടീസ് നൽകിയിട്ടും ഒടുക്കാത്തതിനാൽ കെട്ടിടം പൂട്ടി സീൽ ചെയ്തിട്ടുള്ളതും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായും കെട്ടിടത്തിന്റെ പുനർലേല നടപടികൾ നടത്തിവരുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.14/503 കെട്ടിട വാടകക്കാരൻ 25.9.18 ന് ജൂലൈ 2016 വരെയുള്ള കുടിശ്ശിക ഒടുക്കിയിട്ടുണ്ട്.13/1084,13/1087 to 1094 കെട്ടിട വാടക 2017 മെയ് മാസം വരെയുള്ള വാടക 19.12.18 ന് ഒടുക്കിയിട്ടുണ്ട് എന്നും മറുപടി നൽകിയിട്ടുണ്ട്.അവശേഷിക്കുന്ന വാടക കുടിശ്ശിക

പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.ഇത്തരത്തിൽ ഭീമമായ കുടിശ്ശിക വരുന്ന രീതി ഒഴിവാക്കേണ്ടതാണ്. കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ കൃത്യമായ നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമെങ്കിൽ കെട്ടിടത്തിന്റെ പുനർലേല നടപടികൾ യഥാസമയം നടത്തേണ്ടതുമാണ്.

വാടക രജിസ്റ്ററിൽ കുടിശ്ശിക വാടക ഉൾപ്പെടെ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും വാർഷിക കണക്കുമായി കൃത്യമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. വാടക സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാക്കി കുടിശ്ശിക ഉൾപ്പെടെ മുഴുവൻ വാടകയും പിരിക്കാനും തനത് വരുമാനം വർധിപ്പിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

# 2-6 വസ്തുനികുതി പരിഷ്ക്കരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

കേരള സംസ്ഥാന സർക്കാരിന്റെ 30.04.15-ലെ 153/2015/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 19 വാർഡുകളുണ്ടായിരുന്ന ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്ത് 01.11.2015 തിയതി മുതൽ 33 വാർഡുകളുള്ള ചെർപ്പുളശ്ശേരി നഗരസഭയായി മാറി. പഞ്ചായത്ത് മുനിസിപ്പൽ നികുതി നിരക്കുകൾ വ്യത്യസ്തമായതിനാൽ 05.12.2015-ലെ 3655/15/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്ക് പഴയനിരക്കിലുള്ള നികുതി 31.03.2016വരെ ഈടാക്കിയാൽ മതിയാകുന്നതാണ്. 01.04.2016 മുതൽ നഗരസഭാ നിരക്കിൽ നികുതി പരിഷ്കരിച്ച് ഈടാക്കേണ്ടതുമാണ്.എന്നാൽ 01.11.2015മുതൽ പുതിയതായി നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം നികുതി നിശ്ചയിക്കേണ്ടതുമായിരുന്നു.15.12.2016-ലെ നഗരസഭാ കൗൺസിലിന്റെ 3-ം നമ്പർ തീരുമാനപ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അംഗീകരിച്ച് ആയത് 01.04.2016 മുതൽ പ്രാബല്യത്തിൽ ഈടാക്കുന്നതിന് തീരുമാനിച്ചു.

2017-18 സാമ്പത്തിക വർഷത്തിലും വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയിട്ടില്ല.ആകെ 33 വാർഡുകളുള്ളതിൽ 25 വാർഡുകളുടെ ഡാറ്റാ കളക്ഷൻ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും 12 വാർഡുകളുടെ ഡാറ്റാ എൻട്രി മാത്രമേ സഞ്ചയ സോഫ്റ്റ് വെയറിൽ വരുത്തിയിട്ടുള്ളൂ. നിലവിൽ പുതിയ കെട്ടിടങ്ങൾ പുതുതായി നമ്പറിംഗിന് വരുമ്പോൾ അവയിൽ നിന്ന് മാത്രമാണ് പുതിയ നിരക്കിലുള്ള വസ്തു നികുതി ഈടാക്കുന്നത്. നികുതി പരിഷ്കരണം യഥാസമയം പൂർത്തീകരിക്കാത്തതിനാൽ നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ ലക്ഷങ്ങളുടെ നഷ്ടം ഈ ഇനത്തിൽ സംഭവിക്കുന്നുണ്ട്.

**പഴയ നിരക്കിലുള്ള വസ്തുനികുതി ഇനത്തിൽ തന്നെയും ഭീമമായ കുടിശ്ശിക**

ഓഡിറ്റ് സമയത്ത് ഹാജരാക്കിയ ഡിമാന്റ്,കളക്ഷൻ,ബാലൻസ് സ്റ്റേറ്റ്മെന്റിലെ കണക്കുകൾ പ്രകാരം 48,48,321/- രൂപ തൻവർഷത്തെ കുടിശ്ശികയായും മുൻവർഷങ്ങളിലെ കുടിശ്ശികയായി 16,09,607/- രൂപയും നിലനിൽക്കുന്നുണ്ട്. എന്നാൽ വസ്തുനികുതി സംബന്ധിച്ച് ഹാജരാക്കിയ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ്മെന്റിലെ ഡിമാന്റ്, ബാലൻസ് തുകകളും വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുകളിൽ ഡിമാന്റ് തുകകളും കുടിശ്ശിക തുകകളും കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വസ്തു നികുതി ഇനത്തിലുള്ള ഭീമമായ നികുതി ചോർച്ച തടയുന്നതിനായി വസ്തുനികുതി പരിഷ്കരണ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ കൈകൊള്ളേണ്ടതും കുടിശ്ശിക ഉൾപ്പെടെയുള്ള മുഴുവൻ വസ്തുനികുതിയും പിരിച്ചെടുക്കേണ്ടതുമാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതും നികുതി പിരിവ് സംബന്ധിച്ച നിയമപരമായ ബാധ്യതകൾ, നടപടികൾ കൈകൊള്ളേണ്ടതുമാണ്.

# 2-7 മരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും ലഭ്യമാക്കേണ്ടതാണ്

2017-18 വർഷത്തിൽ അഞ്ച് ലക്ഷത്തിനു മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. മുൻ വർഷങ്ങളിലും ഇപ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ നഗരസഭാ ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല. 2017-18 വർഷത്തെ ഇ-ടെണ്ടറുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ഈടാക്കിയ വില |
|---|---|---|---|---|
| 1 | കുറ്റിക്കോട് കുടിവെള്ള പദ്ധതി | 1500000 | 4 | 12000 |
| 2 | വിവിധ അങ്കണവാടികളുടെ മെയ് | 500000 | 2 | 2000 |

| | | | | |
|---|---|---|---|---|
| | ന്റനൻസ് | | | |
| 3 | 26-ാം മൈൽ കരുമാനാം കുറിശ്ശി റോഡ് | 700000 | 4 | 5600 |
| 4 | നറുക്കൻചിറ ഉറവുകുഴി റോഡ് | 500000 | 6 | 6000 |
| 5 | മയ്യത്തുംകര വീരമംഗലം റോഡ് | 600000 | 4 | 4800 |
| 6 | മഞ്ചക്കുന്ന് കള്ളിക്കുന്ന് റോഡ് | 500000 | 4 | 4000 |
| 7 | ളുത പന്നിയംകുറിശ്ശി റോഡ് റീടാറിംഗ് | 1070000 | 2 | 4280 |
| 8 | മുനിസിപ്പാലിറ്റി ഇംപ്രൂവ്മെന്റ് | 2500000 | 4 | 20000 |
| **ആകെ** | | | | **58680** |

സ.ഉ(സാധാ)നം.3186/2017/ത.സ്വ.ഭ.വ തിയതി 2-10-2017 പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുവാൻ അനുമതി ലഭ്യമായിട്ടുണ്ടെങ്കിലും 2017-18 വർഷത്തിൽ അത്തരത്തിൽ അക്കൗണ്ട് ആരംഭിക്കാത്തതിനാലാണ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ട് മുഖേന ഇ-ടെണ്ടർ ഫോറങ്ങളുടെ വില നിക്ഷേപിക്കുവാനിടയായിട്ടുള്ളത്.

മേൽ സൂചിപ്പിച്ച തുകയും മുൻ വർഷങ്ങളിൽ ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുകയും ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഭ്യമാകുന്ന തുക മുനിസിപ്പൽ ഫണ്ടിലേക്ക് വരവു വെക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/22.12.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുനിസിപ്പൽ ഓഫീസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ പ്രവൃത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ പരിശോധിച്ച് ഉറപ്പുവരുത്തിയില്ല.

| | |
|---|---|
| പദ്ധതി | മുനിസിപ്പൽ ഓഫീസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ (387/18) |
| അടങ്കൽ | 49,00,000/- (പ്ലാൻ ഫണ്ട് (ജനറൽ) |
| ചെലവ് തുക | 49,00,000/- രൂപ<br>ട്രഷറി ബിൽ നം. 46/22.2.18 – 950000/-<br>62/28.2.18 – 2200000/- |

| | |
|---|---|
| | 90/28.3.18 – 1750000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മുനിസിപ്പൽ ഓഫീസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതി പ്രകാരം നഗരസഭ ചെയർ പേഴ്സൺ, വൈസ് ചെയർമാൻ, സ്റ്റാന്റിഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ കാബിൻ ,ഫ്രണ്ട് ഓഫീസ് ,സെക്രട്ടറിയുടെ കാബിൻ, ബാക്ക് ഓഫീസ്, ഫസ്റ്റ് ഫ്ലോർ-കോൺഫറൻസ് ഹാൾ, എൽ.എസ്.ജി.ഡി ഓഫീസ്, തുടങ്ങിയവയുടെ അടിസ്ഥാന സൗകര്യങ്ങളുടെ/ഫർണിഷിംഗ്/ഇൻറീരിയർ വർക്സ് ഏറ്റെടുത്ത് നടത്തിയിരിക്കുന്നത് ഗവ.അംഗീകൃത സ്ഥാപനമായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിഗ് കമ്പനി ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനമാണ്. KEL സമർപ്പിച്ച 49,00,000/- രൂപയുടെ എസ്ററിമേറ്റ് കൗൺസിൽ തീരുമാനം 2(1)/10.11.2017 പ്രകാരം അംഗീകരിക്കുകയും , നവംബർ 2017 ന് എഗ്രിമെന്റ് വക്കുകയും ചെയ്തിട്ടുണ്ട്. ആയതനുസിരച്ച് 4.12.2017 ന് പ്രവ്യത്തി ആരംഭിച്ച് 26.3.2018 ന് പ്രവ്യത്തി പൂർത്തീകരിച്ചതായി KEL ന്റെ മാനേജരുടെ പൂർത്തീകരണ സർട്ടിഫിക്കറ്റിൽ പറയുന്നുണ്ട്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

പ്രസ്തുത പവൃത്തിയുടെ വർക്ക് ബിൽ, എം.ബുക്ക് എന്നിവയിൽ KEL ന്റെ മാനേജരാണ് അളവുകൾ രേഖപ്പെടുത്തിയത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എൽ.എസ്.ജി.ഡി എഞ്ചിനീയർ അളവുകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അക്രഡിറ്റഡ് ഏജൻസികൾ നിർവഹിക്കുന്ന പണികളുടെ നടപടിക്രമം അനുസരിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ സൂപ്പർവിഷൻ നടത്തി അളവുകൾ പരിശോധിച്ച് അവ ശരിയണ് എന്ന് ബോധ്യപ്പെടുത്തേണ്ടതാണ്. എന്നാൽ തനത് സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിയുടെ അളവുകൾ ഏജൻസിയുടെ എഞ്ചിനീയറാണ് രേഖപ്പെടുത്തുന്നതെങ്കിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ താഴെയല്ലാത്ത ഒരു എഞ്ചിനീയറായിരിക്കണം ചെക്ക് മെഷർമെന്റ് നടത്തേണ്ടത്. ഇപ്രകാരമുള്ള നടപടിക്രമങ്ങൾ മേൽ പ്രവൃത്തിയിൽ പാലിച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം പ്രവ്യത്തി പൂർത്തീകരിച്ചതായി നിർദ്ദിഷ്ട സ്ഥാപനത്തിലെ എഞ്ചിനീയർ അളവുകൾ പരിശോധിച്ച് ബോധ്യപ്പെടുത്താതെയാണ് സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നത്. മോണിററിഗ് സമിതി റിപ്പോർട്ട് ഇല്ല. ആയതിനാൽ ചെലവ് തുക 49,00,000/- രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് അന്വേഷണം നം .21/22.12.2018 നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

<u>**ഓഡിറ്റ് നിർദ്ദേശങ്ങൾ**</u>

മുനിസിപ്പൽ ഓഫീസ് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ പ്രവ്യത്തിയുടെ അളവുകൾ, സ്പെസിഫിക്കേഷൻ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയതു പ്രകാരം അധിക തുക സ്ഥാപനത്തിന് നൽകിയതായി കണ്ടാൽ ആയത് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-2 മുനിസിപ്പാലിറ്റി ഓഫീസ് സോളാർ സ്ഥാപിക്കൽ കേന്ദ്ര സബ്സിഡി ലഭ്യമായിട്ടില്ല.

| | |
|---|---|
| പദ്ധതി | മുനിസിപ്പാലിറ്റി ഓഫീസ് സോളാർ സ്ഥാപിക്കൽ(259/18) |
| അടങ്കൽ | 900000- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് തുക | 893900 - രൂപ<br>ട്രഷറി ബിൽ നം. |

| | |
|---|---|
| | 45/22.2.2018 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

നഗരസഭയിൽ സോളാർ സ്ഥാപിച്ചിട്ടുള്ളത് KSIE LTD ആണ്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് KSIE LTD നെ പ്രവർത്തി ഏൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. സ്പെസിഫിക്കേഷൻ, വാറണ്ടി എന്നിവ താഴെ പറയും പ്രകാരമാണ്.

Solar power PCU - 7.5 KVA (2 yr guaranty)- off grid

solar panel connected – 6 KW (25 yr performance warranty)

Battery - 16 nos.150 Ah batterry (4yr warranty)

സബ്സിഡിമാർഗ്ഗരേഖജി.ഒ(എം.എസ്)നം.80/2017 ത.സ്വ.ഭ.വ 03.04.2017 പ്രകാരം -

അനർട്ട് സംസ്ഥാനതലത്തിൽ എംപാനൽ ചെയ്ത സ്ഥാപനങ്ങളിൽ നിന്നമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സോളാർ പവർ പ്ലാന്റ് വാങ്ങേണ്ടത്. നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി ടി സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ച് സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടശേഷം ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. തുടർ സേവനങ്ങളും വാറന്റി ഉൾപ്പെടെയുള്ള കാര്യങ്ങളും പരിഗണിച്ച് ടെണ്ടർ ഫിക്സ് ചെയ്യണം. ഉപകരണങ്ങൾ വാങ്ങുന്നതിനും സാങ്കേതിക വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും അനർട്ടിന്റെ സഹായം ലഭ്യമാക്കാവുന്നതാണ്. കേന്ദ്ര സർക്കാർ സബ്സിഡി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് നിരീക്ഷണങ്ങൾ**

1. സോളാർ സ്ഥാപിക്കുന്നതിനുവേണ്ട പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന് അനർട്ടിന്റെ സേവനം ലഭ്യമാക്കിയതായി കാണുന്നില്ല.

2. നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി മത്സരാധിഷ്ഠിത ടെണ്ടറുകൾ ക്ഷണിച്ചിട്ടില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ KSIE LTD നെ നേരിട്ട് പ്രവർത്തി ഏൽപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്. KSIE LTD അനർട്ടിന്റെ എംപാനൽഡ് ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

3. സോളാർ സ്ഥാപിക്കൽ പ്രവൃത്തിക്ക് ഗ്രാമപഞ്ചായത്തിന് കേന്ദ്ര സബ്സിഡി ലഭ്യമായിട്ടില്ല.

അനർട്ടിൽ നിന്ന് രജിസ്ട്രേഷൻ നമ്പർ ലഭിക്കാതെയോ അനർട്ട് നിശ്ചയിച്ച നിബന്ധനകളും സാങ്കേതികമാനദണ്ഡങ്ങളും പാലിക്കാതെയോ സ്ഥാപിക്കുന്ന സൗരവൈദ്യുതോത്പാദന നിലയങ്ങളെ സർക്കാർ സബ്സിഡികൾക്ക് പരിഗണിക്കുന്നതല്ല എന്നതിനാലാണ് സബ്സിഡി ലഭിക്കാതിരുന്നത്.

4. നഗരസഭയിൽ സോളാർ സ്ഥാപിക്കൽ പദ്ധതിക്കുവേണ്ടി മെയിന്റനൻസ് ഫണ്ട് നോൺ റോഡ് തുകയാണ് ചെലവു ചെയ്തിരിക്കുന്നത്. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം മാർഗ്ഗരേഖ പ്രകാരം തനത് ആസ്തികളുടെ വികസനത്തിന് ഫണ്ട് ഉപയോഗിക്കാതെ കൈമാറികിട്ടിയ സ്ഥാപനങ്ങൾക്കുവേണ്ടിയാണ് ഉപയോഗിക്കാവുന്നത്.
(ഓഡിറ്റ് അന്വേഷണം നം.34/26.12.2018 മറുപടിലഭ്യമായിട്ടില്ല).

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. കരാർ ഉടമ്പടിയിൽ നിഷ്കർഷിച്ചിട്ടുള്ള വാറണ്ടി കാലാവധിക്കുള്ളിൽ സംഭവിക്കുന്ന കേടുപാടുകൾ KSIE LTD മുഖേന പരിഹരിക്കേണ്ടതാണ്.

2. സോളാർ പവർ പ്ലാന്റിന്റെ വിശദാംശം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
3. ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

# 3 - 3 വാഹനങ്ങളുടെ വിനിയോഗം - കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ 2000 (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും, പരിപാലനവും) പ്രകാരമായിരിക്കേണ്ടതാണ്

നഗരസഭയിൽ നിലവിൽ 4 വാഹനങ്ങൾ ഉപയോഗിച്ചുവരുന്നു. ഖരമാലിന്യ പദ്ധതിക്കായി ഒരു ട്രാക്ടർ, ഗുഡ്സ് ഓട്ടോ എന്നിവയും, ഓഫീസ് ആവശ്യങ്ങൾക്കായി 2 വാഹനങ്ങളും (KL 51C 2000- ജീപ്പ് സ്കോർപ്പിയോ, KL 51-G 4231 – Etios) ഉപയോഗിക്കുന്നു.

ജി.ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ 30.06.07 പ്രകാരം വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്കുകൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. താഴെ പറയുന്ന മറ്റു രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

1. ഫ്യൂവൽ ഓർഡർ ബുക്ക്

2. ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ

3. സ്റ്റോക്ക് രജിസ്റ്റർ

4. റിപ്പയർ രജിസ്റ്റർ

കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും, പരിപാലനവും) ചട്ടങ്ങൾ 2000 പ്രകാരം മേൽ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാഹന പരിപാലനത്തിൽ പ്രസ്തുത ചട്ടങ്ങളിലെ റൂൾ 3 മുതൽ 11 വരെയുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതുമാണ്.

# 3 - 4 അഡ്വാൻസ് തുകകൾ ക്രമീകരിക്കേണ്ടതാണ്.

സാമ്പത്തിക വർഷം താഴെ പറയും പ്രകാരം അനുവദിച്ചിട്ടുള്ള അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.

| വൗച്ചർ നമ്പർ/ തീയതി | തുക | ഉദ്ദേശം |
|---|---|---|
| 21700350/5.10.17 | 100000 | കേരളോത്സവം |
| 598/16.02.18 | 25000 | സ്വച്ഛ് ഭാരത് മിഷൻ - ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ഭരതന് നൽകിയത് |

മേൽ തുകകൾ ക്രമീകരിച്ച് അഡ്വാൻസ് രജിസ്റ്ററിൽ ചേർത്ത് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# 3 - 5 വിനിയോഗിക്കാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

താഴെ കാണിച്ചിട്ടുള്ള അക്കൗണ്ടുകൾ നിലവിൽ വിനിയോഗിക്കാത്തതിനാൽ ക്ലോസ് ചെയ്ത് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | അക്കൗണ്ട് വിവരം | ഉദ്ദേശം | 31.10.2018 ലെ നീക്കിയിരുപ്പ് |
|---|---|---|---|
| 1 | കാനറാ ബാങ്ക് 2505101023911 | MGNREGS | 0 |
| 2 | ICICI 210805500089 | NULM | 0 |
| 3 | SBI 67354912371 | പ്ലാൻ (പഞ്ചായത്ത്) | 640588 |
| 4 | CSCB 1353 | തനത് ഫണ്ട് (പഞ്ചായത്ത്) | 7112 |
| 5 | CSCB (കനിവ്) 6191 | ദുരിതാശ്വാസനിധി | 10540 |
| 6 | CSCB (pension) | Pension (പഞ്ചായത്ത്) | 100 |

# 3-6 തനത് ഫണ്ടിൽ നിന്നുള്ള ഡെപ്പോസിറ്റ് പ്രവർത്തികൾ - വിനിയോഗ, പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്

വിവിധ ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് തനത് ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ, പൂർത്തീകരണ വിവരം ലഭ്യമല്ല.

| ക്രമ നം | പ്രവർത്തി | വൗച്ചർ നം/ തീയതി | തുക | നൽകിയത് |
|---|---|---|---|---|
| 1 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 97/24.05.17 | 6107 | KSEB,കോതകുർശ്ശി |
| 2 | ടി | 218/19.07.17 | 6000 | KSEB, ചെർപ്പുളശ്ശേരി |
| 3 | ടി | 429/16.11.17 | 21710 | ടി |
| 4 | ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | 620/14.03.18 | 10100 | ടി |
| 5 | അങ്കണവാടികളിൽ വൈദ്യുതീകരണം | 567/29.01.18 | 30000 | KSEB,കോതകുർശ്ശി |
| | | | | |

| | | | | |
|---|---|---|---|---|
| 6 | നെല്ലായ പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ ലിങ്ക് ചെയ്യൽ | 627/6.03.18 | 55000 | കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ,ഷൊർണ്ണൂർ |

മേൽ ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ പദ്ധതികൾക്കായി നഗരസഭ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല എന്ന് കാണുന്നു. കുടിവെള്ള പദ്ധതികൾക്കായി നിർവ്വഹണ ഏജൻസിയായ കേരള ജല അതോറിറ്റിയുമായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ നൽകുമ്പോൾ കരാറിൽ ഏർപ്പെടണമെന്ന് സർക്കാർ ഉത്തരവ് (സാധാരണ)നം.1372/2013/ത.സ്വ.ഭ.വ, തീയതി.25-05-2013 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്.

വൈദ്യുത വിതരണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ തന്നെ കെ.എസ്.ഇ.ബി യും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് സർക്കുലർ നം.40305/ഡി.പി.1/03/ത.സ്വ.ഭ.വ, തീയതി.21-08-2003 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ കരാറിന്റെ അഭാവത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ല.

2015 നവംബറിൽ നഗരസഭ രൂപീകൃതമാകുമ്പോൾ പഞ്ചായത്തിൽ നിന്നും മുൻപ് ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് വേണ്ടി വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ, ആയതിന്റെ വിനിയോഗം, ബാക്കി എന്നീ വിവരങ്ങളടങ്ങിയ രേഖകൾ നഗരസഭക്ക് ലഭ്യമായിട്ടില്ല. ഉദാ - മീറ്ററിങ്ങ് നടപടികൾക്കായി കെ.എസ്.ഇ.ബി യിൽ നാളിതുവരെ ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം നഗരസഭയിൽ ലഭ്യമല്ല. പ്രസ്തുത വിവരങ്ങൾ അതാത് ഏജൻസികളിൽ നിന്ന് ലഭ്യമാക്കിയതിനു ശേഷം മാത്രം തുടർന്നുള്ള ഡെപ്പോസിറ്റ് പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച് ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

# 3-7 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്കു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

നഗരസഭയിൽ നിലവിൽ കമ്പ്യൂട്ടറുകൾക്കും അനുബന്ധഉപകരണങ്ങൾക്കും പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടറുകളും അനുബന്ധഉപകരണങ്ങളും വാങ്ങൽ, സ്റ്റോക്ക്, സംരക്ഷണം മാർഗ്ഗനിർദ്ദേശങ്ങൾ - സർക്കുലർ നം.എ.ബി.2/703/2015 തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്കു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ജനറൽ സ്റ്റോക്കു രജിസ്റ്ററിൽ തന്നെയാണ് നിലവിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കുന്നത്. റിപ്പയർ, ആന്വൽ മെയ്റ്റനൻസ് എന്നിവക്ക് കൃത്യമായ കണക്കുകൾ ലഭ്യമാകുന്നതിനും മറ്റു സൗകര്യങ്ങൾക്കുമായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്ക് പ്രത്യേകം സ്റ്റോക്കു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

# 3 - 8 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി - 916377/- രൂപ യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി 2016-17, 2017-18 വർഷങ്ങളിലെ ഫയലുകൾ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിലും, കരാറുകാരന് തുക അനുവദിച്ചതിലും കണ്ടെത്തിയ പോരായ്മകൾ താഴെ ചേർക്കുന്നു.

**വാർഷിക അറ്റകുറ്റപണി 2016-17**

2016/സപ്തംബർ മുതൽ 2017/ആഗസ്റ്റ് വരെയുള്ള കാലയളവിലെ അറ്റകുറ്റപണിക്ക് 1.09.2016 ലെ കരാർ പ്രകാരം ശ്രീ സുരേഷ്ബാബു, അദ്വൈത് ഇലക്ട്രിക്കൽസ്, പുഞ്ചപ്പാടം എന്നവർക്ക് റിപ്പയർ ചാർജ്ജ് ഇനത്തിൽ 2017-18 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം/ തീയതി | തുക |
|---|---|
| 158/21.06.17 | 150000 |
| 257/4.08.17 | 155459 |
| 471/5.12.17 | 305459 |
| 531/28.12.17 | 305459 |
| ആകെ | 916377/- |

കരാർ പരിശോധിച്ചതിൽ ടിയാൾ മേൽ കാലയളവിലെ അറ്റകുറ്റപണി 12,86,141/- /- രൂപക്കാണ് നിർവ്വഹിക്കുവാൻ തയ്യാറായിട്ടുള്ളത്. കരാർ പ്രകാരം വിളക്കുകളുടെ തരം, എണ്ണം എന്നിവ അനുസരിച്ചാണ് റിപ്പയർ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കരാറനുസരിച്ചുള്ള വിളക്കുകളുടെ എണ്ണവും, 4.07.16ന്കെ.എസ്.ഇ.ബി, ചെർപ്പുളശ്ശേരി ലഭ്യമാക്കിയ വിളക്കുകളുടെ എണ്ണവും വ്യത്യസ്തമാണ്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിളക്കുകളുടെ തരം | കെ.എസ്.ഇ.ബി ലഭ്യമാക്കിയ വിളക്കുകളുടെ എണ്ണം | കരാറനുസരിച്ചുള്ള എണ്ണം | വ്യത്യാസം | കരാറനുസരിച്ചുള്ള നിരക്ക് |
|---|---|---|---|---|
| ഓർഡിനറി ബൾബ്-40w | 144 | 144 | വ്യത്യാസമില്ല | 144 x 285 = 41040 |
| ഓർഡിനറി ബൾബ്-100w | 8 | 8 | ടി | 8 x 285 = 2280 |
| ഓർഡിനറി ബൾബ്-60w | 19 | 19 | ടി | 19 x 285 = 5415 |
| ഓർഡിനറി ബൾബ്-25w | 87 | 87 | ടി | 87 x 1683 = 146421 |
| ഫ്ലൂറസന്റ് ട്യൂബ്-40w | 2 | 2 | ടി | 2 x 450 = 900 |
| ഫ്ലൂറസന്റ് ട്യൂബ്-80w | 613 | 793 | 180 | 793 x 725 = 574925 |
| സോഡിയം വേപ്പർ ലാമ്പ്-150w | 18 | 18 | വ്യത്യാസമില്ല | 18 x 2650 = 47700 |
| സോഡിയം വേപ്പർ ലാമ്പ്-250w | 16 | 16 | ടി | 16 x 2785 = 44560 |
| സി.എഫ്.എൽ-22w | 357 | 505 | 148 | 505 x 780 = 393900 |
| എൽ.ഇ.ഡി-24w | ഇല്ല | 20 | 20 | 20 x 1450 = 29000 |
| ഡബിൾ ട്യൂബ്-80w | 180 | ഇല്ല | 180 | - |
| ആകെ | 1444 | 1612 | 168 | 12,86,141/- |

മേൽ പദ്ധതിക്ക് തനത് ഫണ്ടിൽ നിന്ന് തുക വകയിരുത്തി പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല. അറ്റകുറ്റപണിക്കായി സാധനസാമഗ്രികൾക്ക് ടെണ്ടർ ക്ഷണിച്ച തീയതി, ടെണ്ടർ രേഖകൾ, പർച്ചേസ് ബില്ലുകൾ , സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. റിപ്പയറിന് തുക അനുവദിച്ചതിനാധാരമായി ആകെ റിപ്പയർ ചെയ്ത വിളക്കുകളുടെ തരം, എണ്ണം എന്നീ വിവരങ്ങൾ ഫയലിൽ ഇല്ല. വാർഡ് മെമ്പർമാരുടെയോ, കെ.എസ്.ഇ.ബി യുടെയോ സാക്ഷ്യപത്രത്തിലും പ്രസ്തുത വിവരങ്ങൾ ഇല്ല. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെ (ഊർജ്ജം, വൈദ്യുതി) മോണിട്ടറിങ്ങ് റിപ്പോർട്ടും ലഭ്യമല്ല.

ആകെ റിപ്പയർ ചെയ്ത വിളക്കുകളുടെ തരം, എണ്ണം എന്നിവയുടെ അടിസ്ഥാനത്തിലല്ലാതെ കരാർ പ്രകാരമുള്ള മുഴുവൻ തുകയും കരാറുകാരന് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. കെ.എസ്.ഇ.ബിയുമായി വാർഡ് തിരിച്ചുള്ള വിളക്കുകളുടെ സംയുക്ത പരിശോധന നടത്താത്തതിനാൽ വിളക്കുകളുടെ എണ്ണത്തിനും കൃത്യതയില്ല. രേഖകളുടെ അഭാവത്തിൽ 2017-18 സാമ്പത്തിക വർഷം കരാറുകാരന് അനുവദിച്ച 916377/- രൂപ യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം – 18/21.12.18)നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

**കരാറുകാരനിൽ നിന്ന് നിയമാനുസൃത ആദായ നികുതി ഈടാക്കേണ്ടതാണ്**

2016-17 വാർഷിക അറ്റകുറ്റപണിക്ക് കരാറുകാരന് അനുവദിച്ച ആകെ തുക 12,86,141/-രൂപയുടെ 1% ആദായ നികുതി 12861/-രൂപ ഈടാക്കി കേന്ദ്ര ഫണ്ടിൽ ഒടുക്കേണ്ടതാണ്.

**വാർഷിക അറ്റകുറ്റപണി 2017-18**

നഗരസഭാ കൗൺസിലിന്റെ 27.12.17 ലെ തീരുമാനം നം - 1(1) പ്രകാരം തെരുവ് വിളക്കുകളുടെ AMC കാലാവധി തീർന്നതിനാലും, ഇ- ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാലും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ വെക്കുന്ന കാലയളവ് വരെ ആവശ്യമായ സാമഗ്രികൾ വാങ്ങി തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി നടത്തുന്നതിന് ലേബർ കോൺട്രാക്ട് നൽകുന്നതിന് തീരുമാനിച്ചതായി കാണുന്നു. ഇതനുസരിച്ച് 1.01.18 ന് ക്വട്ടേഷൻ ക്ഷണിച്ചതിൽ ശ്രീ സുരേഷ്ബാബു, അദ്വൈത് ഇലക്ട്രിക്കൽസ്, പുഞ്ചപ്പാടം എന്നവരുടെ ക്വട്ടേഷൻ സ്വീകരിച്ച് ടിയാളുമായി 28.02.2018ൽ കരാറിലേർപ്പെട്ടിട്ടുണ്ട്.

അറ്റകുറ്റപണിക്കുള്ള സാമഗ്രികൾ താഴെ പറയും പ്രകാരം KSIEയിൽ നിന്ന് വാങ്ങിയിട്ടുണ്ട്.

| ഇൻവോയ്സ് നം/ തീയതി | തുക |
|---|---|
| TVMBCO427/26.02.18 | 175530 |
| TVMBCO020/7.05.18 | 265760 |
| **ആകെ** | **441290/-** |

മേൽ സാമഗ്രികൾ സ്റ്റോക്കിലെടുത്ത് കരാറുകാരന് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സാമഗ്രികളുടെ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക്, വിതരണം, ബാലൻസ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

കരാറുകാരന് 2017-18 മാർച്ച് വരെ റിപ്പയറിന് തുക അനുവദിച്ചിട്ടില്ല. തുക അനുവദിക്കുമ്പോൾ റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം, തരം, 28.02.18 ലെ കരാർ പ്രകാരമുള്ള നിരക്ക് എന്നിവ കണക്കിലെടുക്കേണ്ടതാണ്. കരാറനുസരിച്ചുള്ള നിബന്ധന -3 പ്രകാരം തെരുവ് വിളക്കുകളുടെ റിപ്പയറുമായി ബന്ധപ്പെട്ട പരാതികളടങ്ങിയ പരാതി രജിസ്റ്റർ (പരാതികളുടെ സമയം, തീയതി, പരാതിക്കാരന്റെ പേര്, പരാതിയുടെ വിവരണം പോസ്റ്റ് ഉൾപ്പെടെ) കരാറുകാരൻ തയ്യാറാക്കേണ്ടതും, ഇതേ രജിസ്റ്റർ നഗരസഭാ കാര്യാലയത്തിൽ സൂക്ഷിക്കേണ്ടതുമാണ്. കരാർ പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പും, സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതും, പദ്ധതി പൂർത്തീകരണത്തിനാധാരമായ സാക്ഷ്യപത്രങ്ങളും, മോണിറ്ററിങ്ങ് റിപ്പോർട്ടും കൃത്യമായി തയ്യാറാക്കേണ്ടതുമാണ്.

# 3 - 9 തെരുവ് വിളക്ക് സ്ഥാപിക്കൽ - രേഖകളുടെ അഭാവത്തിൽ 60010/- രൂപ തടസ്സപ്പെടുത്തുന്നു.

2016-17 സാമ്പത്തിക വർഷത്തെ തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി പ്രകാരം (532/17) വാങ്ങിയ വിളക്കുകളുടെ സ്ഥാപനത്തിന് 2017-18 സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.ക്ക് പ്രൊജക്ട് നം.6/18 മുഖേന സൂപ്പർവിഷൻ ചാർജ്ജിനത്തിൽ 60010/- രൂപ അനുവദിച്ചിട്ടുണ്ട്. (വൗച്ചർ നമ്പർ - 172/29.06.17). എന്നാൽ പ്രൊജക്ട് നം.6/18 പ്രകാരം കെ.എസ്.ഇ.ബി.ക്ക് തനത് ഫണ്ടിൽ നിന്ന് വകയിരുത്തിയ സൂപ്പർവിഷൻ ചാർജ്ജ് 49951/- മാത്രമാണ്. 10059/-രൂപ അധികമായി അനുവദിച്ച സാഹചര്യം ആയതിന്നാധാരമായ കൗൺസിൽ തീരുമാനം സഹിതം വിശദീകരിക്കുവാനും, തെരുവ് വിളക്ക് സ്ഥാപിക്കൽ പദ്ധതി പ്രകാരം (532/17) വാങ്ങിയ വിളക്കുകളുടെ പർച്ചേസ് ബിൽ, സ്റ്റോക്ക് രജിസ്റ്റർ, വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച് കെ.എസ്.ഇ.ബിയുടെ സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ ഓഡിറ്റ് അന്വേഷണം (നം -30/24.12.18) പ്രകാരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും വിശദീകരണം സമർപ്പിക്കുകയോ, രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ സൂപ്പർവിഷൻ ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബിക്ക് അനുവദിച്ച 60010/- രൂപ തടസ്സപ്പെടുത്തുന്നു.

# 3 - 10 തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് - ചെലവ് നിയന്ത്രണ വിധേയമാക്കേണ്ടതാണ്

നിലവിൽ താഴെ പറയും പ്രകാരമാണ് നഗരസഭ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജജ് അടവാക്കുന്നത്.

Unmetered street light data

Burning hours - 12

| ക്രമ നം | തെരുവ് വിളക്ക് തരം | എണ്ണം | നിരക്ക് | അടവാക്കുന്ന തുക |
|---|---|---|---|---|
| 1 | ഓർഡിനറി ബൾബ്-60w | 19 | 102 | 1938 |
| 2 | ഓർഡിനറി ബൾബ്-40w | 199 | 66 | 13134 |
| 3 | ഫ്ലൂറസന്റ് ട്യൂബ്-40w | 2 | 66 | 132 |
| 4 | ഫ്ലൂറസന്റ് ട്യൂബ്-80w | 793 | 134 | 106262 |
| 5 | സോഡിയം വേപ്പർ ലാമ്പ്-250w | 16 | 447 | 7152 |
| 6 | സോഡിയം വേപ്പർ ലാമ്പ്-150w | 18 | 267 | 4806 |
| 7 | സി.എഫ്.എൽ ഓട്ടോമാറ്റിക്-22w | 740 | 32 | 23680 |
| 8 | എൽ.ഇ.ഡി-24w | 134 | 20 | 2680 |
| 9 | എൽ.ഇ.ഡി-45w | 38 | 35 | 1330 |
| | | | | |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | 161114/- | |

ഓർഡിനറി ബൾബ്, ഫ്ലൂറസന്റ് ട്യൂബ് തുടങ്ങിയവ മാറ്റി എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുകയാണെങ്കിൽ വൈദ്യുതി ചാർജ്ജിനത്തിൽ ഗണ്യമായ തുക ലാഭിക്കാവുന്നതാണ്. ഉദാഹരണം - 199 എണ്ണം 40 വാട്ട് ഓർഡിനറി ബൾബുകൾ, 793 എണ്ണം 80 വാട്ട് ഫ്ലൂറസന്റ് ട്യൂബുകൾ എന്നിവക്ക് പകരം എൽ.ഇ.ഡി സ്ഥാപിക്കുകയാണെങ്കിൽ ലാഭിക്കാവുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വിളക്കുകളുടെ തരം | നിലവിൽ അടവാക്കുന്നത് | എൽ.ഇ.ഡി സ്ഥാപിക്കുകയാണെങ്കിൽ അടവാക്കേണ്ടത് | ലാഭം |
|---|---|---|---|
| ഓർഡിനറി ബൾബ്-40w | 199 x 66 = 13134 | 199 x20 = 3980 | 9154 |
| ഫ്ലൂറസന്റ് ട്യൂബ് - 80w | 793 x 134 = 106262 | 793 x 20 = 15860 | 90402 |
| ആകെ | | | 99556/- |

തെരുവ് വിളക്ക് മീറ്ററിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നഗരസഭ കെ.എസ്.ഇ.ബി യിൽ തുകയൊന്നും തന്നെ നിക്ഷേപിച്ചിട്ടില്ല. 2015/ നവംബറിൽ നഗരസഭ രൂപീകൃതമാകുന്നതിനു മുൻപ് മീറ്ററിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് തുകകൾ നിക്ഷേപിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. അപ്രകാരം നിക്ഷേപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ കെ.എസ്.ഇ.ബി യിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. ഓരോ മീറ്ററിങ്ങ് പോയന്റിനും പ്രത്യേകം കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്.അതോടൊപ്പം കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ തിട്ടപ്പെടുത്തി അടവാക്കുന്ന വൈദ്യുതി ചാർജ്ജിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

# 3 -11 തെരുവ് വിളക്ക് - രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് നഗരസഭയിൽ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ(സാധാ) നം.2238/2016/ത.സ്വ.ഭ.വ തീയതി 25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ നഗരസഭയിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി)നം.259/2010/ ത.സ്വ.ഭ.വ തീ.08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി നിബന്ധനകൾ തെരുവ് വിളക്ക് വാങ്ങലിൽ പാലിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ മതിയായ എണ്ണം വർഷാരംഭത്തിൽ കണക്കാക്കി ബജറ്റിൽ തുക വകയിരുത്തി ഒന്നിച്ച് വാങ്ങാവുന്നതാണ്. പ്രൊക്യൂർമെന്റ് ടീം, ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3 - 12 വെള്ളക്കര കുടിശ്ശിക – നഗരസഭക്ക് 70,09631/-രൂപയുടെ ബാധ്യത നിലനിൽക്കുന്നു

കേരള വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, ഷൊർണ്ണൂരിന്റെ 6.08.2018 ലെ ഡിമാന്റനുസരിച്ച് 496 പൊതുടാപ്പുകൾക്ക് 70,09631/-രൂപ വെള്ളക്കരമിനത്തിൽ നഗരസഭ ഒടുക്കുവാനുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

6.08.2018 ലെ നീക്കിയിരുപ്പ് - 6559102

ഫൈൻ (നീക്കിയിരുപ്പിന്റെ 2%) - 124657

തൻമാസത്തെ ഡിമാന്റ് - 325872

ആകെ - 70,09631

മേൽ കുടിശ്ശികയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ, ഒടുക്കേണ്ട പിഴ എന്നിവ സംബന്ധിച്ച് നഗരസഭയിൽ യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. 2015/നവംബറിൽ ആണ് നഗരസഭ രൂപീകൃതമാകുന്നത്. കുടിശ്ശിക സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും നഗരസഭക്ക് യാതൊരു രേഖകളും കൈമാറിക്കിട്ടിയിട്ടില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക ഡിമാന്റിന്റെ കൃത്യത വ്യക്തമല്ല. കുടിശ്ശിക സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് വ്യക്തത വരുത്തേണ്ടതാണ്. 2017 – 18 സാമ്പത്തിക വർഷം കുടിശ്ശികയിനത്തിൽ തുകയൊന്നും തന്നെ അടവാക്കിയിട്ടില്ല. മാസം തോറുമുള്ള ഡിമാന്റും അടവാക്കുന്നില്ല.

കേരളാ വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പ്രവർത്തന ക്ഷമമായ ടാപ്പുകളുടെ വാർഡ് തിരിച്ചുള്ള വിവരം നിർണ്ണയിച്ചിട്ടില്ല.

- സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ പൊതുടാപ്പുകളുടെ കൃത്യമായ എണ്ണം നിജപ്പെടുത്തി ഉപയോഗിക്കുന്നവക്ക മാത്രമേ വെള്ളക്കരം അടവാക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തേണ്ടതും, വെള്ളം ലഭ്യമാകുന്ന ടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. 7.08.17 ലെ നഗരസഭാ കൗൺസിൽ തീരുമാനം നം - 1(4) പ്രകാരം വാർഡ് തിരിച്ച് ഉപയോഗശൂന്യമായ പൊതുടാപ്പുകളുടെ കണക്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.
    - ഗാർഹിക കണക്ഷനുകൾ പരമാവധി അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് പൊതുടാപ്പുകളുടെ എണ്ണം ഘട്ടംഘട്ടമായി കുറക്കേണ്ടതാണ് . 2017-18 സാമ്പത്തിക വർഷം താഴെ പറയുന്ന പദ്ധതികളിലൂടെ ഗാർഹിക കണക്ഷനുകൾ അനുവദിച്ചിട്ടുണ്ട്.

| പദ്ധതി വിഭാഗം | അടങ്കൽ | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| ജനറൽ | 125000 | 115000 | 23 |
| എസ്.സി.പി | 200000 | 80000 | 20 |

19.07.17 ലെ നഗരസഭാ കൗൺസിൽ തീരുമാനം നം -13(3), 8.03.18ലെ വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം) തീരുമാനം എന്നിവ പ്രകാരം വാർഡിലെ ഗാർഹിക കണക്ഷനുകൾ ഉള്ള ഭാഗത്തെ പൊതുടാപ്പുകളുടെ ദുരുപയോഗം തടയുന്നതിന് തീരുമാനമെടുത്തു കാണുന്നു. പ്രസ്തുത തീരുമാനങ്ങളനുസരിച്ച് അടിയന്തിരമായി ഉപയോഗ ശൂന്യമായവയുടെയും, ദുരുപയോഗം ചെയ്യുന്നവയുടെയും കണക്കെടുത്ത് കണക്ഷനുകൾ വിച്ഛേദിക്കേണ്ടതാണ്.

സ.ഉ (സാധാ) നം.1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് മെയ് ന്റനൻസ് ഫണ്ടിൽ നിന്ന് തുക വകയിരുത്തി കുടിശ്ശിക അടക്കാവുന്നതാണ്. കുടിശ്ശിക ബാധ്യത നിയന്ത്രണ വിധേയമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3 -13 ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നഗരസഭ ഒടുക്കുന്നതിലൂടെ തനത് ഫണ്ടിന് ബാധ്യത

നഗരസഭയിൽ എത്ര കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾ മുഖേന നടത്തുന്നു എന്നതിന് ആധാരമായ കണക്കുകൾ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത കുടിവെള്ളപദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നഗരസഭയാണ് അടക്കുന്നത്. സ.ഉ (സാധാ) നം. 1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ-നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, മെയിന്റനൻസ് ചെലവുകൾ തദ്ദേശസ്ഥാപനങ്ങൾ വഹിക്കാൻ പാടില്ല. അവ ഗുണഭോക്തൃ ഗ്രൂപ്പുകളാണ് വഹിക്കേണ്ടത്. ഗുണഭോക്തൃ സമിതികൾക്ക് കൈമാറാത്ത സ്കീമുകളുടെ കാര്യത്തിൽ അവ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃ സമിതികൾക്ക് കൈമാറുന്നത് വരെയുള്ള നടത്തിപ്പ്, മെയിന്റനൻസ് ചെലവുകളാണ് തദ്ദേശസ്ഥാപനങ്ങൾക്ക് വഹിക്കാവുന്നത്.

വൗച്ചറുകളിൽ വിവരങ്ങൾ കൃത്യമല്ലാത്തതിനാലും, നഗരസഭയിൽ ടി വിവരങ്ങൾ സംബന്ധിച്ച് തയ്യാറാക്കിയ കണ്ടിൻജന്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്താത്തതിനാലും 2017-18 സാമ്പത്തിക വർഷം നഗരസഭ അടവാക്കിയ വിവിധ കുടിവെള്ളപദ്ധതികളുടെ കൃത്യമായ വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല. ഹാജരാക്കിയ കണ്ടിൻജന്റ് രജിസ്റ്റർ പ്രകാരം അടവാക്കിയ വൈദ്യുതി ചാർജ്ജിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം | കൺസ്യൂമർ നം | കുടിവെള്ളപദ്ധതി | തൻവർഷം അടവാക്കിയ വൈദ്യുതി ചാർജ്ജ് |
|---|---|---|---|
| 1 | 31973 | വീട്ടിക്കാട് കോല്യംകുന്ന് | 15674 |
| 2 | 33047 | ചെട്ടിക്കുന്ന് | 3484 |
| 3 | 31832 | വെട്ടിക്കൽ | 20062 |
| 4 | 31553 | കോലാർകുന്ന് (എസ്.സി) | 4340 |
| 5 | 31554 | കോലാർകുന്ന് | 949 |
| 6 | 34971 | മടത്തുംകര കോലാർകുന്ന് | 727 |
| 7 | 15749 | വീട്ടിക്കാട് ചങ്ങമ്പുഴ | 51706 |

| | | | |
|---|---|---|---|
| 8 | 31831 | ഔരാപറമ്പ് | 11445 |
| 9 | 29501 | ആല്യംകുന്ന് | 7508 |
| 10 | 34210 | സ്വാമിയാർകുന്ന് | 7559 |
| 11 | 11559 | തെക്കുംമുറി | 470 |
| 12 | 19239 | ലക്ഷംവീട് | 1669 |
| 13 | 14375 | തെക്കുംമുറി | 9830 |
| 14 | 23252 | ഒലിയം | 25019 |
| ആകെ | | | 160442/- |

പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി ഗുണഭോക്തൃസമിതികൾക്ക് കൈമാറിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നഗരസഭ ഒടുക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. നഗരസഭാ കൗൺസിൽ മിനുട്സ് പരിശോധിച്ചതിൽ 16.05.17 ലെ തീരുമാനം നം-3, 19.07.17 ലെ തീരുമാനം നം - 13 എന്നിവ പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവ് തുടർന്നും നഗരസഭ തന്നെ തനത് ഫണ്ടിൽ നിന്നും ഒടുക്കുവാൻ തീരുമാനിച്ചതായി കാണുന്നു. ആയത് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ ലംഘനമാണ്. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പായ കുടിവെള്ളം ടി വിഷയത്തിന്മേൽ യാതൊരു തീരുമാനങ്ങളും കൈക്കൊണ്ടിട്ടില്ല. ആയതിനാൽ പദ്ധതികളുടെ തുടർ നടത്തിപ്പിൽ സ.ഉ (സാധാ) നം.1275/2009/ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.72/2017/ത.സ്വ.ഭ.വ തീയതി 29.03.2017 ലെ നിർദ്ദേശങ്ങളനുസരിച്ച് കുടിവെള്ള പ്രൊജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതും, നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ (പൊതു വിഭാഗം) തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതുമാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് പ്രവർത്തിയുടെ നിർവ്വഹണം ആരംഭിക്കാവുന്നത്.

# 3 - 14 ജലസംരക്ഷണ പരിപാടികൾക്ക് ഊന്നൽ നൽകേണ്ടതാണ്

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനോടൊപ്പം ജലസംരക്ഷണ പരിപാടികൾക്കും ഊന്നൽ നൽകേണ്ടതാണ്. നഗരസഭയിലെ വിവിധ കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയവ അടക്കം, പരമ്പരാഗത ജലസ്രോതസ്സുകൾ, തുറന്ന കിണറുകൾ, കുഴൽക്കിണറുകൾ തുടങ്ങിയവയുടെ അവസ്ഥാരേഖ കാലികമായി തയ്യാറാക്കേണ്ടതാണ്.

- 2017-18 വർഷത്തെ കുടിവെള്ളം വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സ് പരിശോധച്ചതിൽ 05.03.18-ലെ തീരുമാനം പ്രകാരം ഉപയോഗശൂന്യമായ ജലാശയങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ജലസംരക്ഷണ പദ്ധതികളൊന്നും തന്നെ നടപ്പാക്കിയിട്ടില്ല.
- 27.06.17ലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം-4 പ്രകാരം ജല വിഭവ സംരക്ഷണ പ്രൊജക്ടുകൾ ഹരിതമിഷനുമായി സംയോജിപ്പിച്ച് അയ്യങ്കാളി പദ്ധതിയിലൂടെ നടപ്പിലാക്കുവാൻ തീരുമാനിച്ചതായി കാണുന്നു..

  ഇതനുസരിച്ച് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്.

# 3-15 സമഗ്ര കുടിവെള്ള പദ്ധതി സ്ഥലം വാങ്ങൽ - പാഴ്ചെലവ്

പദ്ധതി – സമഗ്ര കുടിവെള്ള പദ്ധതി സ്ഥലം വാങ്ങൽ (4/18- സ്പിൽ ഓവർ)

അടങ്കൽ -(തനത് ഫണ്ട് ) 1250000 +

മറ്റ് മൂന്ന് ഗ്രാമ പഞ്ചായത്തുകളുടെ വിഹിതം - 1500000

ആകെ അടങ്കൽ - 2750000

ആകെ ചെലവ് – 2750000

പാലക്കാട് വാട്ടർ അതോറിറ്റി മുഖേന സമഗ്ര കുടിവെള്ളപദ്ധതിയിൽ (NRDWP) ഉൾപ്പെടുത്തി ചെർപ്പുളശ്ശേരി നഗരസഭയും, തൃക്കടീരി, ചളവറ, അനങ്ങനടി പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര കുടിവെള്ള വിതരണ പദ്ധതിക്കായി 4604ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.

ഭരണാനുമതി - KWA/JB/P&M/2/331/2015 vol.II dt.11.3.2016

സാങ്കേതികാനുമതി - CE/NR/14/2016-17 Dt.27.7.2016

ചെർപ്പുളശ്ശേരിയിലെ കാളികടവിലെ തൂതപുഴയിൽ ഇൻടേക്ക് വെൽ കം പമ്പ് ഹൗസിൽ നിന്ന് പമ്പ് ചെയ്യുന്ന ജലം സ്വാമിയാർ കുന്നിൽ പുതിയതായി സ്ഥപിക്കാൻ ഉദ്ദേശിക്കുന്ന ജലശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് അവിടെ നിന്ന് നാല് പഞ്ചായത്തുകളിലേക്കായി (ചെർപ്പുളശ്ശേരി ഗ്രാമപഞ്ചായത്തായിരുന്നതിനാൽ) പ്രത്യേകം പ്രത്യേകം സ്ഥാപിക്കുന്ന ഉന്നതതല ജലസംഭരണികളിൽ എത്തിച്ച് ജലം വിതരണം ചെയ്യുന്നതിനായിരുന്ന പദ്ധതി വിഭാവനം ചെയ്തിരുന്നത്.

പദ്ധതിക്കുവേണ്ടി ജലശുദ്ധീകരണശാലക്കും ഉന്നതതല ജലസംഭരണിക്കുമായി സ്വാമിയാർ കുന്നിനു സമീപം ഏകദേശം 90 സെന്റ് സ്ഥലം അതിലേക്കുള്ള റോഡ് ഉൾപ്പെടെയും മറ്റുള്ള മൂന്നു പഞ്ചായത്തുകൾക്കുമായി സംഭരണികൾ നിർമ്മിക്കുന്നതിലേക്കായി 20 സെന്റ് സ്ഥലം വീതവും അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ടായിരുന്നു.

പദ്ധിതക്കുവേണ്ടി ജലശുദ്ധീകരണശാലക്കും ഉന്നതതല ജലസംഭരണിക്കുമായി സ്വാമിയാർകുന്നിൽ സ്ഥലം വാങ്ങുന്നതിന് നഗരസഭ 5/2013ൽ നടപടികൾ ആരംഭിച്ചു സ്ഥലം കണ്ടെത്തി ആവശ്യമായ നിയമോപദേശം ഗവൺമെന്റ് പ്ളീഡറിൽ നിന്നും, ഡി.ഡി.പി.യിൽ നിന്ന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റും 2015-ൽ ലഭ്യമാക്കി . ഇതിനെ തുടർന്ന് 2016 ഫെബ്രുവരിയിൽ വാട്ടർ അതോറിറ്റിയുടെ ഉന്നതാധികാരികൾ സ്ഥലം പരിശോധിക്കുകയും നിർദ്ദിഷ്ട സ്ഥലവും റോഡും പ്ലാന്റിനും ടാങ്ക് നിർമ്മാണത്തിനും അനുയോജ്യമല്ല എന്നും, അനുയോജ്യമായ പുതിയ സ്ഥലം കണ്ടെത്തുവാനും നിർദ്ദേശിച്ചു. തുടർന്ന് നഗരസഭ ഇതിനു സമീപത്തു തന്നെയുള്ള മറ്റൊരു പുതിയ സ്ഥലം കണ്ടെത്തുകയും 8.5.2017 -ൽ റിസർവ്വെ 176/2-1/ൽ പ്പെട്ട 90 സെന്റ് (36.44 ആർ, ച.ലിംഗ്സ്) സ്ഥലം 2750000/- രൂപക്ക് 1393/1/17 നമ്പർ വിലയാധാരം ആയി ബഹു.സംസ്ഥാന ഗവർണ്ണറുടെ പേരിൽ ആധാരം രജിസ്റ്റർ ചെയ്തു.

കുടിവെള്ള പദ്ധതിക്കായി അനുയോജ്യമായ സ്ഥലം കണ്ടെത്തി രജിസ്ട്രേഷൻ കഴിഞ്ഞപ്പോഴേക്കും കാലതാമസം മൂലം പദ്ധതിയുടെ കാലാവധി അവസാനിക്കുകയും, പദ്ധതി ആരംഭിക്കുവാൻ കഴിയാതിരിക്കുകയും ചെയ്തു.

സമഗ്ര കുടിവെള്ളപദ്ധതിക്കായി നഗരസഭ 2017 മെയിൽ 27.50 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ സ്ഥലം ഉപയോഗിക്കാനാവാതെ കിടക്കുന്നു.

സമഗ്ര കുടിവെള്ള പദ്ധതിക്കായി നഗരരസഭ ആദ്യഘട്ടത്തിൽ തന്നെ ആദ്യം തെരഞ്ഞെടുത്ത സ്ഥലം ജല അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്താതെയും, സ്ഥലത്തിന്റെ അനുയോജ്യത ഉറപ്പുവരുത്താതെയും നടപടിക്രമം സ്വീകരിച്ചതുമൂലം 2013 മുതൽ 2016 വരെ മൂന്നു വർഷം നഷ്ടമാവുകയാണ് ഉണ്ടായത്. പിന്നീട് 2017-ൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി വാങ്ങിയപ്പോഴേക്കും പദ്ധതി കാലാവധി അവസാനിക്കുകയും ചെയ്തു. ഇതുമൂലം സമയബന്ധിതമായി പദ്ധതിക്കാവശ്യമായ സ്ഥലം കൈമാറി നൽകാതിരുന്നതുമൂലം 27.50 ലക്ഷം മുടക്കി സ്ഥലം വാങ്ങിയത് പാഴ്ചെലവായി ഓഡിറ്റിൽ വിലയിരുത്തുന്നു.

# 3-16 മിൽക്ക് ഇൻസെന്റീവ് - ക്ഷീര കർഷകർക്ക് ലഭ്യമാക്കിയത് ഉറപ്പുവരുത്തേണ്ടതാണ്.

മിൽക്ക് ഇൻസെന്റീവ് - ക്ഷീര കർഷകർക്ക് ലഭ്യമാക്കിയത് ഉറപ്പുവരുത്തേണ്ടതാണ്.

1. പദ്ധതി - മിൽക്ക് ഇൻസെന്റീവ് (161/18) ജനറൽ

അടങ്കൽ - 1121450(പ്ലാൻ ജനറൽ)

ചെലവ് – 1069617

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ക്ഷീരവ്യവസായ സഹകരണ സംഘം | പാലിന്റെ അളവ്(ലിറ്റർ) | അനുവദിച്ച തുക (മിൽക്ക് ഇൻസെന്റീവ്) |
|---|---|---|
| കാറൽമണ്ണ | 168304.2<br>99372 | 504912.6 (1.4.17-31.8.17)<br>295526 (1.9.17-31.11.17) |
| ചെർപ്പുളശ്ശേരി | 42292<br>26089 | 126310 (1.4.17-31.8.17)<br>65294 (1.9.17-31.11.17) |
| ചമ്മന്നൂർ | 13231.9<br>8515 | 39695.7 (1.4.17-31.8.17)<br>25503 (1.9.17-31.11.17) |
| തൃക്കടീരി | 2938<br>1187 | 8814 (1.4.17-31.8.17)<br>3561 (1.9.17-31.11.17) |
| **ആകെ തുക** | | **1069616.30** |

പദ്ധതി - മിൽക്ക് ഇൻസെന്റീവ് (162/18) എസ്.സി

അടങ്കൽ - 150000 (പ്ലാൻ എസ്.സി.പി)

ചെലവ് – 149196

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ക്ഷീരവ്യവസായ സഹകരണ സംഘം | പാലിന്റെ അളവ് (ലിറ്റർ) | അനുവദിച്ച മിൽക്ക് ഇൻസെന്റീവ് |
|---|---|---|
| കാറൽമണ്ണ | 18697<br>16655 | 56091(1.4.17-31.8.17)<br>49965(1.9.17-31.1.18) |
| ചെർപ്പുളശ്ശേരി | 7412<br>6968 | 22236(1.4.17-31.8.17)<br>20904(1.9.17-31.1.18) |
| **ആകെ തുക** | | **149196** |

മേൽ പറഞ്ഞ രണ്ട് പദ്ധതികൾ പ്രകാരമുള്ള മിൽക്ക് ഇൻസെന്റീവ് തുകകൾ കാറൽമണ്ണ ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (കനറാ ബാങ്ക് ചെർപ്പുളശ്ശേരി അക്കൗണ്ട് നം.2505101030296) NEFT മുഖേന നൽകുകയാണ് ചെയ്തിരിക്കുന്നത്. സഹകരണ സംഘത്തിന്റെ അക്കൗണ്ടിൽ നിന്ന് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ധനസഹായം ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. സഹകരണ സംഘത്തിന്റെ ബാങ്ക് പാസ്സ് ബുക്കിൽ 30.04.2018 വരെയുള്ള രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളൂ. ഓഡിറ്റ് അന്വേഷണം നം.35/26.12.2018 നൽകിയതിന് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ വ്യക്തമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1069617+149196 =1218813/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1. ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് മിൽക്ക് ഇൻസെന്റീവ് ക്രെഡിറ്റായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2.മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

വ്യക്തമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3. സഹകരണ സംഘത്തിന്റെ ബാങ്ക് പാസ്സ് ബുക്കിൽ രേഖപ്പെടുത്തലുകൾ കാലികമാക്കേണ്ടതാണ്.

4. സഹകരണ സംഘത്തിന്റെ അക്കൗണ്ടിലേക്കല്ലാതെ ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് ധനസഹായം നൽകേണ്ടതാണ്.

# 3 -17 ചെലവ് രേഖകൾ ലഭ്യമായില്ല - 58125/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി

1.തനത് ഫണ്ടിൽ നിന്നുള്ള താഴെ പറയുന്ന ചെലവുകൾക്കാധാരമായ ബില്ലുകൾ വൗച്ചറുകൾക്കൊപ്പം ലഭ്യമായില്ല.

| പ്രവർത്തി | വൗച്ചർ നം/ തീയതി | തുക | നൽകിയത് |
|---|---|---|---|
| പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 530/28.12.17 | 43125 | കുമാർ &കോ., ചെർപ്പുളശ്ശേരി |
| ആലച്ചിപള്ളിയാലിൽ പമ്പ് ഹൗസ് പാനൽ റിപ്പയർ | 614/9.03.18 | 4200 | ടി |

2. വൗച്ചർ നം - 596/14.02.18 പ്രകാരം ബ്ലീച്ചിങ്ങ് പൗഡർ വാങ്ങലിന് 10800/- രൂപ ശ്രീ.എം. അസീസ്, എം.എ.എ എന്റർപ്രൈസസ്, കീഴായൂരിന് അനുവദിച്ചിട്ടുണ്ട്. ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം – 28/24.12.18) മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 58125/- രൂപയുടെ (47325 + 10800) ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-18 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 103 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 245 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 150 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വകയിരുത്തിയ 45839751/- രൂപയിൽ 21728005/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 47.39% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. തൻ വർഷം തനതുഫണ്ടിൽ നിന്ന് 8757263/- രൂപ പദ്ധതികൾക്കായി വകയിരുത്തിയെങ്കിലും 2613965/- രൂപയേ ചെലവഴിച്ചിട്ടുള്ളൂ.

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി 2017-18 ൽ ആകെ 10 പ്രാവശ്യം കൂടിയിട്ടുണ്ട്. 2017-18 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം,ഭേദഗതികൾ, ആസ്തികൾ മെച്ചപ്പെടുത്തൽ എന്നിവ ചർച്ച ചെയ്യുന്നുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പിന് നിർദ്ദേശങ്ങൾ നൽകിയതായി കാണുന്നില്ല

സ്പിൽ ഓവർ പ്രൊജക്ടുകളുടെ ബാഹുല്യവും മറ്റ് സാങ്കേതിക കാരണങ്ങളും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകുവാനുള്ള കാരണമായി വിലയിരുത്തുന്നു. വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയുള്ളും നിർവ്വഹണം നടക്കാൻ സാദ്ധ്യതയുള്ളവയ്ക്കും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്**

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. കാഷ് ബുക്ക് /സബ്സീഡിയറി കാഷ് ബുക്ക് വർക്ക് ബിൽ രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.

2. ടെണ്ടർ രജിസ്റ്റർ - പൂർണ്ണമായി രേഖപ്പെടുത്തലുകൾ ഇല്ല. എ.ഇ ഒപ്പുവെയ്ക്കുന്നില്ല.ടെണ്ടർ നടത്തിയ തീയതി, ടെണ്ടറുകൾ തുറന്ന തീയതി എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. അംഗീകരിച്ച കരാറുകാരന്റെ വിവരങ്ങൾ എല്ലാത്തിലും ചേർത്തിട്ടില്ല. ടെണ്ടർ അംഗീകരിച്ച തീരുമാനം രേഖപ്പെടുത്തിയിട്ടില്ല. ടെണ്ടർ open ചെയ്യുന്ന സമയത്ത് ഹാജരുണ്ടായിരുന്ന കരാറുകാരുടെ ഒപ്പ് എല്ലാത്തിലും ഇല്ല.

3. എഗ്രിമെന്റ് രജിസ്റ്റർ - രജിസ്റ്ററിൽ പ്രവൃത്തികൾ പൂർത്തീകരിക്കേണ്ട തീയതി ചേർത്തിട്ടില്ല. എ.ഇ ഒപ്പുവെയ്ക്കുന്നില്ല.

4. പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

5. കരാറുകാർ പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റായി അസി.എഞ്ചിനീയറുടെ പേരിൽ പ്ലഡ്ജ് ചെയ്തു നൽകുന്ന Fixed Deposit രശീതികൾ വർക്ക് ഫയലുകളിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു . അവയുടെ വിവരം സെക്യൂരിറ്റി/വാല്യബിൾസ് രജിസ്റ്ററിൽ രേഖപ്പെടുത്തി Fixed Deposit രശീതികൾ സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

6.പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി ടെണ്ടർ ഷെഡ്യൂളിലോ എഗ്രിമെന്റ് രജിസ്റ്ററിലോ ചേർത്തിട്ടില്ല.

7. വർക്ക് ഫയലുകളിൽ പ്രവൃത്തി മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

8. ടെണ്ടർ ഉറപ്പിച്ചതിനുശേഷം കരാറുകാർക്ക് അയച്ചിട്ടുള്ള സെലക്ഷൻ നോട്ടീസുകളിലും നമ്പറും തിയതിയും രേഖപ്പെടുത്തുന്നില്ല. എല്ലാപ്രവൃത്തികളിലും സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല.

9. പല പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കുന്നില്ല.

10. ഇ-ടെണ്ടറുകളിൽ പങ്കെടുത്ത കരാറുകാർ സമർപ്പിക്കുന്ന മുഴുവൻ രേഖകളും ടെണ്ടർ നിരക്കുകളുടെ താരതമ്യപട്ടികയും ഫയലിൽ സൂക്ഷിക്കുന്നില്ല.

11. പല പ്രവൃത്തികളുടേയും എഗ്രിമെന്റിൽ വിവരങ്ങൾ പൂർണ്ണമായി ചേർത്തിട്ടില്ല.

12. ചില പ്രവൃത്തികളുടെ എഗ്രിമെന്റ് തീയതി അതിലെ സ്റ്റാമ്പ് പേപ്പർ വാങ്ങുന്നതിനും മുൻപുള്ളതാണ്.

13. 13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല. 46സ്പിൽ ഓവർ പ്രവൃത്തികൾ മുൻ വർഷങ്ങളിൽ ആരംഭിച്ചതാണെങ്കിലും തൻ വർഷവും (2017-18) പൂർത്തീകരിക്കാതെ തുടരുന്നു. സ്പിൽ ഓവർ പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷം പൂർത്തീകരിക്കാതിരുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. ഈ പ്രൊജക്റ്റുകളുടെ നിലവിലെ സ്ഥിതി, ഈ പ്രൊജക്റ്റുകൾ 2018-19 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ, ഇവ ഉപേക്ഷിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/22.12.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 3-19 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

2016-17 വർഷത്തിൽ ആരംഭിച്ച് 2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത് . എന്നാൽ താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 250/-രൂപ നിരക്കിൽ ബാരലിന്റെ വില 43250/-കരാറുകാരിൽ നിന്ന് ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ അടക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി/കരാറുകാരൻ | ബിൽ നം.-,തുക, അളവുപുസ്തകം | ആവശ്യമായ ബിറ്റുമിൻ(kg) (as per adequacy) - ബാരലിന്റെ എണ്ണം | ബാരലിന്റെ വില @ 250/- |
|---|---|---|---|---|
| 1. | 178/17മയ്യത്തുംകര ഉങ്ങുംതറ റോഡ് റീടാറിംഗ്, ശ്രീ അബ്ദുൾ കാസിം | 1/28.7.17- 962823/-, 498/17 | VG-30 – 5485.354-35.162<br>RS1- 556.2-3.056<br>SS1-459-2.527 | 40.745*250= 10186 |
| 2. | 159/17-തങ്ങൾപ്പടി കളപ്രത്തോട്ടം റോഡ് മെറ്റലിംഗ് & ടാറിംഗ്, വള്ളുവനാട് കൺസ്ട്രക്ഷൻസ് & ബിൽഡേഴ്സ് | 29/30.1.18, 200000/-, 501/17 | VG-30 – 727.95-4.666<br>RS1-94.875-0.521<br>SS1-293.25-1.613 | 6.8*250= 1700 |
| 3. | 555/17-കൈതക്കൽ റോഡ് മെറ്റലിംഗ് & ടാറിംഗ്, വള്ളുവനാട് കൺസ്ട്രക്ഷൻസ് & ബിൽഡേഴ്സ് | 28/30.1.18, 194520/- , 502/17 | VG-30 – 745.674-4.779<br>RS1-97.185-0.533<br>SS1-300.39-1.652 | 6.964*250= 1741 |
| 4. | 198/17-നട്ടവട്ടം പള്ളി റോഡ് മെറ്റലിംഗ്& ടാറിംഗ്, വള്ളുവനാട് കൺസ്ട്രക്ഷൻസ് & ബിൽഡേഴ്സ് | 25/30.1.18- 200000/-, 510/17 | VG-30 – 757.49-4.855<br>RS1-98.725-0.542<br>SS1-305.15-1.678 | 7.075*250= 1769 |
| 5. | 520/17-കരുക്കിൽപാടം റോഡ് ടാറിംഗ്, വള്ളുവനാട് കൺസ്ട്രക്ഷൻസ് & ബിൽഡേഴ്സ് | 26/30.1.18 -200000/- , 508/17 | VG-30 – 765.93-4.909<br>RS1-99.825-0.548<br>SS1- 308.55-1.697 | 7.154 *250= 1789 |
| 6. | 177/17-കറ്റിക്കോട് ഉങ്ങുംതറ റോഡ് റീടാറിംഗ്, ശ്രീ കെ. സെയ്തലവി | 15/28.9.17- 266700/-, 506/17 | VG-30 – 1973.99-12.2 | 14.601 *250= 3650 |

| | | | | |
|---|---|---|---|---|
| | | | RS1-231.01-1.155<br>SS1- 226.95-1.246 | |
| 7. | 481/17-ഉത വടക്കുപാടം റോഡ് അഭിവൃദ്ധിപ്പെടുത്തൽ, ശ്രീ ഒ.കെ. ബഷീർ | 3/28.7.17-235020/-, 504/17 | VG-30 – 2141.38-13.234<br>RS1-196.63-0.983 | 14.217*250= 3554 |
| 8. | 483/17-കുഴലുംപടി ചെന്ത്രോത്ത് പറമ്പ് റീടാറിംഗ്, ശ്രീ ഒ.കെ. ബഷീർ | 4/28.7.17-248429/-, 499/17 | VG-30 – 2461.51-15.21<br>RS1-223.965-1.119 | 16.329 *250 = 4082 |
| 9. | 252/17-ഉങ്ങുംതറ സെന്റർ പഴയ ലക്ഷംവീട് റോഡ് പുനരുദ്ധാരണം, ശ്രീ ഒ.കെ. ബഷീർ | 5/28.7.17-234786/-497/17 | VG-30 – 872-5.389<br>RS1-71.080.355 | 5.744*250= 1436 |
| 10. | 477/17കാറൽമണ്ണ കാളികടവ് റോഡ് ടാറിംഗ്, ശ്രീ മുഹമ്മദ് മുസ്തഫ- | 8/26.8.17-269700/-, 447/17 | VG-30 – 2422.182-14.970<br>RS1-273.405-1.367 | 16.337*250= 4084 |
| 11. | 32/17-കുറ്റിക്കോട് സുധപ്പടി റോഡ് മെറ്റലിംഗ് & ടാറിംഗ്, ശ്രീ അബ്ദുൾ സത്താർ | 9/26.8.17, 231000/-, 495/17 | VG-30 – 144.45-6.455<br>RS1-136.13-0.68<br>SS1-420.75-2.318 | 9.453*250= 2363 |
| 12. | 173/17-ക്ലളിയാട് കോഴിത്തൊടി റോഡ് മെറ്റലിംഗ്& ടാറിംഗ്, ശ്രീ അബ്ദുൾ സത്താർ | 10/26.8.17, 154000/-509/17 | VG-30 – 682.37-4.217<br>RS1-88.94-0.4447<br>SS1-274.89-1.514 | 6.176*250= 1544 |
| 13. | 123/17-മോഹൻദാസ് സ്മാരക റോഡ് മെറ്റലിംഗ്& ടാറിംഗ്, വള്ളുവനാട് കൺസ്ട്രക്ഷൻസ് & ബിൽഡേഴ്സ് | 27/30.1.18-200000/-, 505/17 | VG-30 –765.93-4.909<br>RS1-99.825-0.548<br>SS1-308.55-1.697 | 7.154*250= 1789 |
| | **ആകെ** | | | **39,687** |

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24.12.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

# 3-20 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിന ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി. (പല വർക്ക് ഫയലുകളിലും സെലക്ഷൻ നോട്ടീസ് നൽകിയതായി രേഖ ഇല്ല).

| ക്രമ നം. | പ്രവൃത്തിയുടെ വിവരം പി.എ.സി | ടെണ്ടർ അംഗീകരിച്ചത് | എഗ്രിമെന്റ് തീയതി/ കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | LIC കുന്ന് പടനിലത്ത് പടി ,83/18-99673.64 | 30.11.17 | 23.12.17, ശ്രീ ബാബു | 1000 |

| | | | | |
|---|---|---|---|---|
| 2. | ചങ്ങമ്പുഴ അംഗൻവാടി ചുറ്റുമതിൽനിർമ്മാണം, 490/17-98174.89 | 4.2.17 | 27.2.17, ശ്രീ ബഷീർ | 1000 |
| 3. | കൂടമംഗലംറോഡ് കോൺക്രീറ്റിംഗ്, 124/18 -149579 | 19.10.17 | 18.12.17, ശ്രീ.കെ. സെയ്തലവി | 1496 |
| 4. | ഹംപ്റോഡിൽ നിന്നുംവാണിയപ്പുര വരെയുള്ള റോഡ് കോൺക്രീറ്റിംഗ്, 143/18- 155034 | 30.11.17 | 5.1.18, ശ്രീ. മുഹമ്മദ് മുസ്തഫ | 1550 |
| | **ആകെ** | | | **5046** |

ഈടാക്കുവാൻ വിട്ടുപോയ ആകെ പിഴ 5046/-രൂപ കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24.12.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

# 3-21 ടെണ്ടർ വ്യതിയാനം കുറവു ചെയ്തിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളുടെ അളവു പുസ്തകം, ബിൽ എന്നിവ പരിശോധിക്കുമ്പോൾ ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെയാണ് കരാറുകാരന് തുക നൽകിയിരിക്കുന്നത് എന്നു കാണുന്നു. നാമമാത്ര തുകകളാണെങ്കിലും ടെണ്ടർ വ്യതിയാനം കുറവു ചെയ്യേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി, കരാറുകാരൻ, ടെണ്ടർ നിരക്ക് (കുറവ്) | ആകെ പ്രവൃത്തിമൂല്യം, | ഫൈനൽ ബിൽ , അളവുപുസ്തകം | ടെണ്ടർ വ്യതിയാനം കുറവു ചെയ്യേണ്ടത് |
|---|---|---|---|---|
| 1 | ഹംപ് റോഡിൽനിന്നും വാണിയപ്പുര വരെയുള്ള റോഡ് കോൺക്രീറ്റിംഗ്, ശ്രീ മുഹമ്മദ് മുസ്തഫ, 0.01%, below | 154852 | 109/20.3.18- 48852, 110/20.3.18- 106000/-, 94/17 | 15 |
| 2 | താന്നിയാർ തോട് റോഡ് കോൺക്രീറ്റിംഗ്, ശ്രീ ബഷീർ, 0.12%- below | 95970 | 113/20.3.18- 95970 | 115 |
| 3 | പരിയാരത്ത് തോട്ടത്തിൽറോഡ് കോൺക്രീറ്റിംഗ്, ശ്രീ ബഷീർ, 0.12% below | 100000 | 112/20.3.18- 100000, 41/17 | 120 |
| 4 | ഹൈസ്കൂൾ റോഡ് കാങ്കിൽ പറമ്പ് റോഡ്, ശ്രീ ബഷീർ 0.12% below | 50000 | 104/20.3.18- 50000,51/17 | 60 |
| | **ആകെ** | | | **310** |

# 3-22 വള്ളുവനാട് കൺസ്ട്രക്ഷൻസ് -ആദായനികുതിയിനത്തിൽ കുറവായി അടവാക്കിയ തുക ഈടാക്കേണ്ടതാണ്.

താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ ഏറ്റെടുത്തു ചെയ്തിരിക്കുന്നത് വള്ളുവനാട് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനമാണ്. ഈ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും ആദായനികുതി നിയമം വകുപ്പ് 194 സി പ്രകാരം 2% നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതായിരുന്നു. ഈ നിയമ പ്രകാരം കരാറുകാരൻ ഒരു വ്യക്തിയോ, അവിഭജിത ഹിന്ദു കുടുംബമോ ആണെങ്കിൽ 1% നിരക്കിലും അല്ലാത്ത കരാറുകാരിൽ നിന്നും 2% നിരക്കിലും നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 1% നിരക്കിൽ മാത്രമേ നികുതി ഈടാക്കിയിട്ടുള്ളൂ. ആദായനികുതിയിനത്തിൽ കുറവായി ഈടാക്കിയ തുക വള്ളുവനാട് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി /ആകെ പ്രവൃത്തിമൂല്യം | ബിൽനം./തുക/ ആദായനികുതി ഈടാക്കിയത് | ആദായനികുതി ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| 1 | സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പാചകപ്പുര നവീകരണം, 151/17, 153788.7 | 78/6.3.18,32778/-, 79/6.3.18,136308, IT-1530 | 3076 | 1546 |
| 2 | സാംസ്കാരിക നിലയം പുനരുദ്ധാരണം, 282/17, 156563..95 | 81/6.3.18,69233 80/6.3.18,102905 ,IT- 1557 | 3131 | 1574 |
| 3 | തങ്ങൾപ്പടി കളപ്രത്തോട്ടം റോഡ് മെറ്റലിംഗ് & ടാറിംഗ് , 159/17, 200000 | 29/30.1.18-200000,IT-2000 | 4000 | 2000 |
| 4 | കൈതക്കൽ റോഡ് മെറ്റലിംഗ് & ടാറിംഗ്, 555/17, 194520 | 28/30.1.18-194520, IT-1946 | 3890 | 1944 |
| 5 | നടുവട്ടം പള്ളി റോഡ് മെറ്റലിംഗ് & ടാറിംഗ്,198/17, 200000 | 25/30.1.18, 200000, IT-2000 | 4000 | 2000 |
| 6 | കരുക്കിൽപാടം റോഡ് ടാറിംഗ്, 520/17,200000 | 26/30.1.18,200000, IT-2000 | 4000 | 2000 |
| 7 | മോഹൻദാസ് സ്മാരക റോഡ് മെറ്റലിംഗ്& ടാറിംഗ്, 123/17,200000 | 27/30.1.18, 200000, IT-2000 | 4000 | 2000 |
| | **ആകെ** | | | **14064/-** |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24.12.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

# 3-23 കരാറുകാരൻ സേവനനികുതി തുക അടവാക്കിയ ഒറിജിനൽ രശീതി ഹാജരാക്കിയിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് /കൺവീനർക്ക് സർവീസ് ടാക്സ് കൂടി ഉൾപ്പെടുത്തിയാണ് ഫൈനൽ ബില്ല് നൽകുമ്പോൾ തുക നൽകിയിട്ടുള്ളത്. എന്നാൽ സർവീസ് ടാക്സ് അടവാക്കിയ രശീതി കരാറുകാർ/കൺവീനർ ഹാജരാക്കിയിട്ടില്ല. രശീതി ഹാജരാക്കേണ്ടതാണ്. കരാറുകാരൻ സേവനനികുതി തുക അടവാക്കിയ ഒറിജിനൽ രശീതി ഹാജരാക്കിയിട്ടില്ലാത്തതിനാൽ അത് ഹാജരാക്കുന്നതുവരെ തുക 64898/- ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. ഒറിജിനൽ രശീതി ഹാജരാക്കാത്തപക്ഷം സേവനനികുതിയിനത്തിൽ നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തി, കരാറുകാരൻ | ബിൽനം./ തുക<br>അളവുപുസ്തകം | ഫൈനൽ ബില്ലിൽ<br>സേവനനികുതി ഉൾപ്പടുത്തി നൽകിയത് |
|---|---|---|---|
| 1 | ചങ്ങമ്പുഴ അംഗൻവാടി ചുറ്റുമതിൽ നിർമ്മാണം ,490/17-<br>ശ്രീ ബഷീർ | 12/30.8.17-<br>82000/-,<br>507/17 | 5660 |
| 2 | ഏലിയപ്പൊറ്റ ഹെൽത്ത് സെന്റർ റിപ്പയർ, 80/17,<br>ശ്രീ. ദീപേഷ് | 3737/16.2.18-<br>280474/- ,<br>379/16,<br>378/16 | 26651 |
| 3 | സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പാചകപ്പുര നവീകരണം, 151/17, വള്ളുവനാട് കൺസ്ട്രക്ഷൻസ് | 78/6.3.18-<br>32778/-,<br>79/6.3.18-<br>136308/-,<br>373/16, 39/17 | 16148 |
| 4 | സാംസ്കാരിക നിലയം പുനരുദ്ധാരണം, 282/17, വള്ളുവനാട് കൺസ്ട്രക്ഷൻസ് | 81/6.3.18-<br>69233/-,<br>80/6.3.18-<br>102905/-,<br>40/2017,<br>375/16 | 16439 |
| | **ആകെ** | | 64898/- |

# 3-24 SC ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികൾ SCP ഫണ്ടുപയോഗിച്ച് ചെയ്തിട്ടുള്ളവയാണ്. എന്നാൽ വർക്ക് ഫയലിനോടൊപ്പം SC ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് എന്നിവ ഹാജരാക്കിയിട്ടില്ല.

1. പെരീരി കോളനി റോഡ് കോൺക്രീറ്റിംഗ് (253/17)
2. ആക്കംപൊറ്റ SC കോളനി റോഡ് (262/17)
3. ഓട്ടുപാറക്കുണ്ട് കോളനി റോഡ് (195/18)

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24.12.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല രേഖകൾ ഹാജരാക്കേണ്ടതാണ്. വർക്ക് ഫയലുകളുടെ അനുബന്ധമായി സൂക്ഷിക്കേണ്ട രേഖകൾ ഫയലിനോടൊപ്പം സൂക്ഷിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-25 പൊളിച്ചുമാറ്റിയ ഉപയോഗയോഗ്യമായ സാധനങ്ങളുടെ വിനിയോഗം അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല

അടങ്കൽ -300000/-

ബിൽ നം. - 137/28.3.18- 298938/-

അളവുപുസ്തകം-155/17-18

ഹയർ സെക്കന്ററി സ്കൂൾ ലബോറട്ടറി ഫ്ലോറിംഗ് ടൈൽ വർക്ക് (245/18)എന്ന പ്രവൃത്തിയിൽ ഇനം (1) ആയി 8.27m3 ബ്രിക്ക് വർക്ക് Demolish ചെയ്യുതിനും ഉപയോഗയോഗ്യമായ സാധനങ്ങൾ സ്റ്റാക്ക ചെയ്യുതിനും 9565/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഉപയോഗയോഗ്യമായ സാധനങ്ങൾ എത്രയുണ്ടെന്നോ അവ എപ്രകാരം വിനിയോഗിച്ചു എന്നോ അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ലഭ്യമായ സാധനങ്ങളുടെ വില കണക്കാക്കി ബില്ലിൽ നിന്നും കുറവു ചെയ്യുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24.12.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-26 ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിച്ചിട്ടുള്ളവയാണ്. എന്നാൽ ഇവയിൽ സർക്കുലർ നം.1/1559/ 2010/സി.ഇ./ ത.സ്വ.ഭ.വ. തിയതി, 13.11.2014 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ള ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുകയോ അതുപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

1. പെരീരീ കോളനി റോഡ് കോൺക്രീറ്റിംഗ് (253/17)
2. പൊതുകുളങ്ങൾക്ക് കമ്പിവേലി(507/16)
3. 26 മൈൽ കരുമാനംകുറിശ്ശി റോഡ് സൈഡ് കോൺക്രീറ്റിംഗ് (564/16)
4. കണക്കഞ്ചരി റോഡ് പുനരുദ്ധാരണം (523/16)
5. സാംസ്കാരിക നിലയം റോഡ് കോൺക്രീറ്റിംഗ്(384/18)
6. കുളിയാട് കോഴിത്തൊടി റോഡ് കോൺക്രീറ്റിംഗ്(360/18)

ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്നും അതുപ്രകാരമുള്ള രേഖകൾ സൂക്ഷിക്കുന്നുണ്ടെന്നും ഫൈനൽ ബിൽ തുക നൽകുന്നതിനു മുൻപായി നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

# 3-27 ഇൻസിനറേറ്റർ യാർഡ് - ഇൻസിനറേറ്റർ പുകക്കുഴൽ മാറ്റലും അറ്റകുറ്റപണികളും ചെലവ് പാഴ്ചെലവ്

മാലിന്യ സംസ്കരണ യാർഡിൽ സ്പിൽ ഓവർ പ്രവൃത്തികളായി താഴെ പറയുന്നവയ്ക്ക് തുക വകയിരുത്തിയിട്ടുണ്ട് .

1. 342/18-ഇൻസിനറേറ്റർ യാർഡ് കുടിവെള്ളപദ്ധതി-150000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
2. 343/18-ഇൻസിനറേറ്റർ യാർഡ് പുനരുദ്ധാരണം -300000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )
3. 392/18-ഇൻസിനറേറ്റർ പുകക്കുഴൽ മാറ്റലും അറ്റകുറ്റപണികളും -250000/-(തനതുഫണ്ട് )

എന്നാൽ ഇതിൽ ക്രമനം.3 പ്രവൃത്തി മാത്രമേ നടപ്പിലായുള്ളു. മറ്റുള്ളവ നടപ്പിലാക്കിയിട്ടില്ല. ഇൻസിനറേറ്റർ പുകക്കുഴൽ മാറ്റലും അറ്റകുറ്റപണികളും പ്രവൃത്തിക്കായി തനതുഫണ്ടിൽ നിന്നും ചെക്ക് നം.33004333/08.11.17 പ്രകാരം 248908/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് ടീം ഇൻസിനറേറ്റർ യാർഡ് സന്ദർശിച്ചപ്പോൾ ഇൻസിനറേറ്റർ കണ്ടെത്താനായില്ല. കൂടാതെ യാർഡ് നിലവിലിൽ ഉപയോഗിക്കുന്നില്ല എന്നും കണ്ടു. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തിക്കായി ചെലവഴിച്ച തുക പാഴ്ചെലവായി കാണുന്നു. ഇൻസിനറേറ്റർ ലോഹ നിർമ്മിതമായതു കൊണ്ട് ഇത് നീക്കം ചെയ്യുതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24.12.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രവൃത്തിക്കായി ചെലവഴിച്ച 248908/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 3-28 വർക്ക് ഫയലുകൾ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു

താഴെ പറയുന്ന വർക്ക് ഫയലുകൾ ഹാജരാക്കിയിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു

| ക്രമ നം. | പ്രൊജക്റ്റ് | തുക | ട്രഷറി ബിൽ നം./ ചെക്ക് നം. തീയതി/ |
|---|---|---|---|
| 1. | ഏലിയപ്പൊറ്റ അംഗൻവാടി റൂഫ് | 50000 & 350000 (central fund) | 13/29.9.17 015111/3.10.17 |
| 2. | മാളിയാട്ട് കുടിവെള്ളപദ്ധതി | 100000 & 235000 (own fund) | 16/19.10.17/19.10.17 3300433/ 8.11.17 |
| 3. | മണ്ണംകുഴി കുലുക്കംപാറ റോഡ് സൈഡ് | 73194 | 62/24.2.18 |
| 4. | EMS റോഡ് റീടാറിംഗ് | 452604 | 92/12.3.18 |
| 5. | വിളക്കത്ര പടി പടവ് | 38750 & 10000 (own fund) | 136/28.3.18 2457205/28.3.18 |
| 6. | താണ്യാർ തോട് റോഡ് കോൺക്രീറ്റിംഗ് | 75000 (own fund) | 3300432/ 01.11.17 |
| 7. | കൃഷിഭവൻ ഹാൾ പൂർത്തീകരണം | 50336 (own fund) | 3300432/ 01.11.17 |
| 8. | APK സലഫി ലിങ്ക് റോഡ് കോൺക്രീറ്റിംഗ് | 35000 (own fund) | 439343/17.8.17 |
| 9. | മിനി ഇൻഡസ്ട്രിയൽ റോഡ് റീടാറിംഗ് | 150000(own fund) | 8752015/ 27.3.18 |
| 10. | ക്ലരിയാട്ട് പടി റോഡ് കോൺക്രീറ്റിംഗ് | 75000 (own fund) | 439243/ 17.8.17 |
| 11. | ഗാന്ധി നഗർ ലിങ്ക് റോഡ് | 83648 (own fund) | 3300422/ 28.07.17 |
| 12. | കമ്മാളത്ത് പടി ചിറ പുനരുദ്ധാരണം | 30000 (own fund) | 3300433/ 08.11.17 |
| 13. | ബസ്സ് സ്റ്റാൻഡ് ,ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം | 196249 (own fund) | 3300433/ 08.11.17 |
| 14. | വലിയകളം റോഡ് പുനരുദ്ധാരണം | 49849 (own fund) | 9749819/ 14.3.18 |
| | **ആകെ** | **2054630** | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/22.12.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടിയോ രേഖകളോ ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രവൃത്തികൾക്കായി ചെലവഴിച്ച 2054630 /- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 3-29 പുതിയ മൃഗാശുപത്രി കെട്ടിടം - വൈദ്യുതി കണക്ഷൻ

# ലഭ്യമായിട്ടില്ല

2014-15 ൽ ആരംഭിച്ച് തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച പുതിയ മൃഗാശുപത്രി കെട്ടിടം ഓഡിറ്റ് ടീം സന്ദർശിച്ചപ്പോൾ നിലവിലും വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല എന്നുകാണുന്നു. വൈദ്യുതീകരണത്തിന് തൻവർഷം തുക വകയിരുത്തിയിരുന്നെങ്കിലും നടപ്പിലായിട്ടില്ല. ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടുള്ള ഈ കെട്ടിടത്തിന്റെ വൈദ്യുതീകരണത്തിന് 2018-19 ൽ സ്പിൽ ഓവറായി തുക വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഒരു കെട്ടിടത്തിനാവശ്യമായ എല്ലാ ഇനങ്ങളും ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം പാലിക്കാതിരുന്നതു മൂലമാണ് ഇപ്രകാരം സംഭവിച്ചത്. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/24.12.2018) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.

പുതിയ മൃഗാശുപത്രി കെട്ടിടത്തിന് സമീപമുള്ള പഴയ മൃഗാശുപത്രി കെട്ടിടം മോശപ്പെട്ട അവസ്ഥയിലാണ്. അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിക്കാവുന്ന സ്ഥിതിയിലല്ലെങ്കിൽ മൂല്യ നിർണ്ണയം നടത്തി പൊളിച്ച് ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-30 ഗവ.ഹൈസ്ക്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതി | ചെർപ്പുളശ്ശേരി ഗവ.ഹൈസ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ (8/2018) |
| അടങ്കൽ | 21938/- (തനത് ഫണ്ട്) |
| ചെലവ് തുക | 21938/-(ചെക്ക് നം.439335/ 8.8.17) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2016-17 ലെ സ്പിൽ ഓവർ പദ്ധതിയാണിത് (ഗവ.ഹൈസ്കൂളിലെ അടിസ്ഥാനസൌകര്യങ്ങൾ വർദ്ധിപ്പിക്കൽ നം. 544/17). മൽസരാധിഷ്ഠിത ടെന്റർ നടപടികളില്ലാതെ കമ്പ്യൂട്ടറുകൾ അവയുടെ അനുബന്ധ ഉപകരണങ്ങൾ എന്നിവ നേരിട്ട് ചിപ്സെറ്റ് കമ്പ്യൂട്ടേഴ്സ്, പാലക്കാട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് നൽകിയ തുകയായ 276022/- രൂപ 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 പ്രകാരം ഓഡിറ്റ് തടസ്സപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ തനത് ഫണ്ട് വിഹിതം 21938/- ബാക്കി തുകയാണ് ഈ സാമ്പത്തിക വർഷം നൽകിയിട്ടുള്ളത്. ആയതിനാൽ ചെലവ് തുക 21938/- തടസ്സപെടുത്തുന്നു. ഓഡിറ്റ് അന്വേഷണം നം. 24/22.12.2018 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-31 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം- 27470 രൂപ നിരാകരിക്കുന്നു-54940 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ചെർപ്പുളശ്ശേരി നഗരസഭ ഹയർ സെക്കന്ററി പ്രിൻസിപ്പൽ നിർവഹിച്ച പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം- അർഹതയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം ചെയ്ത നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

പ്രൊജക്ട് വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 403/18 |
| പ്രൊജക്ടിന്റെ പേര് | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം.<br>(എസ്.സി.) |
| | |

| | |
|---|---|
| അടങ്കൽ തുക | 638455/- രൂപ |
| ചെലവ് തുക | 604340/- രൂപ (ബിൽ നം.2001335700/28.3.18 |
| വിതരണ ഏജൻസി | Neo System Agencies , Ottappalam |
| Invoice No | 188/26.3.18 |
| Cash Bill No | 188/26.3.18 |
| വിതരണം ചെയ്ത ലാപ്പ്ടോപ്പുകളുടെ എണ്ണം | 22 |
| യൂണിറ്റ് വില ( GST ഉൾപ്പെടെ) | 27470/- രൂപ |

മേൽ പറഞ്ഞ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 22 SC വിദ്യാർത്ഥികൾക്കാണ് ലാപ്പ് ടോപ്പ് വിതരണം ചെയ്തിട്ടുള്ളത്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി (2017-18 ) സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്)നം.80/2017/തസ്വ.ഭ.വ. തീയ്യതി. 23.5.2017-ലെ ഖണ്ഡിക 11.8 ഉപ ഖണ്ഡിക 5 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയിഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടിക ജാതി കുട്ടികൾക്കാണ് സാമ്പത്തികാനുകൂല്യത്തിന്നർഹതയുള്ളത്.

മേൽ പറഞ്ഞ ഉത്തരവിലെ ഉപ ഖണ്ഡിക 7 പ്രകാരം പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിനു ശേഷമേ ആനുകൂല്യം നൽകാവൂ. എന്നാൽ മേൽ പറഞ്ഞ നിബന്ധനകൾക്ക് വിരുദ്ധമായി താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ലാപ്പ് ടോപ്പ് വിതരണം ചെയ്തതായി കാണുന്നു

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പഠിതാവിന്റെ പേരും വിലാസവും | പഠിക്കുന്ന സ്ഥാപനത്തിന്റെ പേരും പാഠ്യപദ്ധതിയുടെ പേരും | ആനുകൂല്യത്തിന് അർഹതയില്ലാത്തതിന്റെ കാരണങ്ങൾ |
|---|---|---|---|
| 1 | കൃഷ്ണ .സി,<br>ചേരിക്കല്ലു പറമ്പിൽവീട്,<br>വീരമംഗലം ,<br>ചെർപ്പുളശ്ശേരി | B.Ed കോഴ്സ്<br>ഭാരതീയ വിദ്യാനികേതൻ,<br>കല്ലേക്കാട്, പാലക്കാട് | പദ്ധതി മാർഗ്ഗരേഖ പ്രകാരം അധ്യാപക പരിശീലന കോഴ്സ് ഈ സാമ്പത്തികാനു-കൂല്യത്തിന്<br>പരിഗണിക്കപ്പെടുന്നില്ല. |
| 2 | A. വിഷ്ണുദാസ്, S/o.രാമകൃഷ്ണൻ, ആല്യംകുന്നത്ത് വീട്<br>ചെർപ്പുളശ്ശേരി | കോർദോവ കോളേജ്,<br>ചെർപ്പുളശ്ശേരി<br>B.Com. ബിരുദം, മൂന്നാം വർഷം | പഠിക്കുന്ന സ്ഥാപനത്തിന് സർവകലാശാല അഫിലിയേഷൻ ഉണ്ടെന്നുള്ളതിനുള്ള രേഖകൾ ഇല്ല.<br>അല്ലെങ്കിൽ<br>പഠിതാവിന് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഉണ്ടെന്നു തെളിയിക്കുന്ന രേഖകൾ ഇല്ല |
| 3 | അക്ഷയ്, S/O. ചന്ദ്രൻ.പി | മലമ്പുഴ ITI പ്രിൻസിപ്പലിന്റെ 21.12.2017-ലെ C1/Training/2017 നമ്പർ | (1)സ്ഥാപന മേധാവി നൽകിയ സാക്ഷ്യപത്രം |

| | | | |
|---|---|---|---|
| | പുളിക്കത്തൊടി വീട് <br> പന്നിയംകുറുശ്ശി, <br> ചെർപ്പുളശ്ശേരി | സാക്ഷ്യപത്ര പ്രകാരം ടിയാൻ 2016 ആഗസ്റ്റിൽ ആരംഭിച്ച് 2017 ജൂലൈയിൽ അവസാനിക്കുന്ന പരിശീലന പരിപാടിയിൽ ടിയാൻ പങ്കെടുത്തിട്ടുണ്ട് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. <br> മേൽ പറഞ്ഞ പരിശീലന പദ്ധതി സബ്സിഡി മാർഗ്ഗ രേഖയിൽ പറയുന്ന ഏതെങ്കിലും കോഴ്സാണോ യെന്നത് വ്യക്തമല്ല. | പ്രകാരമുള്ള പരിശീലന പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്ന ഏതെങ്കിലും കോഴ്സാണോയെന്നത് വ്യക്തമല്ല. <br> (2)പദ്ധതി നിർവഹണ സമയത്ത് ടിയാൻ സബ്സിഡി മാർഗ്ഗരേഖയിൽ പറഞ്ഞ കോഴ്സുകളൊന്നും ചെയ്യുന്നില്ല. <br> (സബ്സിഡി മാർഗ നിർദേശങ്ങൾ പ്രകാരം പദ്ധതി നിർവഹണ സമയത്ത് പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യത്തിനർഹ തയുള്ളത്) |

മേൽ പറഞ്ഞ അപാകതകളിന്മേൽ വിശദീകരണങ്ങളെന്തെങ്കിലും സമർപ്പിക്കാനുണ്ടെങ്കിൽ ആയത് 15.12.2012 നകം രേഖാമൂലം സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 13.12.2018 ന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 22.12.2018 ന് നൽകിയ മറുപടിയിൽ ക്രമ നമ്പർ (2),(5),(6) എന്നീ ഗുണഭോകതാക്കളുടെ, യൂണിവേഴ്സിറ്റി അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കി. ക്രമ നമ്പർ (3), (4) ഗുണഭോക്താക്കൾക്ക് പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള യോഗ്യതയില്ലാത്തതിനാൽ ലാപ്പ്ടോപ്പ് നൽകിയിട്ടില്ലെന്നും ആയത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും പരിശോധനയ്ക്ക് ഹാജരാക്കുന്ന എന്നും മറുപടിയിൽ പറഞ്ഞെങ്കിലും ഉപകരണങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഗുണഭോക്താക്കൾക്ക് പദ്ധതി നിർദേശ പ്രകാരമുള്ള യോഗ്യതയുണ്ട് എന്നുറപ്പ് വരുത്താതെ പദ്ധതി ഫണ്ട് ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങുകയും അവ വിതരണം ചെയ്യാൻ കഴിയാതെ ഉപയോഗ ശൂന്യമാകുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുന്നത് പദ്ധതി ഫണ്ടിന്റെ ദുരുപയോഗമായി വിലയിരുത്തുന്നു.

ആയതിനാൽ പദ്ധതി നിർദേശ പ്രകാരം യോഗ്യതയില്ലാത്ത ക്രമ നമ്പർ (1) ഗുണഭോക്താവിന് ലാപ്പ്ടോപ്പ് നൽകിയതിന് ചെലവഴിച്ച 27470/- രൂപ നിരാകരിക്കുന്നു. ക്രമ നമ്പർ (3), (4) ഗുണഭോക്താക്കൾക്ക് വേണ്ടി വാങ്ങിയ 2 ലാപ്പ് ടോപ്പുകൾ ഓഡിറ്റ് മുമ്പാകെ പ്രാദേശിക പരിശോധനയ്ക്ക് ഹാജരാക്കിയ ശേഷം ഇനി തെരഞ്ഞെടുക്കപ്പെടുന്ന യോഗ്യതയുള്ള ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതും വിവരം തെളിവ് സഹിതം ഓഡിറ്റിനെ അറിയിക്കുകയും ചെയ്യേണ്ടതാണ്. മേൽ പറഞ്ഞ നടപടികൾ പൂർത്തിയാക്കുന്നതു വരെ, രണ്ട് ലാപ്പ്ടോപ്പുകൾക്ക് വേണ്ടി ചെലവഴിച്ച 54940/- രൂപ (27470 x2) തടസ്സപ്പെടുത്തുന്നു.

# 3 - 32 മഴക്കാല പൂർവ്വ ശുചീകരണം - 2,92,974/- രൂപയുടെ ചെലവ് വിനിയോഗം ലഭ്യമല്ല – തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണം – സെക്രട്ടറി

മഴക്കാല പൂർവ്വ ശുചീകരണത്തിനായി വിവിധ വാർഡ് സാനിട്ടേഷൻ കമ്മറ്റികളുടെ അക്കൗണ്ടുകളിലേക്ക് തനത് ഫണ്ടിൽ നിന്ന് താഴെ പറയും പ്രകാരം തുകകൾ അനുവദിച്ചിട്ടുണ്ട്.

വൗച്ചർ നം/ തീയതി - തുക

148/15.06.17 - 257462 – 29 വാർഡുകൾക്ക് 8878/- രൂപ വീതം

167/27.06.17 - 35512 - 4 വാർഡുകൾക്ക് 8878/- രൂപ വീതം

ഓഡിറ്റ് അന്വേഷണം (നം - 27/24.12.18) മുഖേന മേൽ ചെലവുകളുടെ വിനിയോഗവിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 2,92,974/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-33 ചെർപ്പുളശ്ശേരി നഗരസഭയിലെ മാലിന്യ സംസ്കരണ സംവിധാനം

ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്നത് മുനിസിപ്പാലിറ്റികളുടെ അനിവാര്യ ചുമതലകളിൽ ഒന്നാണ്. ചെർപ്പുളശ്ശേരി നഗരസഭയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം എത്രത്തോളം ഫലപ്രദമാണ് എന്നും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരം നൽകിയിട്ടുള്ള ചുമതലകളും അധികാരങ്ങളും നഗരസഭ ഫലപ്രദമായി നിർവ്വഹിക്കുന്നുണ്ടോ എന്നും നിയന്ത്രണ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമാണോ എന്നും പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാനദണ്ഡങ്ങളും മറ്റ് സർക്കാർ ഉത്തരവുകളും കണക്കിലെടുത്ത് സുസ്ഥിര മാലിന്യ നിയന്ത്രണ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ടോ എന്നും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ടോ എന്നതും പരിശോധനാ ലക്ഷ്യത്തിൽ ഉൾപ്പെട്ടിരുന്നു.

ലക്ഷ്യത്തെ മുൻനിർത്തി, മുനിസിപ്പാലിറ്റിയുടെ നിലവിലുള്ള മാലിന്യ നിയന്ത്രണ സംവിധാനം വിലയിരുത്തുകയും വിവിധ രേഖകൾ പരിശോധിക്കുകയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ചർച്ച നടത്തുകയും നഗരസഭയുടെ മാലിന്യ സംസ്കരണ പ്ലാന്റ്(ഇൻസിനറേറ്റർ യാർഡ്, പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ) സന്ദർശനം നടത്തുകയും ചെയ്തു.

പരിശോധനയുടെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1. നഗരസഭയുടെ ഖരമാലിന്യ സംസ്കരണ സംവിധാനം

ജൈവ മാലിന്യം സംസ്കരിക്കുന്നതിന് നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണ രീതി നടപ്പിലാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനായി 2017-18 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്ന് 9 ലക്ഷം രൂപ ചെലവിട്ട് സ.ഉ (സാധാ) നം. 1641/2017/ത.സ്വ.ഭ.വ തീയതി 19.05.2017ലെ വ്യവസ്ഥ പ്രകാരം ക്ലീൻ കേരള മുഖേന പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത യൂണിറ്റ് 7.04.2018 മുതലാണ് നഗരസഭയുടെ കമ്മ്യൂണിറ്റി ഹാളിന്റെ ഒരു വശത്ത് പ്രവർത്തനം തുടങ്ങിയിട്ടുള്ളത്. നഗരസഭയിലെ മുഴുവൻ വാർഡുകളിലെ വീടുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യ ശേഖരണവുമായി ബന്ധപ്പെട്ട് നഗരസഭയിൽ 6 താൽക്കാലിക ജീവനക്കാർ, 25അംഗങ്ങളുള്ള ഹരിത കർമ്മ സേന എന്നിവർ പ്രവർത്തിച്ചു വരുന്നു.

എ. ആവിഷ്കരിച്ച പ്രൊജക്ടുകൾ

2017-18 വർഷത്തിൽ 9.82 ലക്ഷം രൂപ ചെലവഴിച്ച് പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റ് എന്ന പ്രൊജക്ട്നഗരസഭ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ചെർപ്പുളശ്ശേരി നഗരസഭ 2015/നവംബറിലാണ് രൂപീകൃതമാകുന്നത്. ഇതിനു മുൻപ് പഞ്ചായത്തിൽ ജൈവ അജൈവ മാലിന്യം സംസ്കരിക്കുന്നതിന് ഇൻസിനറേറ്റർ യാർഡ്/മണ്ണിര കംപോസ്റ്റ് യൂണിറ്റ് എന്നിവ നിലവിലുണ്ടായിരുന്നു. ആയത് ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് ടീം ഇൻസിനറേറ്റർ യാർഡിൽ സ്ഥല പരിശോധന നടത്തിയതിൽ ആയത് ബോധ്യപ്പെട്ടു. ഭാവിയിൽ ഇൻസിനറേറ്റർ യാർഡ് മെറ്റീരിയൽ ഫെസിലിറ്റേഷൻ സെന്ററായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

ബി. പ്ലാസ്റ്റിക് ഷ്രെഡ്ഡിങ്ങ് യൂണിറ്റിന്റെ പ്രവർത്തനം വിലയിരുത്തൽ

യൂണിറ്റിലുള്ള മെഷീനുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. ഷ്രെഡ്ഡിങ്ങ് മെഷീൻ (ബ്ലേഡ് ഗ്രൈൻഡർ ഉൾപ്പെടെ)

യന്ത്ര ശക്തി - 15 H.P

പ്രവർത്തന ശേഷി - 1 ടൺ/ദിവസം (100 kg/hour)

2. ഹൈഡ്രോളിക് ബെയ് ലിങ്ങ് മെഷീൻ

യന്ത്ര ശക്തി - 7.5 H.P

പ്രവർത്തന ശേഷി - 12 strokes/hour

പ്രവർത്തന രീതി - Electric panel operated

യൂണിറ്റിനു വേണ്ട ജലത്തിന്റെ ആവശ്യകത – 1/2 KLD

മെഷീൻ സ്ഥാപിക്കുന്ന ഷെഡ്ഡിന്റെ വിസ്തൃതി - 1000 sq.ft

വൈദ്യുതി കണക്ഷൻ - 3 phase- 28.05.18 മുതൽ ഇന്നേവരെ ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ 12171/-രൂപ അടവാക്കിയിട്ടുണ്ട്.

ദിനംപ്രതി ഒരു ടൺ പ്ലാസ്റ്റിക് ഷ്രെഡ്ഡ് ചെയ്ത് 800കി.ഗ്രാം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉല്പാദിപ്പിക്കാൻ ശേഷിയുള്ള ഷ്രെഡ്ഡിംഗ് മെഷീനാണ് സ്ഥാപിച്ചിട്ടുള്ളത്. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടി പ്രകാരം 7.04.2018ന് ഷ്രെഡ്ഡിങ്ങ് മെഷീൻ സ്ഥാപിച്ചതിനു ശേഷം ഇതുവരെ ശരാശരി 5700 കി.ഗ്രാം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ആണ് ഉല്പാദിപ്പിച്ചിട്ടുള്ളത് എന്നു കാണുന്നു. ദിനംപ്രതി ശേഖരിക്കുന്ന പ്ലാസ്റ്റിക്കും, ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കും യൂണിറ്റിൽത്തന്നെയാണ് സൂക്ഷിക്കുന്നത്. ഇവയ്ക്ക് പ്രത്യേകം സ്റ്റോക്ക് സൂക്ഷിച്ചിട്ടില്ല. ദിനംപ്രതി ശേഖരിക്കുന്ന പ്ലാസ്റ്റിക്, ഉല്പാദിപ്പിച്ച ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്, വിപണനം നടത്തിയത്, ബാക്കി എന്നീ വിവരങ്ങളടങ്ങിയ ഒരു സ്റ്റോക്ക് രജിസ്റ്റർ ഹെൽത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കേണ്ടതുണ്ട്. അപ്രകാരം തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വിപണനം ചെയ്യാതെ അവശേഷിക്കുന്ന ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കിന്റെ മൂല്യം നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല.

2. മാലിന്യ സംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള ജീവനക്കാരുടെ വിവരം

സ്വീപ്പിംഗ്, പ്ലാസ്റ്റിക് മാലിന്യ ശേഖരണം, വേർതിരിക്കൽ, മുതലായ പ്രവൃത്തികൾക്കായി 6 താത്കാലിക ജീവനക്കാരെ നഗരസഭ നിയോഗിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിദിനം നൽകുന്ന വേതനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

പ്ലാസ്റ്റിക് മാലിന്യ ശേഖരണം -

സ്വീപ്പിങ്ങ് - 2 – 645/-

ഡ്രൈവർ (ട്രാക്ടർ) - 1 – 645/-

ഡ്രൈവർ (ഗുഡ്സ് ഓട്ടോ) - 1 – 645/-

മാലിന്യം വേർതിരിക്കൽ - 2 – 645/-

ഷ്രെഡ്ഡിങ്ങ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് 25 പേരടങ്ങുന്ന ഹരിത കർമ്മ സേനയാണ്. ഇവർക്ക് നിശ്ചയിച്ചിട്ടുള്ള പ്രതിമാസ ശമ്പളം 6000/- രൂപയാണ്. ആരോഗ്യ വിഭാഗം ജീവനക്കാരുടെ മേൽനോട്ടത്തിലാണ് തൊഴിലാളികൾ പ്രവർത്തിച്ചു വരുന്നത്. 2015 ൽ മാത്രം നഗരസഭയായി ഉയർത്തപ്പെട്ട ചെർപ്പുളശ്ശേരി നഗരസഭയ്ക്ക് അനുവദിക്കപ്പെട്ട തസ്തികകളിൽ പലതിലും സ്ഥിരം നിയമനം നടക്കാത്തതിനാൽ മേൽനോട്ടച്ചുമതല താത്കാലിക ജീവനക്കാരാണ് നടത്തുന്നത്.

3. മാലിന്യ ശേഖരണത്തിനുള്ള വാഹനം

പഞ്ചായത്ത് ആയിരുന്ന കാലത്ത് ഉണ്ടായിരുന്ന ഒരു ട്രാക്ടർ, ഒരു ഗുഡ്സ് ഓട്ടോ എന്നിവ മാത്രമാണ് മാലിന്യം ശേഖരിക്കുന്നതിനായി നിലവിൽ ഉപയോഗിക്കുന്നത്. നഗരസഭയിലെ എല്ലാ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് മേൽ വാഹനങ്ങളുടെ സഹായത്തോടെ പ്ലാന്റിൽ കൊണ്ടു പോയി നിക്ഷേപിക്കുന്നുണ്ട്.

4. മാലിന്യം ശേഖരിക്കുന്ന രീതി

നഗരസഭയിലെ മുഴുവൻ വാർഡുകളിലെ വീടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇൻസിനറേറ്റർ യാർഡിൽ കൊണ്ടുവന്ന് തരംതിരിച്ച് ഉപയോഗിക്കാൻ കഴിയാത്ത മാലിന്യം ലേലം ചെയ്യുന്നുണ്ട്. നഗരസഭയുടെ 33 വാർഡുകളിൽ ഹരിത കർമ്മസേന 11 ഗ്രൂപ്പുകളായി തിരിഞ്ഞ് പ്ലാസ്റ്റിക്, കുപ്പി മുതലായവ ശേഖരിച്ച് വാഹനത്തിൽ ഷ്രെഡ്ഡിങ്ങ് യൂണിറ്റിൽ എത്തിക്കുകയും, അവ വേർതിരിച്ച് ഷ്രെഡ്ഡിങ്ങ്, കംപ്രസ്സിങ്ങ് എന്നിവ ചെയ്ത് ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നു.

5. വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി സ്വീകരിച്ച നടപടികൾ

ബയോ ഗ്യാസ് പ്ലാന്റ്, ഗാർഹിക കംപോസ്റ്റ് മുതലായ വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം പ്രോൽസാഹിപ്പിക്കുന്നതിനായി നഗരസഭ മുൻഗണന നൽകിയിട്ടില്ലെന്ന് പദ്ധതി രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു. ആയതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരികയാണെന്ന് നഗരസഭ അറിയിച്ചിട്ടുണ്ട്.

6. ഉറവിട മാലിന്യം സംസ്കരണം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ

സ.ഉ(സാധാ)നം.2511/2017/തസ്വഭവ തിയതി 22-07-2017 പ്രകാരം ഉറവിട മാലിന്യ സംസ്കരണം ഫലപ്രദമായും കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നതനുസരിച്ച് ജൈവ മാലിന്യം സംസ്ക്കരിക്കുന്നതിന് നഗരസഭയിൽ ഉറവിട മാലിന്യ സംസ്കരണ രീതി നടപ്പിലാക്കിയിട്ടുണ്ട്.

ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഭക്ഷണശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റ്, പച്ചക്കറി-പഴം വിപണന കടകൾ, മത്സ്യം, മാസം എന്നിവ വിൽക്കുന്ന കടകൾ, കാന്റീനുകൾ, എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ഉറവിടത്തിൽ തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് ബയോബിൻ,

എയ്റോബിക് ബിൻ, ബയോഗ്യാസ് പ്ലാന്റ് പോലുള്ള സംവിധാനങ്ങൾ 15-09-2017 ന് മുമ്പായി സജ്ജീകരിക്കുവാനുള്ള നിർദ്ദേശം സ്ഥാപനങ്ങൾക്ക് നൽകുവാൻ തദ്ദേശ സ്ഥാപനങ്ങളോട് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സംവിധാനം ഏർപ്പെടുത്താത്ത സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിരുന്നു. ജൈവ, അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഉണ്ടെന്ന് ഉറപ്പാക്കി മാത്രമേ ഡി&ഒ ലൈസൻസ് അനുവദിക്കാവൂ എന്നും അജൈവ മാലിന്യങ്ങൾ നിശ്ചിത ഫീസ് ഈടാക്കി തദ്ദേശ സ്ഥാപനത്തിന് ശേഖരിക്കാവുന്നതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ളതും പുതുതായി ഡി&ഒ ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കമ്പ്യൂട്ടറൈസ് ചെയ്ത് പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 334, 334എ, 334ബി, കേന്ദ്ര സർക്കാരിന്റെ സോളിഡ് വേസ്റ്റ് ചട്ടങ്ങൾ, 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നുണ്ടെന്ന് സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണും സർക്കാർ നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

7. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവയുടെ പാലനം

എ. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ(കൈ)നം.17/2018/തസ്വഭവ തിയതി 2-2-2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ ഖണ്ഡിക 11 പ്രകാരം ഷ്രഡ്ഡിംഗ് നടത്തിയതിനുശേഷം ലഭിക്കുന്ന പ്ലാസ്റ്റിക് ഷ്രെഡ്സ് പത്ത് ശതമാനം റോഡ് പ്രവൃത്തികളിലെങ്കിലും ഉപയോഗപ്പെടുത്തുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി ക്ലീൻ കേരള കമ്പനിയുടെ സഹായം തേടേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു.

7.04.2018ന് ഷ്രെഡ്ഡിങ്ങ് മെഷീൻ സ്ഥാപിച്ചതിനു ശേഷം ഇതുവരെ ശരാശരി 5700 കി.ഗ്രാം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ഉല്പാദിപ്പിച്ച് ക്ലീൻ കേരള മുഖേന വിപണനം നടത്തിയതിൽ 1250കി.ഗ്രാമിന്റെ വിലയായ 18000/-രൂപ മാത്രമാണ് ക്ലീൻ കേരളയിൽ നിന്ന് ലഭ്യമായിട്ടുള്ളത്. ബാക്കി 4450കി.ഗ്രാമിന്റെ വില നഗരസഭക്ക് ലഭ്യമായിട്ടില്ല. നിലവിൽ ഉല്പാദിപ്പിക്കുന്ന ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ക്ലീൻ കേരള എടുക്കാത്ത സാഹചര്യമാണുള്ളത്.

ആയത് ഉചിതമായ രീതിയിൽ കയ്യൊഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ക്ലീൻ കേരളയുടെ പ്രൊജക്ട് പ്രകാരം ഷ്രെഡ്ഡഡ് പ്ലാസ്റ്റികിന്റെ വിപണനത്തിന് ടി സ്ഥാപനവുമായി നഗരസഭക്ക് പ്രത്യേക കരാറിൽ ഏർപ്പെടാവുന്നതാണെന്ന് കാണുന്നു. ഇതനുസരിച്ച് പ്രത്യേക കരാർ മുഖേന വിപണനത്തിനുള്ള സാദ്ധ്യതകൾ നഗരസഭ കണ്ടെത്തേണ്ടതാണ്.

മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 15 പ്രകാരം ആളോഹരി ഖര-ദ്രവ-ഇ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനും മാലിന്യത്തിൽ നിന്ന് ഊർജ്ജം എന്ന ആശയത്തിന് ഊന്നൽ നൽകുന്നതിനും ദീർഘവീക്ഷണത്തോടുകൂടിയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാ ണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലും പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നതിനും കയ്യൊഴിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളുണ്ടെങ്കിലും നഗരസഭയുടെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണം ഫലപ്രദമല്ല എന്ന് വിലയിരുത്തുന്നു.

ബി. ഹരിത കേരള മിഷൻ

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച നാല് വികസന മിഷനുകളിൽ ഒന്നായ ഹരിതകേരള മിഷന് കൃഷി വികസനം, ശുചിത്വ-മാലിന്യം സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിതകേരള മിഷന്റെ ഭാഗമായി പുറപ്പെടുവിച്ച മേഖലാ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് പദ്ധതികൾ തയ്യാറാക്കേണ്ടതാണെന്നും മാലിന്യ രഹിത തദ്ദേശ ഭരണ സ്ഥാപനം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പിന്തുണാ സംവിധാനമായി ഹരിതകേരള മിഷൻ പ്രവർത്തിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

നഗരസഭയിലെ എഞ്ചിനിയറിംഗ് വിഭാഗം, ആരോഗ്യ വിഭാഗം എന്നിവർക്ക് പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനുള്ള ചുമതല നൽകി ശുചിത്വ മിഷൻ, ക്ലീൻ കേരളാ മിഷൻ എന്നിവയുടെ സാങ്കേതിക സഹായം നഗരസഭയ്ക്ക് തേടാവുന്നതാണ്.

ഖണ്ഡിക 7.1.6(സി) ശുചിത്വ-മാലിന്യ സംസ്കരണം എന്ന ഖണ്ഡികയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ച് മാലിന്യ നിയന്ത്രണത്തിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സി. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം

സ.ഉ(കൈ)നം.22/2018/തസ്വഭവ തസ്വഭവ തിയതി 14-02-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 ൽരം ഖര-ദ്രവ മാലിന്യ സംസ്കരണത്തിനായി അനുവദിക്കാവുന്ന സബ്സിഡിയുടെ വിശദാംശം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഫലപ്രദമായ പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഉറപ്പാക്കുവാൻ നഗരസഭ ശ്രദ്ധിച്ചിട്ടില്ല. അനുവദനീയമായ ഇനങ്ങൾക്ക് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

8. മുനിസിപ്പാലിറ്റി നിയമം അനുസരിച്ചുള്ള നടപടികൾ, പരിശോധനാ സംവിധാനം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ പ്രകാരമുള്ള അധികാരം നഗരസഭ കാര്യക്ഷമമായി പ്രയോഗിക്കുന്നില്ല എന്ന് രേഖകളുടെ പരിശോധനയിലും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലും ബോധ്യപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ

താഴെ ചേർക്കുന്നു.

എ. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 340 പ്രകാരം ചവറോ മാലിന്യമോ പൊതുസ്ഥലങ്ങളിൽ ഇടുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആരെങ്കിലും അപ്രകാരം ചെയ്താൽ 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്തേണ്ടതും 15 ദിവസത്തിനുള്ളിൽ തുക മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതുമാണ്. അപ്രകാരം തുക അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അത്തരത്തിലുള്ള പരിശോധനയും നടപടികളും ഫലപ്രദമല്ല.

ബി. വകുപ്പ് 340എ പ്രകാരം മാലിന്യങ്ങൾ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അപ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്. അപ്രകാരമുള്ള കുറ്റം ചെയ്ത ഏതൊരാളും കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. അത്തരത്തിൽ പിഴ ഈടാക്കുകയോ കുറ്റസ്ഥാപനം നടത്തുകയോ ചെയ്തിട്ടില്ല.

വിവിധ ഫ്യൂവൽ സർവ്വീസ് സ്റ്റേഷനുകളിൽ നിന്നുള്ള മാലിന്യങ്ങളിൽ നിന്ന് ഉതപ്പുഴയുടെ കൈവരിയായ കൊരമ്പത്തോട് സംരക്ഷിക്കണമെന്ന ഉദ്ദേശത്തിൽ 21.04.17 ലെ കൗൺസിൽ തീരുമാനം നം- 4(1), 4(2) , 16.05.17 ലെ കൗൺസിൽ തീരുമാനം നം- 5 എന്നിവ പ്രകാരം പ്രസ്തുത ഫ്യൂവൽ സർവ്വീസ് സ്റ്റേഷനുകളുടെ ലൈസൻസ് റദ്ദാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ലൈസൻസ് റദ്ദാക്കിയിട്ടുണ്ടെങ്കിലും വകുപ്പ് 340എ പ്രകാരം പിഴ ഈടാക്കുകയോ കുറ്റസ്ഥാപനം നടത്തുകയോ ചെയ്തിട്ടില്ല.

20-4-2017 ലെ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിലും മാലിന്യങ്ങൾ കൊരമ്പത്തോടിലേക്ക് ഒഴുക്കി വിടുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് വിലയിരുത്തിയിട്ടുണ്ട്.

മാലിന്യ നിയന്ത്രണത്തിനായി നിയമപ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ ഫലപ്രദമായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാലിന്യ നിയന്ത്രണം കാര്യക്ഷമമാക്കുവാൻ ആരോഗ്യ വകുപ്പ്, പൊലീസ് എന്നിവരുടെ സഹകരണത്തോടെ പരിശോധനാ സംവിധാനം കർശനമാക്കേണ്ടതാണ്. നഗരസഭയിലെ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായ ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് ഉന്നതാധികാരികളും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും വിലയിരുത്തേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

9. പ്ലാസ്റ്റിക്ക് നിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ

2016 ലെപ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ ചട്ടങ്ങൾ അനുസരിച്ച് പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24-09-2016 ലെ സർക്കുലർ നം.576/ഡി.സി-1/16/തസ്വഭവ പ്രകാരം 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യുന്നുള്ളൂ എന്ന് ഉറപ്പാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കുറഞ്ഞത് 4000 രൂപ പ്രതിമാസം പരിപാലന ഫീയായി പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികളിൽ നിന്നും ഈടാക്കുന്നതിനും ആയത് സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ചെലവഴിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

29.06.2017 ലെ കൗൺസിൽ തീരുമാന പ്രകാരം പ്ലാസ്റ്റിക് നിരോധന ബൈലാ നഗരസഭ അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പ്ലാസ്റ്റിക് നിയന്ത്രണത്തിനായി നഗരസഭ സ്വീകരിച്ച നടപടികൾ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നഗരസഭ സമർപ്പിച്ച മറുപടിയിൽ നഗരസഭയിലെ വ്യാപാര സ്ഥാപനങ്ങളിലെ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിരോധിക്കുകയും, 50 മൈക്രോണിൽ കൂടുതലുള്ളവയുടെ ഉപയോഗം നിയന്ത്രിച്ചിട്ടുമുണ്ട് എന്നു പറയുന്നു. ആയത് ഉറപ്പുവരുത്തുന്നതിനായി വിവിധ പരിശോധനകളിലായി 43ഓളം പേരിൽ നിന്ന് 18680/- രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

10. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങളുടെ പാലനം വിലയിരുത്തൽ

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിലെ പ്രധാന നിർദ്ദേശങ്ങൾ നഗരസഭ പാലിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ചട്ടം | നിബന്ധന | നഗരസഭയിലെ സ്വീകരിച്ച നടപടി |
|---|---|---|
| 4 | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ 50 മൈക്രോണിൽ കുറയുവാൻ പാടില്ല | 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിരോധിക്കുകയും, 50 മൈക്രോണിൽ കൂടുതലുള്ളവയുടെ ഉപയോഗം നിയന്ത്രിച്ചിട്ടുമുണ്ട്. |
| 5, 6 | പുനചംക്രമണം നടത്താവുന്ന പ്ലാസ്റ്റിക് മാലിന്യം, രജിസ്ട്രേഷൻ ഉള്ളവർക്ക് നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്. | സാധ്യതകൾ പരിശോധിച്ചിട്ടില്ല. |

| | | |
|---|---|---|
| 5, 6 | പുനചംക്രമണം നടത്തുവാൻ സാധിക്കാത്ത പ്ലാസ്റ്റിക് മാലിന്യം റോഡ് നിർമ്മാണം, ഊർജ്ജോൽപാദനം തുടങ്ങിയവയ്ക്ക് ഉപയോഗിക്കേണ്ടതാണ്. | ഷ്രെഡ്ഡഡ് പ്ലാസ്റ്റിക് ക്ലീൻ കേരള മുഖേന വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 6 | പ്ലാസ്റ്റിക് മാലിന്യം വേർതിരിക്കുക, ശേഖരിക്കുക, കടത്തിക്കൊണ്ടു പോവുക, സംസ്കരിക്കുക, കയ്യൊഴിക്കുക. | ടി |
| 6 | സ്റ്റേക്ക് ഹോൾഡർമാർക്കിടയിൽ ബോധവൽക്കരണം നടത്തുക. | എല്ലാ വിഭാഗക്കാർക്കിടയിലും ബോധവൽക്കരണം നടത്തുന്നില്ല. |
| 6 | പ്ലാസ്റ്റിക് മാലിന്യം പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. | നടപടികൾ കാര്യക്ഷമമല്ല. |
| 6 | ചട്ടങ്ങളിലെ നിബന്ധനകൾ ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനം ഒരു ബൈലോ രൂപീകരിക്കേണ്ടതാണ്. | അത്തരത്തിൽ ബൈലോ രൂപീകരിച്ചിട്ടില്ല. |
| 8 | പ്ലാസ്റ്റിക് മാലിന്യ ഉൽപാദകർ മാലിന്യം ഉറവിടത്തിൽ വെച്ച് വേർതിരിക്കുകയും ഏജൻസികൾക്ക് കയ്യൊഴിക്കുകയും ചെയ്യുക. | അത്തരത്തിൽ കയ്യൊഴിക്കുന്നുണ്ടെന്ന് നഗരസഭ ഉറപ്പാക്കുന്നില്ല. |
| 8 | നഗരസഭ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള യൂസർഫീ എല്ലാ മാലിന്യ ഉൽപാദകരും ഒടുക്കുവാൻ ബാധ്യസ്ഥരാണ്. | 29.06.2017 ലെ കൗൺസിൽ തീരുമാന പ്രകാരം പ്ലാസ്റ്റിക് നിരോധന ബൈലാ നഗരസഭ അംഗീകരിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. നിലവിൽ ഗാർഹിക മേഖലയിൽ നിന്നു മാത്രമാണ് യൂസർ ഫീ കളക്ഷൻ നടക്കുന്നത്. വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള യൂസർ ഫീ കളക്ഷൻ സംബന്ധിച്ച് വ്യാപാരികളുമായി നഗരസഭ ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിലും ധാരണയിലെത്തിയിട്ടില്ല. ഈയിനത്തിൽ ഇതുവരെ ഈടാക്കിയത് 152094/- രൂപയാണ്. |

| | | |
|---|---|---|
| 15 | പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന വ്യാപാരികൾ തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.<br>കുറഞ്ഞത് 4000/- രൂപ പ്രതിമാസം ഈടാക്കേണ്ടതാണ്. | അത്തരത്തിൽ ആരും രജിസ്റ്റർ ചെയ്ത് ഫീസ് ഒടുക്കിയിട്ടില്ല. |

2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങളിൽ നഗരസഭയ്ക്ക് ബാധകമായ പല പ്രധാന നിർദ്ദേശങ്ങളും പാലിക്കുവാൻ ശ്രമിച്ചിട്ടില്ല.

11. വിവിധ തരം മാലിന്യങ്ങളുടെ നിയന്ത്രണത്തിനുള്ള മറ്റ് കേന്ദ്ര ചട്ടങ്ങൾ

എ. ഖരമാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016

എസ്.ഒ.1357(ഇ) : പ്രാബല്യം 8-4-2016 മുതൽ

പരിസ്ഥിതി(സംരക്ഷണ)നിയമം, 1986 ലെ 3, 6, 25 വകുപ്പുകളിലെ അധികാരം ഉപയോഗിച്ച് നടപ്പാക്കിയ ചട്ടങ്ങൾ. മുനിസിപ്പൽ ഖരമാലിന്യ(നിയന്ത്രണവും പരിപാലനവും)ചട്ടങ്ങൾ, 2005 അതിലംഘിച്ചാണ് ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത്.

മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ചട്ടങ്ങൾ ബാധകമാണ്.

ചട്ടം 4 പ്രകാരം മാലിന്യ ഉത്പാദകർ മാലിന്യങ്ങൾ ജീർണ്ണിക്കുന്നവ (Bio degradable), ജീർണ്ണിക്കാത്തവ(Non bio degradable), വീട്ടുകളിൽ നിന്നുള്ള അപായകരമായ മാലിന്യങ്ങൾ(Residential hazardous wastes) എന്നിങ്ങനെ വേർതിരിച്ച് മൂന്ന് പ്രത്യേക ബിന്നുകളിലായി ശേഖരിക്കേണ്ടതും കൈമാറേണ്ടതുമാണ്.

തദ്ദേശ സ്ഥാപനങ്ങൾ രൂപീകരിക്കുന്ന ബൈലോ പ്രകാരമുള്ള ഫീസ് ഒടുക്കുവാൻ മാലിന്യ ഉത്പാദകർ ബാധ്യസ്ഥരാണ്.

ചട്ടം 15 പ്രകാരം ഓരോ വീട്ടുകളിൽ നിന്നും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരണം നടത്തുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. മാലിന്യശേഖരണത്തിന് ഫീസ് ഈടാക്കേണ്ടതാണ്.

ചട്ടങ്ങൾ നിലവിൽ വന്ന് ഒരു വർഷത്തിനകം ബൈലോ രൂപീകരിക്കേണ്ടതാണ്. ആവശ്യമായ ബോധവത്കരണം നടത്തേണ്ടതാണ്.

ബി. ഇ-മാലിന്യ (നിയന്ത്രണ)ചട്ടങ്ങൾ, 2016

ജി.എസ്.ആർ 338(ഇ). 1-10-2016 മുതൽ പ്രാബല്യം.

ചട്ടങ്ങളിലെ ചട്ടം 23 പ്രകാരം ഇ-മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, വാഹനത്തിൽ കൊണ്ടുപോകൽ, വേർതിരിക്കൽ, നവീകരിക്കൽ, പൊളിച്ചു കളയൽ, പുനചംക്രമണം നടത്തൽ, കയ്യൊഴിക്കൽ എന്നീ പ്രവർത്തനങ്ങൾ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കേണ്ടതാണ്. ചട്ടം 24 പ്രകാരം ഇ-മാലിന്യങ്ങൾ ശേഖരിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുന്നുണ്ടെന്ന് മുനിസിപ്പാലിറ്റി ഉറപ്പാക്കേണ്ടതാണ്.

സി. ബയോ മെഡിക്കൽ മാലിന്യ നിയന്ത്രണ ചട്ടങ്ങൾ, 2016

ജി.എസ്.ആർ 343(ഇ). 28-3-2016 മുതൽ പ്രാബല്യം.

ചട്ടങ്ങളിലെ ചട്ടം 6, 9(3) പ്രകാരമുള്ള മൂന്നാം പട്ടികയിലെ ക്രമ നം. 7 പ്രകാരമുള്ള ചുമതലകൾ തദ്ദേശ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്. കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കണക്കിലെടുത്ത് ബയോ മെഡിക്കൽ മാലിന്യ സംസ്കരണത്തിനായി ഉചിതമായ സ്ഥലം കണ്ടെത്തേണ്ടതാണ്. പട്ടികയിലെ ക്രമ നം. 5 പ്രകാരം സംസ്ഥാന സർക്കാരും ക്രമ നം. 6 പ്രകാരം സംസ്ഥാന മലിനീകരണ ബോർഡും നിർവ്വഹിക്കേണ്ട ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്.

ഡി. കൺസ്ട്രക്ഷൻ ആന്റ് ഡിമോളിഷൻ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ, 2016

ജി.എസ്.ആർ 317(ഇ). 29-3-2016 മുതൽ പ്രാബല്യം.

നിർമ്മാണങ്ങളും പൊളിച്ചുമാറ്റലും നടക്കുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൾ നിയന്ത്രിക്കുന്നതിനായി മാലിന്യ ഉൽപാദകരും, മുനിസിപ്പാലിറ്റിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കേന്ദ്ര ചട്ടങ്ങളിലെ നിബന്ധനകൾ നടപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ ശ്രമം നഗരസഭയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്ന് വിലയിരുത്തുന്നു.

12. നഗരസഭയിലെ ഹരിത കർമ്മസേന

ഷ്രെഡ്ഡിങ്ങ് യൂണിറ്റ് പ്രവർത്തിപ്പിക്കുന്നത് 25 പേരടങ്ങുന്ന ഹരിത കർമ്മ സേനയാണ്. ഇവർക്ക് നിശ്ചയിച്ചിട്ടുള്ള പ്രതിമാസ ശമ്പളം 6000/- രൂപയാണ്. സ.ഉ (സാധാ) നം. 1391/2018/ത.സ്വ.ഭ.വ തീയതി 19.05.2018 പ്രകാരം ഹരിത കർമ്മ സേനയുടെ ശമ്പളച്ചെലവുകൾ വഹിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷം ആറ് മാസത്തേക്ക് വയബിലിറ്റി ഗ്യാപ് ഫണ്ടിനത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും 282000/-രൂപ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ഗാർഹിക മേഖലയിൽ നിന്നു മാത്രമാണ്30/-രൂപ നിരക്കിൽ യൂസർ ഫീ കളക്ഷൻ നടക്കുന്നത്. ഇതുവരെ യൂസർ ഫീയിനത്തിൽ 152094/-രൂപയാണ് ലഭ്യമായിട്ടുള്ളത്.ഇതിൽ 151000/-രൂപ ഹരിത കർമ്മ സേനയുടെ ശമ്പളത്തിനായി വിനിയോഗിച്ചിട്ടുണ്ട്. വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുള്ള യൂസർ ഫീ കളക്ഷൻ സംബന്ധിച്ച് വ്യാപാരികളുമായി നഗരസഭ ചർച്ചകൾ നടത്തിയിട്ടുണ്ടെങ്കിലും ധാരണയിലെത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ ഹരിത കർമ്മ സേനക്ക് ശമ്പളം നൽകുവാൻ കഴിയുന്നില്ല. വ്യാപാരികളിൽ നിന്നും ബൈലാ പ്രകാരമുള്ള യൂസർ ഫീ ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

13. ബോധവത്കരണ പരിപാടികൾ

മാലിന്യ ഉത്പാദകരായ എല്ലാ വിഭാഗക്കാരേയും ബോധവത്കരിക്കുന്നതിനുള്ള കാര്യക്ഷമമായ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതാണ്. സ്കൂളുകളുടെ സഹകരണത്തോടെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

14. ബദൽ മാർഗ്ഗങ്ങൾ പ്രോൽസാഹിപ്പിക്കൽ

പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾക്ക് നിയന്ത്രണം ഏർപ്പെടുത്തുമ്പോൾ പേപ്പർ ബാഗ്, തുണി സഞ്ചി മുതലായ പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പ്രോൽസാഹിപ്പിക്കേണ്ടത് അനിവാര്യമാണ്.

ഇക്കാര്യത്തിനായ വ്യാപാരി വ്യവസായികളുടെ യോഗം വിളിച്ചു ചേർക്കുക, വിദ്യാർത്ഥികൾ, കുടുംബശ്രീ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ സാംസ്കാരിക സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവരുടെ സേവനം പ്രയോജനപ്പെടുത്തുക എന്നീ മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

ബദൽ സംവിധാനങ്ങൾക്കുള്ള പ്രൊജക്റ്റുകളും നഗരസഭ ആവിഷ്കരിക്കേണ്ടതാണ്.

15. നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങളും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും

ശുചിത്വം, മാലിന്യ സംസ്കരണം എന്ന വർക്കിംഗ് ഗ്രൂപ്പിനാണ് മാലിന്യ സംസ്കരണത്തിനുള്ള പദ്ധതികളുടെ ചുമതലയുള്ളത്. ആരോഗ്യ വിഭാഗത്തിലെ സീനിയർ ഉദ്യോഗസ്ഥൻമകൺവീനർ ആയ വർക്കിംഗ് ഗ്രൂപ്പിന്റെ മിനട്സ് പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷം 4 തവണ യോഗം ചേർന്നതായി കാണുന്നുണ്ടെങ്കിലും യാതൊരു തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല . ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ മാലിന്യ നിയന്ത്രണം സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

17-3-2017 തീരുമാനം -1 - 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ ഉപയോഗിക്കുന്ന തെരുവോര കച്ചവടക്കാരുടെ ലൈസൻസ് റദ്ദാക്കുക

- 20.04.2017 തീരുമാനം - 5- നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിയന്ത്രിക്കുക
- 20.04.2017 തീരുമാനം - 10 – അറവുശാലകളുടെ ശുചീകരണം

ഇ-വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്, 2016 മുതലായ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് സുസ്ഥിരമായ പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

16. മോണിറ്ററിംഗ് സംവിധാനം

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ശുചിത്വം, മാലിന്യ സംസ്കരണം വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് സംവിധാനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പിന്റ ചുമതലയുള്ള ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും തുടർനടപടികൾ വിലയിരുത്തിയിട്ടില്ല. മാലിന്യ നിയന്ത്രണത്തിനായി ആവിഷ്കരിക്കപ്പെടുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിലും ഫലപ്രാപ്തി വിലയിരുത്തുന്നതിലും ഉത്തരവാദപ്പെട്ട സംവിധാനങ്ങൾ ഫലപ്രദമായി ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

17. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 326 മുതൽ 345 വരെയുള്ള വകുപ്പുകൾ കാര്യക്ഷമമായി പ്രയോഗിക്കേണ്ടതും പരിശോധനാ സംവിധാനം ശക്തമാക്കേണ്ടതുമാണ്.

2. വിവിധ കേന്ദ്ര ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. എല്ലാ വാർഡുകളിലേയും മാലിന്യ സംസ്കരണം ഉറപ്പാക്കേണ്ടതാണ്.

4. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

5. വാണിജ്യ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

6. ഡി&ഒ ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

7. പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിന്റെ ശേഷി പരമാവധി പ്രയോജനപ്പെടുത്തേണ്ടതും ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് ഉചിതമായ രീതിയിൽ കയ്യൊഴിക്കേണ്ടതുമാണ്.

8. 2016 ലെ പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണ ചട്ടങ്ങൾ പ്രകാരം ബൈലോ രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

9. 2016 ലെ വിവിധ കേന്ദ്ര ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സോളിഡ്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് മുതലായ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് കയ്യൊഴിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

10. വ്യാപാരികളിൽ നിന്നുള്ള യൂസർ ഫീ കളക്ഷൻ കാര്യക്ഷമമാക്കുക

11. ബോധവത്കരണ പരിപാടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

12.പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് പകരമായി ഉപയോഗിക്കാവുന്ന ബദൽ മാർഗ്ഗങ്ങൾ കണ്ടെത്തി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

13. മാലിന്യ നിയന്ത്രണം സംബന്ധിച്ച തുടർനടപടികൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്,ആരോഗ്യ വിഭാഗം സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ കാര്യക്ഷമമാക്കേണ്ടതാണ്.

14. സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിച്ച് ഉറവിട മാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

14. ജീവനക്കാരുടെ കുറവ്, മറ്റ് പ്രായോഗിക പ്രശ്നങ്ങൾ എന്നിവ നേരിടുന്നുണ്ടെങ്കിൽ ആയത് ഉചിതമാർഗ്ഗേന ഉന്നതാധികാരികളുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവന്ന് പരിഹരിക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

15. മാലിന്യ നിയന്ത്രണത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും കണക്കില സർക്കാർമാർഗ്ഗനിർദ്ദേശങ്ങളുംകണക്കിലെടുത്ത് മാലിന്യ നിയന്ത്രണത്തിനായ നഗരസഭ തിരിച്ചറിഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയങ്ങളിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം നഗരസഭ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.







ബെയ്‌ലിങ് മെഷീൻ



ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്ക്

## 3-34 അംഗൻ വാടി കേന്ദ്ര വിഹിതം -അംഗൻവാടികളുടെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കാൻ വിനിയോഗിക്കണം

ചെർപ്പുളശ്ശേരി നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ സർവതോന്മുഖമായ വികസനത്തിനു വേണ്ടി അനുവദിച്ച കേന്ദ്ര സഹായവിഹിതത്തിൽ 17.44. ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഇക്കാര്യം 2017-18- സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് വേളയിലും നഗര സഭയുടെ ശ്രദ്ധയിൽ പെടുത്തിയതായി കാണുന്നു.

സർക്കാർ ഉത്തരവ് നം. 39033ഡി.ഡി.2/ 2010 തീയ്യതി. 3.9.2010 ൽ ഈയിനത്തിൽ അനുവദിക്കുന്ന കേന്ദ്ര വിഹിതം എന്തെല്ലാം കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്നത് സംബന്ധിച്ച് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട്.

അംഗൻവാടികൾക്കാവശ്യമായ കെട്ടിടം, സ്ഥലം, വൈദ്യുതി, കുടിവെള്ളം, ഭക്ഷണസംഭരണി, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവയുൾപ്പെടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ തുക ഉപയോഗപ്പെടുത്താവുന്നതാണ്.

## 3-35 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ ടെണ്ടർ നടപടികൾ സ്വീകരിച്ചില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി തൻവർഷം വൃദ്ധർക്ക് കട്ടിൽ വാങ്ങൽ പദ്ധതികൾ രണ്ട് എണ്ണം നടപ്പിലാക്കിയിട്ടുണ്ട് . വിശദാംശം താഴെ കൊടുക്കുന്നു.

| പദ്ധതി | അടങ്കൽ തുക | ചെലവ് തുക |
|---|---|---|
| വൃദ്ധർക്ക് കട്ടിൽ (നം.223/18) ജനറൽ | 350000( പ്ലാൻ ജനറൽ) | 349988 |
| എസ് സി വൃദ്ധർക്കും, പാലയേറ്റിവ് രോഗികൾക്കും കട്ടിൽ(നം. 224/18) എസ്.സി.പി | 350000( പ്ലാൻ എസ്.സി.പി/ | 349988 |

ഈ പദ്ധതികൾ പ്രകാരം ആകെ 700000/- രൂപ അടങ്കലിൽ 699976/- രൂപക്ക് കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ KADCO യിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്.

ഓഡിറ്റ് നിരീക്ഷണങ്ങൾ

* ഒരേ സ്വഭാവമുള്ള വാങ്ങലായതിനാലും അടങ്കൽ തുക അഞ്ചു ലക്ഷത്തിലധികമായതിനാലും രണ്ടു പദ്ധതിക്കും കൂടി ഈ - ടെണ്ടർ നടപടികൾ സ്വീകരിച്ച് വാങ്ങൽ നടത്തേണ്ടതായിരുന്നു. മത്സരാധിഷ്ഠിത ടെണ്ടർ വഴി കുറഞ്ഞ നിരക്കിൽ കൂടുതൽ ഗുണമേന്മ ഉറപ്പുവരുത്തികൊണ്ട് വാങ്ങൽ നടത്താമായിരുന്നു. ഈ - ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വാങ്ങൽ നടത്തിയത് പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

- * തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ് സ.ഉ(സാധാ) നം.2086/2017/തസ്വഭവ/21.6.2017 ഉത്തരവിൽ പറഞ്ഞ പ്രകാരമുള്ള സ്പെസിഫിക്കേഷൻ (കട്ടിലന്റെ നീളം 1.98 മീറ്റർ, വീതി 90 സെ.മീ., മുൻകാൽ നീളം 60 സെ.മീ., പിൻകാൽ നീളം 50 സെ.മീ, 8 മില്ലിമീറ്റർ പ്ലൈവുഡ് ) അല്ല KADCO യിൽ നിന്നും വാങ്ങിയിട്ടുള്ള കട്ടിലുകൾക്കുള്ളത് . വാങ്ങിയതിന്റെ സ്പെസിഫിക്കേഷൻ- Hospital cot-steel MS-20G – size 6'length, 75cm widt 45cm width 45cm/50cm Height – pipe 18 G.
  ഓഡിറ്റ് നിർദ്ദേശങ്ങൾ
  * തുടർന്നുള്ള വാങ്ങലുകളിൽ സ.ഉ(പി)നം.259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
  * നിലവിലുള്ള സ്രക്കാർ ഉത്തരവിൽ പറഞ്ഞ സ്പെസിഫിക്കേഷൻ പ്രകാരം വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-36 ഭിന്നശേഷിയുള്ളവർക്ക് വിവധ ഉപകരണങ്ങൾ വാങ്ങി നൽകൽ(227/18)

ഭിന്നശേഷിയുള്ളവർക്ക് വിവധ ഉപകരണങ്ങൾ വാങ്ങി നൽകൽ(227/18)

അടങ്കൽ - 500000/-

ചെലവ് - 499889/-

സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതി ഓഡിറ്റ് ചെയ്തപ്പോൾ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.
നഗരസഭയിൽ 21.102017 ന് സംഘടിപ്പിച്ച മെഡിക്കൽ ക്യമ്പിൽ ഡോക്ടർമാർ പരിശോധിച്ച് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളതെങ്കിലും ഗുണഭോക്തൃ ലിസ്റ്റ് വാർഡ് സഭയും, നഗരഭരണ സ്ഥാപനവും അംഗീകരിച്ച തീരുമാനത്തോടെ നൽകിയവയല്ല.

ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത് വികലാംഗ ക്ഷേമകോർപ്പറേഷനിൽ നിന്നല്ല, ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് KSIE LDT യിൽ നിന്നാണ്.

ഉപകരണങ്ങളുടെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പ്രകാരം താഴെ പറയുന്നവ വിതരണം ചെയ്തതായി കാണുന്നില്ല.

| ഉപകരണം | ആകെ എണ്ണം | വിതരണം ചെയ്തത് | ബാക്കി |
|---|---|---|---|
| walker | 4 | 3 | 1 |
| Elbow crutches | 4 | 2 | 2 |
| Wheel chair | 4 | 3 | 1 |
| Hearing aid | 18 | 17 | 1 |

വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 3 - 37 എൻ. യു.എൽ.എം പദ്ധതി - അയൽക്കൂട്ടങ്ങൾക്ക് അനുവദിച്ച റിവോൾവിംഗ് ഫണ്ടിന്റെ മോണിട്ടറിങ്ങ് നടത്തേണ്ടതാണ്

സാമ്പത്തിക വർഷം എൻ. യു.എൽ.എം പദ്ധതി പ്രകാരം ലഭ്യമായ38,30100/- രൂപയിൽ 10000/-രൂപ വീതം റിവോൾവിംഗ് ഫണ്ടായി 235 അയൽക്കൂട്ടങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ദേശീയ ഉപജീവന മിഷന്റെ (എൻ. യു.എൽ.എം)- റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് കുടുംബശ്രീ മാർഗ്ഗനിർദ്ദേശങ്ങൾ (സർക്കുലർ നം 6701/F/2013/KSHO 22.06.15 പ്രകാരം സ്വയം സഹായ സംഘങ്ങൾക്ക് മിതവ്യയശീലം ആരംഭിക്കുന്നതിനും, വിവിധ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സംഘങ്ങളുടെ സ്ഥാപനശാക്തീകരണത്തിനുമായാണ് റിവോൾവിംഗ് ഫണ്ട് നൽകുന്നത്. ഈ തുക ലഭിക്കുന്നതിലൂടെ സ്വയം സഹായ സംഘങ്ങളുടെ മൊത്തം സമ്പാദ്യം വർദ്ധിപ്പിക്കുകയും കൂടുതൽ തുക ആന്തരിക വായ്പയായി അംഗങ്ങൾക്ക് വിതരണം നടത്തുന്നതിനും കഴിയുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ചെക്ക് നം/തീയതി | തുക | അയൽക്കൂട്ടങ്ങളുടെ എണ്ണം |
|---|---|---|
| 422046/15.06.17 | 1220000 | 122 |
| 422047/15.06.17 | 40000 | 4 |
| 422048/15.06.17 | 1070000 | 107 |
| 422059/3.03.18 | 10000 | 1 |
| ആകെ | 2340000 | 234 |

റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് (ദാരിദ്ര്യ ലഘൂകരണം) മോണിട്ടർ ചെയ്യേണ്ടതാണ്. അയൽക്കൂട്ടങ്ങൾ രജിസ്റ്ററുകളും, കണക്കുകളും സൂക്ഷിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്. എൻ. യു.എൽ.എം പദ്ധതി പ്രകാരമുള്ള തൊഴിൽ പരിശീലനം, കുടിൽ വ്യവസായങ്ങളുടെ നടത്തിപ്പ് തുടങ്ങിയവ ചെറുകിട വ്യവസായം, ദാരിദ്ര്യ ലഘൂകരണ വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ നിർദ്ദേശങ്ങളായി ഉയർന്നു വന്നിട്ടുണ്ട്.ഇത്തരം പദ്ധതികളുടെ സാധ്യത പരിശോധിച്ച് ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3 - 38 ആശ്രയ പദ്ധതി - പ്ലാൻ ഫണ്ട് വിനിയോഗം ഫലപ്രദമല്ല. ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന 15,75,600/- രൂപ സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്

ആശ്രയ രണ്ടാം ഘട്ട പദ്ധതി (2013-2016) പ്രകാരം വിവിധ ഘടകങ്ങൾക്കായി ലഭ്യമായ പ്ലാൻ ഫണ്ട് വിനിയോഗിച്ചതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഘടകം | ഗുണഭോക്തൃ കുടുംബങ്ങളുടെ എണ്ണം | വകയിരുത്തൽ | ലഭ്യമായ പ്ലാൻ ഫണ്ട് | ചെലവ് |
|---|---|---|---|---|
| സ്ഥലം | 4 | 600000 | 14500000 | 400000 |
| ഭവന നിർമ്മാണം | 7 | 2250000 | | - |
| ഭവന പുനരുദ്ധാരണം | 23 | 550000 | | - |
| വൈദ്യുതി, കുടിവെള്ളം | 4 | 20000 | | - |
| ലാട്രിൻ | - | 8000 | | - |

രണ്ടാം ഘട്ട പദ്ധതിക്കായി ലഭ്യമായ 14500000/- രൂപയിൽ സ്ഥലത്തിനായി ഒരു ഗുണഭോക്താവിന് 400000/-രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 5 ലക്ഷം രൂപ ചലഞ്ച് ഫണ്ടിനു പുറമെ 420910/- രൂപയോളം ഭക്ഷണ ഘടകത്തിന് പ്ലാൻ ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട് ഇതര ഘടകങ്ങൾക്ക് ചെലവഴിച്ചിട്ടുമില്ല.

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച് ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ.

ആശ്രയ പദ്ധതി രണ്ടാം ഘട്ടം അവസാനിച്ചതിനാൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള ഭക്ഷണ വിതരണ പദ്ധതിയും തുടർന്ന് കൊണ്ടുപോകുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സ് എന്നിവ പരിശോധിച്ചതിൽ ആശ്രയ പ്രകാരം മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റി യാതൊരു വിലയിരുത്തലുകളും നടത്തിയിട്ടില്ല. അതുകൊണ്ടുതന്നെ ലഭ്യമായ പ്ലാൻ ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിനും കഴിഞ്ഞിട്ടില്ല.

ആശ്രയ പദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങളിലായി നിലവിലുള്ള 69 ആശ്രയ ഉപഭോക്താക്കൾക്ക് പുറമെ 218 ഉപഭോക്താക്കളെക്കൂടി കണ്ടെത്തി സംസ്ഥാന സർക്കാരിന്റെ പുതിയ പദ്ധതിയായ അഗതി രഹിത കേരളത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ലഭ്യമായ പ്ലാൻ ഫണ്ട് തുക പലിശ സഹിതം 900000/-രൂപയും (കേരള ഗ്രാമീൺ ബാങ്ക്,അക്കൗണ്ട് നമ്പർ - 40279101018121) രണ്ടാം ഘട്ടത്തിൽ 675600/- രൂപയും ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ അവശേഷിക്കുന്നു. (കാനറാ ബാങ്ക്, അക്കൗണ്ട് നമ്പർ - 2505101020159).

പുതിയ പദ്ധതിയായ അഗതി രഹിത കേരളം നിലവിൽ വന്ന സാഹചര്യത്തിൽ ചെലവഴിക്കപ്പെടാതെ അക്കൗണ്ടിൽ അവശേഷിക്കുന്ന പ്ലാൻ ഫണ്ട് തുക (900000 + 675600) സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

# 3-39 വീടിന് സ്ഥലം വാങ്ങൽ പദ്ധതി -ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണം ചെയ്തിട്ടുള്ള വീടിന് സ്ഥലം വാങ്ങൽ (പട്ടികജാതി)/168/18 (New) പദ്ധതി പ്രകാരം താഴെ പറയും പ്രകാരം ചെലവുണ്ട്.

| | | |
|---|---|---|
| അടങ്കൽ | 2365000(പ്ലാൻ എസ്.സി.പി) | 2400000 |
| | 35000(തനത് ഫണ്ട് ) | |
| ചെലവ്-2200000 | ട്രഷറി ബിൽ | തുക |
| | 57/28.2.2018 | 600000 |
| | 93/28.3.2018 | 1600000 |

ഒരു ഗുണഭോക്താവിന് 200000/-രൂപ പ്രകാരം 1 ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

1. ചിത്ര, കളത്തുംകുണ്ട്, കാറൽമണ്ണ

2.ശോഭന രാജൻ, മണ്ണിങ്ങൽതൊടി, കരുമാനം കുറുശ്ശി

3.ശുഭ, കളത്തുംകുണ്ട്, ചെർപ്പുളശ്ശേരി

4.വല്സല, ചക്കുംകണ്ടത്ത്,കാറൽമണ്ണ

5.അഖില, കരിതലോട്ടിങ്ങൽ, വീരമംഗലം

6.കൃഷ്ണദാസ്, താന്നികുന്നത്ത്, തെക്കുമുറി,

7.അഞ്ജലി, കളപ്പാറ, തെക്കുമുറി

8.കല്ല്യാണി, ചാവക്കാട്ടുപറമ്പിൽ, കുറ്റിക്കോട്

9.സിനി, പാറക്കാട്ടിൽ, ചെർപ്പുളശ്ശേരി

10. കൃഷ്ണകുമാർ വാഴക്കോട്ടിൽ, കരുമാനംകുറിശ്ശി

11. പുഷ്പ, ക്ലളിയാട്ടുപറമ്പിൽ, ചെർപ്പുളശ്ശേരി

<u>ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)നം.80/2017 ത.സ്വ.ഭ.വ 03.4.2017 -ൽ സ്ഥലം വാങ്ങുന്നതിന് സബ്സിഡി പ്രതിപാദിച്ചിട്ടില്ല. ആയതിനാൽ ഒരു ഗുണഭോക്താവിന് 200000/- രൂപ ധനസഹായം നിരക്ക് അനുവദിച്ചത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല. സബ്സിഡി മാർഗ്ഗരേഖ പൊതു നിബന്ധന 2.2-ൽ പറയുന്നത് "ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ , ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ് "എന്നാണ്.
ആയതിനാൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്ഥലം വാങ്ങുന്നതിന് ധനസഹായം അനുവദിക്കാവുന്നതല്ല.

ഈ പദ്ധതിയുടെ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

മേൽ പറഞ്ഞകാരണങ്ങളാൽ പദ്ധതി ചെലവ് തുക 2200000/- തടസ്സപ്പെടുത്തുന്നു.

ധനസഹായം അധിക നിരക്ക് അനുവദിച്ചിട്ടുണ്ടെങ്കിൽ തുക തിരിച്ചടവാക്കേണ്ടതാണ്. ചെലവുതുകയ്ക്ക് സാധൂകരണം ലഭ്യമാക്കിയും, ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയും ചെലവ് തടസ്സം നീക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നമ്പർ 24/22.12.2018 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-40 ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ - അടവ് വിവരം

എ) റെഗുലർ ജീവനക്കാരുടെ പെൻഷൻ

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം പ്രതിമാസ ശമ്പളത്തിന്റെ 15% തുക സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടക്കേണ്ടതാണെന്നും 9(3) പ്രകാരം പ്രതിമാസ പെൻഷൻ, ഗ്രാറ്റുവിറ്റി കമ്മ്യൂട്ടേഷൻ, പെൻഷൻ കുടിശ്ശികയുൾപ്പെടെ വേണ്ടിവരുന്ന മൊത്തം തുക ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും പിൻവലിച്ച് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 10-ൽ മുനിസിപ്പൽ പെൻഷൻ ഫണ്ട് ലഭ്യമായത് വരവ് വെക്കുന്നതിന് ട്രഷറിയിലോ നാഷണലൈസ്ഡ് ബാങ്കിലെ എസ് ബി അക്കൗണ്ടിലോ വരവു വെയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 വർഷം വരെ നഗരസഭ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടവാക്കുവാൻ ബാക്കിയുള്ള തുകയുടെ വിവരം, ഈയിനത്തിൽ നഗരസഭ അടവാക്കിയ തുകയുടെ വിവരം, പെൻഷൻ ഫണ്ട് ലഭ്യമായതിന്റെ വിവരം, നഗരസഭക്ക് പെൻഷൻ ഇനത്തിലുണ്ടായ ചെലവ് എന്നിവയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ.നം | 31.3.2018 വരെയുള്ള റെഗുലർ പെൻഷൻ | തുക |
|---|---|---|

| | | |
|---|---|---|
| | വിശദാംശം | |
| 1 | പെൻഷൻ അലോട്ട്മെൻറ് ഇനത്തിൽ ലഭിക്കാനുള്ള തുക (റഗുലർ വിഭാഗം പെൻഷൻകാരുടെ പെൻഷൻ, മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ എന്നീയിനങ്ങളിൽ മേൽ കാലയളവിൽ നഗരസഭ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക) | 161624/- |
| 2 | പെൻഷൻ അലോട്ട്മെൻറ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിച്ചതുക | ഇല്ല |
| 3 | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭ ഒടുക്കേണ്ടതായ തുക | 547318/- |
| 4 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നഗരസഭ അടയ്ക്കേണ്ട തുകയും അലോട്ട്മെൻറായി നഗരസഭയ്ക്ക് അനുവദിച്ച തുകയും കഴിച്ച് പെൻഷൻ ഫണ്ടായി നഗരസഭയ്ക്ക് ലഭിയ്ക്കേണ്ട തുക | 161624/- |
| 5 | പെൻഷൻ ആനുകൂല്യങ്ങൾ നൽകുവാൻ അവശേഷിക്കുന്ന തുക | ഇല്ല |

കേന്ദ്ര പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുവാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി) കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ

ബാധകമല്ല. നഗരസഭയിൽ താല്ക്കാലിക കണ്ടിജന്റ് ജീവനക്കാർ മാത്രമാണുള്ളത്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB,കോതകുർശ്ശി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 97/24.05.17 | 6107 | വിനിയോഗ വിവരം ലഭ്യമല്ല | വിവരം ലഭ്യമല്ല |
| KSEB, ചെർപ്പുളശ്ശേരി | ടി | 218/19.07.17 | 6000 | ടി | ടി |
| ടി | ടി | 429/16.11.17 | 21710 | ടി | ടി |
| ടി | ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കൽ | 620/14.03.18 | 10100 | ടി | ടി |
| KSEB,കോതകുർശ്ശി | അങ്കണവാടികളിൽ വൈദ്യുതീകരണം | 567/29.01.18 | 30000 | ടി | ടി |
| കേരള വാട്ടർ | നെല്ലായ | 627/6.03.18 | 55000 | ടി | ടി |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി, പി.എച്ച് ഡിവിഷൻ,ഷൊർണ്ണൂർ | പദ്ധതിയിൽ നിന്ന് പൈപ്പ് ലൈൻ ലിങ്ക് ചെയ്യൽ | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 3-25 | 2005-06 | 54.1 | സർക്കാർ മാനദണ്ഡം പാലിക്കാതെ സബ്സിഡി നൽകി | അന്തിമ തീർപ്പ് കൽപ്പിച്ചിട്ടില്ല |
| 2000-01 | 3-24 | 2005-06 | 54.2 | മാനവീയം വിഷ്വൽ ഡോക്യുമെന്ററി ലക്ഷ്യം നേടിയില്ല. | ---ടി---- |
| 1999-00 | 3-22 | 2005-06 | 54.3 | ഡ്രെയിനേജ് ടാങ്ക് നിർമാണം- പരിധി ലംഘിച്ച് ടെണ്ടർ അധികം നൽകി | ----ടി---- |
| 2000-01 | 3-22 | 2005-06 | 54.4 | വട്ടി.കൊട്ട,പനമ്പ് നിർമ്മാണം സംബന്ധിച്ച് | ----ടി---- |
| പ്രവർത്തനക്ഷമതാ ഓഡിറ്റ് | - | 2013-14 | 5-2 | തദ്ദേശഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും | ടി |

| | | | | | |
|---|---|---|---|---|---|
| വിഷയാധിഷ്ഠിത അവലോകനം-2015-16 | 2 -1 | 2016-17 | അനുബന്ധം - 5 | തൊഴിൽ നികുതി 2015-16 | ടി |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 129493201 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 115339580 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 72203 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12091613 |

(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-19 | | 39687 | ശ്രീമതി രമാദേവി.വി. അസി. എഞ്ചിനീയർ |
| 3-20 | | 5046 | 3496-ശ്രീമതി രമാദേവി.വി. അസി. എഞ്ചിനീയർ 1550-സുജിത്.എസ്, അസി. എഞ്ചിനീയർ |
| 3-31 | | 27470 | ശ്രീമതി ശോഭ.ടി. പ്രിൻസിപ്പാൾ.GHSS |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 49,00,000/- | ശ്രീമതി വിജയലക്ഷ്മി. വി, സെക്രട്ടറി |
| 3-8 | 916377 | ശ്രീമതി രമാദേവി. വി<br>അസി. എഞ്ചിനീയർ |
| 3-9 | 60010 | ശ്രീ സനിൽ. എസ്<br>സെക്രട്ടറി |
| 3-16 | 1218813 | സെക്രട്ടറി |
| 3-23 | 14064+ | ശ്രീമതി രമാദേവി. വി |

| | | |
|---|---|---|
| | 50834 | അസി. എഞ്ചിനീയർ<br>സുജിത്.എസ്,<br>അസി. എഞ്ചിനീയർ |
| 3-32 | 292974 | ടി |
| 3-17 | 43125 +<br>15000 | ശ്രീ സനിൽ. എസ്<br>സെക്രട്ടറി<br>ശ്രീമതി വിജയലക്ഷ്മി. വി<br>സെക്രട്ടറി |
| 3-28 | 2054630 | 1280233-<br>ശ്രീമതി രമാദേവി. വി<br>അസി. എഞ്ചിനീയർ<br>774397-സുജിത്.എസ്,<br>അസി. എഞ്ചിനീയർ |
| 3-27 | 248908 | ശ്രീമതി രമാദേവി. വി<br>അസി. എഞ്ചിനീയർ |
| 3-30 | 21938 | ശ്രീ സനിൽ. എസ്<br>സെക്രട്ടറി |
| 3-39 | 2200000 | ശ്രീമതി വിജയലക്ഷ്മി. വി<br>സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-8 | 12861 |
| 3-22 | 14064 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സനിൽ. എസ്<br>സെക്രട്ടറി | സെക്രട്ടറി, പന്തളം നഗരസഭ | ശ്രീനന്ദനം, കല്ലുംമൂട്,<br>കായംകുളം - 690502 |
| ശ്രീമതി വിജയലക്ഷ്മി. | സൂപ്രണ്ട്, ചെർപ്പുളശ്ശേരി | ശ്രീലക്ഷ്മി, കാരേക്കാട്, |

| | | |
|---|---|---|
| വി<br>സെക്രട്ടറി | നഗരസഭ | ഷൊർണ്ണൂർ |
| ശ്രീമതി. രമാദേവി. വി<br>അസി.എഞ്ചിനീയർ | അസി.<br>എഞ്ചിനീയർ,<br>പെരുമാട്ടി<br>ഗ്രാമപഞ്ചായത്ത് | സൗപർണ്ണിക,<br>പറച്ചിരിക്കാട്,<br>കളപ്പെട്ടി (പി.ഒ),<br>കുഴൽമന്ദം, പാലക്കാട്<br>678702 |
| ശ്രീ. സുജിത്.എസ്,<br>അസി. എഞ്ചിനീയർ | അസി.<br>എഞ്ചിനീയർ<br>പഴയകുന്നുമ്മേൽ<br>ഗ്രാമപഞ്ചായത്ത് | സുജി നിവാസ്, KNRA/338,<br>ഇളയിൽ ലെയിൻ, പേട്ട,<br>തിരുവനന്തപുരം-695024. |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ എഫ് പി 11-667/01/11.07.01 | ഫർദർറിമാർക്സ് |
| 1997-98 | എൽ എഫ് പി 12-1512/09/23.08.11 | ഫർദർ റിമാർക്സ് |
| 1999-00 | എൽ എഫ് പി 8-843/04/3.12.2004 | ഫർദർ റിമാർക്സ് |
| 2000-01 | എൽ എഫ് പി 12-1016/06/8.04.14 | ഫർദർ റിമാർക്സ് |
| 2001-02 | എൽ എഫ് പി 12-85/10/28.10.10 | ഫർദർ റിമാർക്സ് |
| 2002-03 | എൽ എഫ് പി 12-662/11/7.06.11 | ശുദ്ധിപത്രം |
| 2003-04 | എൽ എഫ് പി 8-507/09/11.05.10 | ഫർദർ റിമാർക്സ് |
| 2004-05 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2005-06 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2006-07 | എൽ എഫ് പി 12-534/11/14.05.12 | ഫർദർ റിമാർക്സ് |
| 2007-08 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2008-09 | എൽ എഫ് പി 12-1726/12/3.04.13 | ഫർദർ റിമാർക്സ് |
| 2009-10 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2010-11 | എൽ എഫ് പി 12-1518/13/19.03.14 | ഫർദർ റിമാർക്സ് |
| 2011-12 | എൽ എഫ് പി 12- | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| | 2362/14/15.05.15 | |
| 2012-13 | എൽ എഫ് പി 12-227/15/07.06.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14,2014-15 | നം.എൽ.എഫ്. കെ.എസ്.എ-പികെഡി12/42/2016/21-3-16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ-പികെഡി12/134/2017/4-4-2018 | ഫർദർ റിമാർക്സ് |
| 2016-17 | നം.കെ.എസ്.എ-പികെഡി 22/2039/2017/4-8-2018 | ഫർദർ റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചെർപ്പുളശ്ശേരി നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1) വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2) വസ്തുനികുതി, തൊഴിൽ നികുതി (വ്യാപാരികളുടെയും സ്ഥാപനങ്ങളുടെയും), ലേലം, എന്നീ ഡിസിബി ഇനങ്ങൾക്ക് ഡിമാന്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല.

3) കെട്ടിടവാടക, ഡി&ഒ ലൈസൻസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്ററുകളിലെ തുകകൾ (സംക്ഷിപ്തം) വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല,

4) സാംഖ്യയിൽ നിന്നു ജനറേറ്റ് ചെയ്ത പ്രതിമാസ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6) താഴെപ്പറയുന്ന അക്കൗണ്ടുകൾ റീക്കൺസിൽ ചെയ്തിട്ടില്ല.

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നം |
|---|---|---|
| 1 | SBI ICDS | 67354912462 |
| | | |

| | | |
|---|---|---|
| 2 | SBI PLAN | 67354912371 |

8) തൻവർഷ കുടിശ്ശിക തുകകൾക്ക് പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9) റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ 29- Recoveries payable- Other recoveries from employees – (Head: 350200199) ൽ നെഗറ്റീവ് സംഖ്യയാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

# അനുബന്ധം- 2 RECEIPT & PAYMENT STATEMENT, BALANCE SHEET, INCOME & EXPENDITURE STATEMENT

| | | | |
|---|---|---|---|
| Cherpulassery Municipality | | | |
| RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15588679.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2566922.00 |
| 120000000 | Assigned Revenues, Shared Taxes and Compensations | RP-2 | 18500.00 |
| | (BLOCKED) | | |
| 130000000 | Rental income from Panchayat Properties | RP-3 | 46050.00 |
| 140000000 | Fees & User Charges | RP-4 | 4605361.00 |
| 150000000 | Sale & Hire Charges | RP-5 | 186018.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 66964346.00 |
| 171000000 | Interest Earned | RP-8 | 104370.00 |
| 180000000 | Other Income | RP-9 | 300.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 12179284.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 54218.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 40745707.00 |
| 340000000 | Deposits Received | RP-27 | 163400.00 |
| 350000000 | Other Liabilities | RP-29 | 1763365.00 |
| 410000000 | Fixed Assets | RP-31 | 3920.00 |
| 460000000 | Loans, Advances and Deposits | RP-41 | 91440.00 |
| | Grand total | | 145081880.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 6869847.00 |
| 220000000 | Administrative Expenses | RP-11 | 1894186.00 |
| 230000000 | Operations & Maintenance | RP-12 | 2235993.00 |
| 240000000 | Interest & Finance Charges | RP-13 | 131765.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-14 | 39841154.00 |
| 251000000 | Decentralised Plan Programme-Service Sector | RP-45 | 14370023.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-46 | 17464202.00 |
| Page No : 1 | | | |
| 253000000 | Decentralised Plan Programme-Projects not included in | RP-47 | 2940055.00 |
| | Sector Division | | |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 500.00 |
| 350000000 | Other Liabilities | RP-29 | 5344141.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 1590.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 5250.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 4663965.00 |
| 340000000 | Deposits Received | RP-27 | 106000.00 |
| 350000000 | Other Liabilities | RP-29 | 4921196.00 |
| 410000000 | Fixed Assets | RP-31 | 6654807.00 |
| 412000000 | Capital work in Progress | RP-33 | 4601636.00 |
| | | | |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-41 | 3293270.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 29742300.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 145081880.00 |
| Page No : 2 | | | |

| | | | |
|---|---|---|---|
| Cherpulassery Municipality | | | |
| INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 11390501.00 |
| 120000000 | Assigned Revenues, Shared Taxes and Compensations | I-2 | 18500.00 |
| | (BLOCKED) | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2891214.00 |
| 140000000 | Fee & User Charges | I-4(b) | 5193311.00 |
| 150000000 | Sale & Hire Charges | I-5(b) | 186018.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 137905704.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 104370.00 |
| 180000000 | Other Income | I-9 | 1877.00 |
| | Total Income | | 157691495.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14426210.00 |
| 220000000 | Administrative Expenses | I-11(b) | 7532346.00 |
| 230000000 | Operations & Maintenance | I-12(b) | 3350598.00 |
| 240000000 | Interest & Finance Charges | I-13 | 131765.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 97321153.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14 | 9264758.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 16931307.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14 | 2790055.00 |
| | Sector Division | | |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 500.00 |
| | Subsidies | | |
| 272000000 | Depreciation | I-17(a) | 1588447.00 |
| | Total Expenditure | | 153337139.00 |
| | Gross Surplus/ Deficit of income over Expenditure | | 4354356.00 |
| | Gross Surplus/ Deficit of income over Expenditure | | 4354356.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| Cherpulassery Municipality | | | |
| BALANCE SHEET | | | |
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 16003125.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 63704.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 49530348.00 |
| | Total Reserve & Surplus | | 65597177.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 18504471.00 |
| | Total Grants, Contributions for Specific Purposes | | 18504471.00 |
| Loans | | | |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 2207667.00 |
| 341000000 | Deposits Works | B-8 | 2300.00 |
| 350000000 | Other Liabilities | B-9 | 5375354.00 |
| | Total Current Liabilities and Provisions | | 7585321.00 |

| | | | |
|---|---|---|---|
| | TOTAL LIABILITIES | | 91686969.35 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 52595918.00 |
| 411000000 | Accumulated Depreciation | B-11 | -2715508.00 |
| 412000000 | Capital Work in Progress | B-11 | 5146569.00 |
| | Total Fixed Assets | | 55026979.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 3168616.35 |
| 450000000 | Cash and Bank Balance | B-17 | 29742300.00 |
| 460000000 | Loand, Advances and Deposits | B-18 | 3749074.00 |
| | Total Current Assets, Loans and Advances | | 36659990.35 |
| Page No : 1 | | | |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| TOTAL ASSETS | 91686969.35 | | |
| | Page No : 2 | | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്